# ആദ്യാവസാനം

ഹസ്സനലി യു.

ഓർമ്മിക്കാൻ ശക്തി ലഭിച്ച നാൾതൊട്ട് എന്റെ ജീവിതയാത്ര ഞാനാരംഭിച്ചു, യാത്രയുടെ ആദ്യനിമിഷത്തിൽ തന്നെ ഞാനൊരു ശബ്ദം കേട്ടു. കടലിന്റെ ഇരമ്പലാണെന്നാണ് കരുതിയത്. ആ ശബ്ദം പട്ടിണിയുടേതായിരുന്നു. വിശന്നവർ നിറഞ്ഞുനിൽക്കുന്ന ഗോഡൗണുകൾ കുത്തിത്തുറക്കുന്നു! ഭോജനശാലകൾ കയ്യേറുന്നു! മന്ത്രിമന്ദിരങ്ങളാക്രമിക്കുന്നു! വിശപ്പിനാൽ പ്രവർത്തനശേഷിയും ചിന്താശക്തിയും നഷ്ടപ്പെട്ട ഞാൻ അതെല്ലാം കണ്ടുനിന്നു.

അപ്പോഴേക്കും നിറതോക്കുകളുമായി പട്ടാളമെത്തി. എങ്ങിനെയോ കിട്ടിയ ഭക്ഷണം ആർത്തിയോടെ ആമാശയത്തിലേക്കിറക്കുന്നതിനുമുമ്പ് അവരിൽ പലരും നിലത്ത് പിടഞ്ഞുവീണു. ഇത് കണ്ട് മറ്റൊരു കൂട്ടം പ്രതിഷേധക്കാരെത്തി. അവരുടെ അവശേഷവസ്തുവായി ചുവന്ന ചോരയും, കൊടിയും മാത്രം ഭൂമിയിലവശേഷിച്ചു. ആകാശം ശവഗന്ധം ശ്വസിച്ചു. കഴുകൻമാർ താഴ്ന്നു പറന്നു.

നോക്കിനിൽക്കാൻ എനിക്ക് കരുത്തില്ലായിരുന്നു. ഞാനെന്റെ യാത്ര തുടർന്നു. വരണ്ടുണങ്ങിയ ഭൂവിഭാഗങ്ങളിലൂടെ തീകാറ്റേറ്റു സഞ്ചരിച്ചു. പാടങ്ങളിൽ നഗ്നത മറച്ച ചില മനുഷ്യകോലങ്ങൾ കത്തിത്തിളങ്ങുന്ന സൂര്യനെതിരെ നിന്ന് പുളയുന്നു. അവരിൽനിന്ന് പരാജയത്തിന്റെ വിയർപ്പുകണങ്ങൾ വാർന്നൊഴുകി.

എന്റെ യാത്ര അനുസ്യൂതം തുടർന്നു. എത്തേണ്ട സ്ഥലത്തെപ്പറ്റിയോ, സഞ്ചരിക്കുന്ന മാർഗ്ഗത്തെപ്പറ്റിയോ എനിക്കു ബോധമുണ്ടായിരുന്നില്ല. പട്ടിണിയെന്ന വിപത്തിനെതിരെ അതിന്റെ അവസാനത്തിന്നായി പ്രവർത്തിക്കാൻ ആരുമില്ലായിരുന്നു. അതിനാൽ അതിരുകളില്ലാത്ത എന്റെ അസ്വസ്ഥത വിശാലതയിൽ പരന്നു.

കുതിച്ചുപായുന്ന വാഹനങ്ങളിലും ഞാൻ യാത്ര ചെയ്തു. അവക്ക് രാവുപകലുകളെന്ന് വ്യത്യാസമില്ലായിരുന്നു. സിഗ്നൽലൈറ്റുകൾ ചുവപ്പും പച്ചയും നിറത്തിൽ മാറിമാറിത്തിളങ്ങി. മൈലുകൾ പിന്നിട്ടപ്പോൾ പെട്ടെന്ന്. ഏതോ ഒരു സ്റ്റോപ്പിൽവെച്ച് വാഹനത്തിന്റെ ചലനം നിലച്ചു. ഗതാഗതതടസ്സംമൂലം ഞാനിറങ്ങി. മുന്നിൽ കല്ലേറിനാൽ തകർക്കപ്പെട്ട ഒരു വാഹനം നിൽക്കുന്നു. അവിടെയവിടെയായി തകർക്കപ്പെട്ട ചില്ലിൻകഷ്ണങ്ങളും മത്സ്യക്കുട്ടയുടെ വരവും പ്രതീക്ഷിച്ച് ചില പട്ടികൾമാത്രം അവിടെ ഓടിനടന്നു.

തുടർന്നുള്ള എന്റെ യാത്ര കാൽനടയായിരുന്നു. കൊച്ചോളങ്ങൾ സൃഷ്ടിച്ചുകൊണ്ടൊഴുകുന്ന ഏതോ ഒരു നദിക്കരയിൽ ഞാനിരുന്നു. പെട്ടെന്ന് ഒരു ശബ്ദം മുഴങ്ങി. ഞാൻ ശബ്ദം കേട്ട ദിക്കിലെത്തി. അവിടെ ഉയർന്നു നിൽക്കുന്ന ഒരു ബോർഡുണ്ടായിരുന്നു.

"വനനശീകരണം കർശനമായി നിരോധിച്ചിരിക്കുന്നു" തൊട്ടപ്പുറത്ത് വലിയ, തഴച്ചുവളർന്ന, വളർന്നുകൊണ്ടിരിക്കുന്ന മരങ്ങൾ ഭൂമിയിൽ നിർജ്ജീവമായി കിടക്കുന്നു, അരികിൽ ആയുധമേന്തിയ കുറെ മനുഷ്യർ. അവർ മരിച്ചുവീണ മരങ്ങൾ കീറുകയാണോ? മരങ്ങൾ നിലവിളിച്ചില്ല. വീഴ്ച തുടർന്നുകൊണ്ടിരുന്നു. എല്ലാം കണ്ടുകൊണ്ട് ഞാനും, മുന്നറിയിപ്പു ബോർഡും ദൃക്സാക്ഷികളായി.

കായൽകരകളിൽ ഞാൻ കരഞ്ഞുകൊണ്ടിരുന്നു. പുൽമേടുകളിൽ ഉദയംമുതൽ അസ്തമയംവരെ മലർന്നുകിടന്നു. അവിടെ ഞാനൊരു ഭ്രാന്തന്റെ രൂപം പ്രാപിക്കുകയായിരുന്നു. എന്റെ മുടികൾ വളർന്നു, നഖങ്ങളും. തൊലിവലിഞ്ഞുതൂങ്ങി. കാഴ്ചശക്തി കുറഞ്ഞു വീണ്ടും യാത്ര തുടരാനുള്ള എന്റെ ശക്തി ക്ഷയിച്ചു.

മനസ്സിൽ ചിതകളാളിക്കത്തി. യാത്രാവസാനത്തിന്റെ നാളുകളറിയാൻ എനിക്കു തിടുക്കമായി. ജോത്സ്യൻമാരുടെയും ഹസ്തരേഖാ ശാസ്ത്രജ്ഞൻമാരുടെയും പ്രവചനങ്ങൾ കടിഞ്ഞാണില്ലാത്ത യാത്ര ഓതി.

എനിക്കെന്റെ യാത്ര തുടരേണ്ടിവന്നു. കാൽനടയായിട്ടുതന്നെ തിരക്കുപിടിച്ച പട്ടണത്തിലെ നടന്നകലുന്ന നരച്ച ബിന്ദുക്കളിലൊരുവനായി ഞാനലഞ്ഞു. ഉയർന്നുനിൽക്കുന്ന പഞ്ചനക്ഷത്ര ഹോട്ടലിൽനിന്നും കാബറെയുടെ വെറുപ്പിക്കുന്ന സംഗീതം ഉച്ചത്തിൽ കേട്ടു. ക്ഷീണം മാറ്റാൻ ഞാനവിടെ കയറി. കുറച്ചകലെ കാണുന്ന സ്റ്റേജിൽക്കൊണ്ടിരിക്കുന്ന വ്യത്യസ്ത പ്രകാശത്തിൽ സുന്ദരീയുവതികൾ നൃത്തമാടുന്നു. അവർ അർദ്ധനഗ്നരായിരുന്നു. അതിനനുസരിച്ച് കയ്യടിച്ചു പൊട്ടിച്ചിരിക്കുന്ന ചിലർ.

ഞാൻ വേഗമിറങ്ങിനടന്നു. അല്പ ഇഴഞ്ഞു. ചുട്ടുപൊള്ളുന്ന, ഉരുകിയൊലിക്കുന്ന ടാറിട്ട റോഡിലൂടെ, പാദരക്ഷയില്ലാതെ. അരികെ കണ്ട ഏതോ ഗവണ്മെൻറാഫീസിന്റെ മുന്നിലെ ആളൊഴിഞ്ഞ ബഞ്ചിൽ അൽപമിരുന്നു. ഇടക്ക് തുറന്നിട്ട ജാലകത്തിലൂടെ ഞാൻ അകത്തേക്കെത്തിനോക്കി. അവിടെ, ഓഫീസിനുള്ളിൽ, മാനേജരുടെ മുന്നിലെ മേശമേൽ അട്ടിയായി കിടക്കുന്ന നോട്ടുകൾ! ആരോ സ്വന്തം കീശയിൽ നിന്നെടുത്തിട്ടവ!

ഒടുവിൽ ഞാനെന്റെ അന്ത്യയാത്രക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. അപ്പോൾ എനിക്കു ലഭിച്ചത് ഒരു പുൽപായയും കയറുമായിരുന്നു. ഞാനവയുമേന്തിനടന്നു, കുറച്ചകലെ, വിജനതയിൽ കണ്ട ഒറ്റപ്പെട്ട നിൽക്കുന്ന, ഇടിഞ്ഞുവീഴാറായ വീടിനടുത്തേക്ക്. നിശ്ചലമായ വീടിന്റെയകത്ത്, ഒരു മൂലയിൽ ഞാൻ പുൽപായ വിരിച്ചു. അതൽ ചമ്രംപടിഞ്ഞിരുന്നു. മുകളിലേക്കു നോക്കി. അവിടെ അകലങ്ങളിലായി നിൽക്കുന്ന കഴുക്കോലുകൾ. അവയിലേതെങ്കിലുമൊന്നിൽ ഈ കയർ ബലത്തിൽ കെട്ടണം. കയറിന്റെ അറ്റത്ത് ഒരു കുരുക്കിടണം. എന്നിട്ട് ആ കുരുക്കിൽ എന്റെ കഴുത്തിടണം. അങ്ങനെ കുരുക്ക് മുറുകും. അപ്പോൾ എല്ലാം അവസാനിക്കും, ഈ ജീവിതവും ഈ യാത്രയും.

അകലെ സൂര്യനസ്തമിക്കാൻ മിനുറ്റുകൾ മാത്രം. ഇന്ന് സൂര്യന്റെയും എന്റെയും അസ്തമയം ഒന്നിച്ചാവും. അങ്ങനെ കയർ എന്നെ സ്വീകരിച്ചു, കയർ എന്നെയും. പുറത്ത് ഒരു ദിവസത്തിന്റെ അവസാനമെന്നോണം ഒരു രക്തഗോളം കടലിൽ പതിച്ചു.

# അടിമത്തത്തിന്റെയും ആത്മബന്ധത്തിന്റെയും കാലം

— അബ്ദുൾ ബഷീർ കെ. കെ

ഒരു പററം മൂട്ടകൾ അവ എന്നിൽ വാസമുറപ്പിച്ചിട്ട് ഇന്നേക്ക് ഇരുപത്തിയാറ് വർഷങ്ങളായി. എന്റെ സ്വപ്നങ്ങൾക്ക് കറുത്ത നിറം പകരുന്നു. അവ എന്റെ ഉററ തോഴരായി ഇരുപത്തിയഞ്ച് ഗ്രീഷ്മങ്ങൾ എന്നോടൊപ്പം പിന്നിട്ടിരിക്കുന്നു. അവയുടെ പാദസ്പർശനം എന്റെ മയക്കത്തിൽ മാതൃലാളനമായി എന്നെ തലോടിയുറക്കുന്നു. എന്റെ രക്തത്തിന്റെ രുചി അവയെ ഞാനുമായി ബന്ധിച്ചുനിർത്തുന്നു.

ഇന്നേക്ക് ഏതാണ്ട് ഇരുപത്തിയാറ് കൊല്ലങ്ങൾക്കുമുമ്പ് കൃത്യമായി പറഞ്ഞാൽ 1957 മാർച്ച് മാസത്തിലെ മകം നക്ഷത്രത്തിൽ! അന്നാണ് അവ എന്നെയും തേടിഎത്തിയത്. മീനമാസത്തിലെ കൊട്ടുംചൂടേററ് ഉറങ്ങുന്ന നഗരമദ്ധ്യത്തിൽ വണ്ടിയിറങ്ങുമ്പോൾ അവയും എന്നോടൊപ്പം ഉണ്ടായിരുന്നു. എന്റെ സഹയാത്രികരാണെന്ന് വേണം അവയെ കരുതാൻ. യുഗാന്തരങ്ങളോളം എനിക്ക് അവയുമായി ഗാഢമായ ബന്ധം ഉണ്ടായിരുന്നു. ഒരുപക്ഷെ എന്റെ പൊക്കിൾകൊടിയേക്കാൾ ബന്ധം എനിക്കവയോട് ഉണ്ടായിരിക്കണം.

ഞാൻ അവയെ ഇഷ്ടപ്പെട്ടിരുന്നില്ല എന്നത് സത്യം. എന്റെ അനുവാദമൊ സമ്മതമോ ഇല്ലാതെ അവയെന്നെ കടന്നാക്രമിച്ചു. എന്റെ ശരീരത്തിലൂടെ. മൂക്കിനുൾഭാഗത്തുകൂടെ എന്റെ മൂക്കിനിഴകളിലൂടെ, എന്റെ തലനാരിഴകളിലൂടെ വിജയോന്മത്തരായി അവ പാഞ്ഞുനടന്നു. ഞാൻ ഇരുട്ടിലേക്ക് തല പൂഴ്ത്തുമ്പോൾ അവതാളവും വിട്ടുണർന്നു. എന്റെ ശരീരം രാത്രിയിൽ അവയുടെ ഇരയായി. ഇരുളിന്റെ മാറിനെ സൂര്യരശ്മികൾ വെട്ടിപ്പിളർക്കുമ്പോൾ, താങ്ങി ഇഴഞ്ഞകന്നു.

പകൽ മുഴുവൻ ജോലിചെയ്തു തളർന്ന എന്റെ തണുത്ത രക്തത്തിൽ അവ അഗ്നി വിതച്ചു. എന്റെ മനസ്സിലെ മൺപുററുകൾക്ക് നേരെ അവ കല്ലെടുത്തെറിഞ്ഞു. ഞാൻ സുഷുപ്തിയിൽ മുഴുകുമ്പോൾ അവ എന്നെ 'ഉറിഞ്ചി'ക്കുടിച്ചു. രാപ്പകൽ അധ്വാനിച്ചുണ്ടാക്കിയ എന്റെ രക്തം! തണുത്ത വെള്ളം വലിച്ചുകുടിക്കുന്നതുപോലെ, ഞാൻ വിശ്രമിക്കുമ്പോൾ അവയത് മൊത്തിക്കുടിച്ചു. ഞാൻ നിസ്സഹായനായിരുന്നു. എന്റെ നിസ്സഹായത എന്നെക്കാളാദ്യം ബോദ്ധ്യപ്പെട്ടത് അവയ്ക്കായിരുന്നിരിക്കണം! എന്റെ പോക്കററിന്റെ മൂലയിൽതന്നെ അവ അടയിരിക്കുവാനുള്ള കാരണം, അതാണല്ലോ?

പലതവണ ഞാനവയെ എതിർത്തുനോക്കി. എന്റെ മരവിച്ച ചിന്തയിലൂറിയ കെണികൾ ഞാനവയ്ക്കായി ഒരുക്കിവെച്ചു. പക്ഷേ അവയതിൽനിന്നെല്ലാം തന്ത്രപൂർവ്വം രക്ഷപ്പെടുകയായിരുന്നു. എന്റെ സംഘടനാബോധമുണർന്നത് ആയിടയ്ക്കാണ്. ആ നഗരത്തിൽ എന്നെപ്പോലെ രക്തദാനത്തിന് നിർബ്ബന്ധിതരായവർ നിരവധിയുണ്ടായിരുന്നു, ഞാൻ അവരെ ചെന്നുകണ്ട് ഘോരഘോരം പ്രസംഗിച്ചു. അവരുടെ വരണ്ട കണ്ണുകൾ അഗ്നിക്കിരയായി. പലർക്കും അവശേഷിച്ചിരുന്ന മഞ്ഞരക്തം തിളച്ചുമറിയാൻ തുടങ്ങി. അവയുണ്ടാക്കിയ അലകളിൽ ഞങ്ങളുടെ ശത്രുക്കളുടെ അസ്തിത്വം ഇളകിയാടിയിരിക്കണം!

—അങ്ങിനെ ഞങ്ങൾക്കും ഒരു സംഘടനയുണ്ടായി. രാത്രിയുടെ നിശ്ശബ്ദതയിൽ ഞങ്ങളൊത്തുകൂടി. കൊതുകുകൾ വട്ടമിട്ട് പറക്കുന്ന ഓവുചാലുകളുടെ കരയിലിരുന്ന് ഞങ്ങൾ ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്തുറപ്പിച്ചു. പാർശ്വങ്ങളിൽ മലവിസർജ്ജനം നടത്തുന്നവർക്കിടയിലിരുന്ന് ഞങ്ങൾ മാനിഫെസ്റ്റോയ്ക്ക് അന്തിമരൂപം നൽകി. 'ജനറൽബോഡിയും' 'എക്സിക്യൂട്ടീവും' വിളിച്ചുകൂട്ടി. അങ്ങിനെ ഞങ്ങളിൽ ചിലരും നേതാക്കളായി. അവരുടെ പോക്കററിലും പാദസരങ്ങൾ കിലുങ്ങാൻ തുടങ്ങി! എന്നാൽ അപ്പോഴും ഞങ്ങളുടെ പോക്കററിൽ അവ അടയിരിപ്പുണ്ടെന്ന വിവരം ഞങ്ങളറിഞ്ഞിരുന്നില്ല!

ഒരു ദിവസം വളരെ സന്തോഷത്തോടുകൂടിയാണ് ഞങ്ങളേവരും പിരിഞ്ഞത്. കട്ടിലിൽ എത്തിയ ഞാൻ ഒററയെണ്ണത്തേയും കാണാഞ്ഞ് ആശ്വസിച്ചു. ഒരുപക്ഷേ ഞങ്ങളുടെ സംഘടിത ശക്തി അവക്ക് മനസ്സിലായിക്കാണും! ഇന്നെങ്കിലും സുഖമായി ഉറങ്ങാമല്ലോ എന്ന ചിന്ത എന്നെ കൂടുതൽ സന്തുഷ്ടനാക്കി. പക്ഷേ ഉറക്കത്തിന്റെ നീലക്കയങ്ങളിൽ സ്വപ്നത്തിന്റെ നീർക്കുമിളകൾ പൊട്ടിയകന്നപ്പോൾ കണ്ട കാഴ്ച! അതെന്നെ അക്ഷരാർത്ഥത്തിൽ തളർത്തിക്കളഞ്ഞു.

പരശ്ശതം മൂട്ടകൾ എന്റെ ശരീരം മുഴുവൻ കൈയടക്കിയിരിക്കുന്നു. ഉദരഭാഗത്ത് താവളമടിച്ചവയിൽ ചിലത് പൊക്കിളിലൂടെ അകത്ത് കടക്കാനുള്ള ശ്രമത്തിലാണ്. അവയുടെ കരുത്തിൽ നിസ്സഹായനായ ഞാൻ കണ്ണുമടച്ച് എല്ലാം അനുഭവിക്കാൻ തയ്യാറായി. അപ്പോഴും എന്റെ കാതിൽ ഞങ്ങളുണ്ടാക്കിയ മാനിഫെസ്റ്റോയിലെ വാചകങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. എന്റെ മനോമണ്ഡലത്തിൽ ഞങ്ങൾ വിഭാവനം ചെയ്ത പതാക പാറിയുലഞ്ഞു. സ്വപ്നത്താൽ ആവേശഭരിതനായ ഞാൻ ഒരുവിധം അവയെ തള്ളിമാററി എഴുന്നേററു. വളരെ പണിപ്പെട്ട് ബെഡ്റൂം ലാമ്പിന്റെ സ്വിച്ചമർത്തിയ ഞാനതുകണ്ട് മരവിച്ചുനിന്നു. ഞങ്ങളന്ന് രൂപകല്പന ചെയ്ത അതേ കൊടിക്കൂറയും പുതച്ചുകൊണ്ട് എന്നെ കുത്തിമലർത്തുന്ന പതിനായിരങ്ങൾ! ഞങ്ങളുടെ ആവേശമായ ആ നിറത്തിന്റെ മറയിലിരിക്കുന്ന അവയെക്കണ്ട് ഞാൻ തളർന്നിരുന്നുപോയി.

ഇന്നു അവയെ തുരത്തുക അസാദ്ധ്യമാണെന്ന് എന്റെ ബോധമണ്ഡലം എന്നെ ഉപദേശിക്കുന്നു. അവയും എന്റെ കൂടപ്പിറപ്പുകളാണെന്ന ഉന്നതചിന്ത എന്നെ സ്വസ്ഥനാക്കുന്നു. ഇന്നെന്റെ സിരകളിലൂടെ അവയുടെ സ്വേദാണുക്കൾ നിർബാധം സഞ്ചരിക്കുകയാണ് അവയുടെ ഞരമ്പുകളിൽ പെററ് പെരുക്കുന്നത് എന്നിലെ അണുരക്താണുക്കളാണ്. അങ്ങിനെ ഞങ്ങൾ തമ്മിൽ ഒരു രക്തബന്ധം ഉടലെടുത്തിരുന്നു. ഇന്ന് ഞാൻ, ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴും അവററകൾ എന്റെ രക്തം ഊററിക്കുടിക്കുന്നു. അതും നിർഭയത്തോടുകൂടി. ഇന്നെന്റെ ചിന്തയിൽ അഗ്നിനാളുകളുയർത്താൻ അവക്ക് കഴിയാറില്ല. ഞാൻ പുളകമണിയുന്നു. എത്രകാലം?

# അലയുന്ന ആത്മാവ്

—ശുഭ കെ. പി.

അയാൾ എന്നും സ്വപ്നങ്ങളുടെ സന്തതസഹചാരിയായിരുന്നു. പലപ്പോഴും സ്വപ്നങ്ങളുടെ മായാലോകത്ത് അലിഞ്ഞില്ലാതാകുമ്പോഴും, അകാരണമായ ഒരു ഭയം അയാളിൽ പടർന്നുകയറി. ഒരു പക്ഷെ അത് അകാരണമോ, അസ്ഥിരമോ അല്ലായിരിക്കാം. എന്തായാലും അയാൾക്കതറിയില്ല.

തന്റെ പഞ്ചവർണ്ണക്കിളിയുടെ, തനിക്കുവേണ്ടിമാത്രം സപ്തസ്വരങ്ങളുടെ മായികച്ചെപ്പ് തുറക്കുന്ന അവളുടെ അന്തഃസത്തയെ പുനഃസൃഷ്ടിക്കാനായി വഴികളാരാഞ്ഞ അയാൾക്ക് അയ് ഒരു യുഗത്തിന്റെ തന്നെ പ്രതീകമായി നിലനില്പുമെന്ന സത്യം അറിയാൻ കഴിഞ്ഞില്ല.

എങ്കിലും അയാളതിനു് ചിറകും, തൂവലും നൽകി. അങ്ങിനെ യാഥാർത്ഥ്യബോധം കൈവന്നപ്പോൾ അതിന്റെ ഞെട്ടലിൽ തകരാതിരിക്കാനായി അയാൾ ശ്രമിച്ചു.

അതോടെ അയാൾ കരഞ്ഞു. രാത്രിയുടെ അന്ത്യയാമങ്ങളിൽ ശാന്തതയുടെ പരിവേഷത്തിൽ അയാൾ വിങ്ങി, വിങ്ങിക്കരഞ്ഞു.

കണ്ണുനീർ ഉറവകളായി, കവിളിലൂടെ ഒലിച്ചിറങ്ങി നിലത്തുവീണ പൊട്ടിച്ചിതറി. കരഞ്ഞു കരഞ്ഞ് ആ ഓരോ കണികയിലും കണ്ണുനട്ടിരുന്നപ്പോൾ അയാൾ കണ്ടു. തന്റെ പഞ്ചവർണ്ണക്കിളിയുടെ അകക്കാമ്പ്.

അതോടെ അയാൾ മാററത്തിന്നടിമപ്പെട്ടുകഴിഞ്ഞിരുന്നു. ഒരു ശിശുവിനെയെന്നവണ്ണം ആ പ്രതിച്ഛായ അയാളെ സ്തബ്ധനാക്കി.

മേശപ്പുറത്തെ കണ്ണാടി വലിച്ചെടുത്ത് അയാൾ നോക്കി കണ്ണിമക്കാതെ, വീണ്ടും, വീണ്ടും—'വിശാലമായ മിഴികൾ, നീണ്ട മൂക്ക്. ചെറിയ ചുണ്ട്'

ആകെ വിഷാദനിമഗ്നമായ ഒരു മുഖം അതിൽ തന്റെ പഞ്ചവർണ്ണക്കിളിയുടെ ഹൃദയലാവണ്യം ദർശിച്ച അയാൾക്ക് തെററി.

ബാഹ്യസൗന്ദര്യത്തിന്റെ ചട്ടക്കൂട് വലിച്ചെറിഞ്ഞ്. ഉണർന്ന അവളുടെ രൂപമായിരുന്നു. അയാളുടെ ലക്ഷ്യം. പക്ഷെ അവസാനം അയാൾക്കും തെററു പററി. മറെറല്ലാവരേയും പോലെ.

അന്നയാൾ നാലുചുമരുകളുടെ ബന്ധനത്തിൽ വീർപ്പുമുട്ടി. അടഞ്ഞ വാതിൽ പ്രാണവായു ലഭിക്കാതെ പുളഞ്ഞു. അത് ഒരു സാധാരണസംഭവമായതിനാൽ ആരും, ഒന്നും അന്വേഷിച്ചില്ല. പെട്ടെന്നുള്ള തിരോധാനം അയാളുടെ ജീവിതത്തിൽ പുതുമയല്ലായിരുന്നുവെന്ന് അവൾക്കറിയാം.

എല്ലാം മറന്ന്, തന്നെത്തന്നെ മറന്ന് അയാൾ വരച്ചു. തന്റെ രൂപം.......തന്റെ പുതിയ രൂപം.

വർണ്ണങ്ങളുടെ മായികലോകത്തിൽ അതിനു തന്റെ സായൂജ്യം കണ്ടെത്താനായില്ല.

അപൂർണ്ണമായ ആ രൂപം

വർണ്ണങ്ങൾക്ക് അവസാനമില്ലെന്നു് കണ്ട് അയാളുടെ വിരൽത്തുമ്പുകൾ തളർന്നു.

അത് ആലസ്യപൂരിതമായ ഒരു മയക്കത്തിന്റെ ആരംഭമാണെന്നു് അയാൾ അറിഞ്ഞിരിക്കാനിടയില്ല. ഉണ്ടെങ്കിൽ അയാൾ അതിനെ തടയാൻ ശ്രമിച്ചിരുന്നേനെ.

രാത്രിയുടെ ആരഹസ്യങ്ങളിൽനിന്നും രക്ഷപ്പെട്ട് ഓടിവരുന്ന പുലരിയുടെ ആശ്വാസത്തിമർപ്പിന്റെ വെളിച്ചത്തിൽ അയാൾ ഉണർന്നു. നഷ്ടപ്പെട്ട സമയത്തെ പഴിച്ച് എഴുന്നേററപ്പോൾ തലയുടെ പുതിയ ഭാരം അയാളറിഞ്ഞു.

ഒരു നിമിഷം...., തന്റെ ഛായ കണ്ട അയാൾ ഞെട്ടിവിറച്ചു.

തന്റെ സുന്ദരമായ മീശ, തന്റെ ഓമനത്താടി എല്ലാം എനിക്കുനഷ്ടപ്പെട്ടിരിക്കുന്നു. എല്ലാം........

പകരം കറുത്തിരുണ്ട, നീണ്ട തലമുടി.

എന്തൊരു വൈജാത്യം. ആ വൈജാത്യത്തിൽ അയാൾ ദുഃഖിതനായി. ആ ദുഃഖം മറക്കാനായി, തന്റെ പ്രതിരൂപത്തെ സൃഷ്ടിച്ച്, അതിനു് ഊട്ടും, പാവും നൽകി അയാൾ സാഫല്യമടയാൻ ശ്രമിച്ചു. പക്ഷെ യാഥാർത്ഥ്യം അതിനെ കീഴ്പെടുത്തിയപ്പോഴും, അയാൾക്കതറിയാനുള്ള കരുത്തുണ്ടായിരുന്നില്ല.

അത്തരം ഓരോ നിമിഷത്തിലും അയാൾ വീണ്ടും മാററങ്ങൾക്കു് വിധേയനാകുകയായിരുന്നു. അങ്ങിനെ അയാൾ പുറംലോകത്തെ മറക്കാൻ പഠിച്ചു.

അങ്ങകലെ, നിഴലും. വെളിച്ചവും ഒളിച്ചുകളിക്കുന്നിടത്ത് ഒരു തറവാട്,–അവിടെ അയാൾക്കുവേണ്ടി മാത്രം പാടിപ്പാടി തളർന്നുവീണ് ജീവൻ ബലിയർപ്പിച്ച ഒരു പഞ്ചവർണ്ണക്കിളി.

ആ ഗാനവീചി അയാളുടെ കർണ്ണപുടങ്ങളിൽ വന്നലച്ചപ്പോഴും. വൈകിവന്ന അയാളുടെ ഏററവും വലിയ ദൗർബല്യമായിരുന്ന അവളുടെ ചരമവാർത്ത ശ്രമിച്ചപ്പോഴും നിസ്സംഗനായിരുന്നയാൾ വരച്ചു.

പക്ഷെ, ആ വിഷാദനിമഗ്നമായ മുഖം അപൂർണ്ണമായിത്തന്നെ അവശേഷിച്ചു. പൂർണത കൈവരിക്കുന്നതിനു മുമ്പുതന്നെ അയാൾ അതിനു് നാമകരണം ചെയ്തു.

'അലയുന്ന ആത്മാവ്'

അയാളുടെ തത്വശാസ്ത്രത്തിന്റെ ഒരു വശം.

അതിന്റെ വെളിച്ചത്തിൽ അയാൾ കണ്ടെത്തി.

'അയാളുടെ രൂപം അയാൾക്കുതന്നെ അന്യമായിരിക്കുന്നു'

ആ രൂപവൈജാത്യം അയാളിൽ ഉളവാക്കിയ ദുഃഖം, അപ്പോഴത്തെ അയാളുടെ മനശ്ശോഭയിൽ വിലയം പ്രാപിച്ചു. ആ പ്രകാശധോരണിയാൽ പരിവേഷിതനായ അയാൾ സംസാരലോകത്തെ വിസ്മരിച്ച് സ്വന്തം ജോലിയുടെ ഖനിയിലേക്കിറങ്ങി.

പൂർണ്ണമാക്കാൻ കഴിയാത്ത സ്വന്തം രൂപം. തന്റെ ആഗ്രഹം. അദമ്യമായ ആ അഭിലാഷം കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ഓടിയകന്നപ്പോൾ അയാൾ മനസ്സിലാക്കി.

താൻ താനല്ലാതായിത്തീർന്നിരിക്കുന്നു. തന്റെ അന്തഃസത്ത തനിക്ക് കൈമോശം വന്നിരിക്കുന്നു. ആ അറിവ്, അത് അയാളെ തളർത്തി.

അപൂർണ്ണമായ ചിത്രം. കാൻവാസിന്റെ അതിർവരമ്പുകൾക്കിടയിൽക്കിടന്ന് വീർപ്പുമുട്ടുന്ന രൂപം. ആ തളർച്ചയിലും കണ്ണുകളടക്കിനിന്നപ്പോൾ—

ആ ചെറിയ ചുണ്ടുകൾ വിതുമ്പുന്നുവോ? ആ ഉടയാടകൾ, ആ കൈകൾ, ആ കാലുകൾ, ആ ശരീരം ചലിക്കുന്നുവോ? താൻ സ്വപ്നത്തിലാണോ? അല്ല, അല്ല........

തിരിച്ചറിവു ലഭിച്ചപ്പോഴേക്കും കണ്ണുകൾ ഇറുക്കിയടച്ചിരുന്നു.

മുഖത്തിനു നേരെ വിരൽചൂണ്ടി അവൾ ആക്രോശിച്ചു "എവിടെ എന്റെ പുല്ലാങ്കുഴൽ, തരൂ, എനിക്കുതിരിച്ചുതരൂ, നിങ്ങൾക്കുവേണ്ടി മാത്രം പാടി ബലിയാടായിത്തീർന്ന എനിക്ക് മോചനം വേണം......."

അതിന്റെ അനുബന്ധം ശ്രവിക്കാൻ കരുത്തില്ലാതെ അയാൾ ആ കൈകളിൽ തളർന്നു വീണു.

അതോടെ, അവൾ തന്റെ പ്രിയപ്പെട്ട പുല്ലാങ്കുഴൽ കണ്ടെത്തിയിരുന്നു. ഭ്രാന്തമായ ആവേശത്തോടെ അവളതിൽ ചുണ്ടമർത്തി. അങ്ങിനെ അയാൾ തന്റെ സാഫല്യം കണ്ടെത്തി എന്നു പറയാമോ?

അവ്യക്തമായ രൂപങ്ങൾ, ഉയിർത്തെഴുന്നേൽപ്പിന്റെ ഗാനവും പാടി അയാളിൽ അലിഞ്ഞുചേർന്നു.

ആ രൂപം..........ആ ആത്മാവ്.......അതു തന്റെ പഞ്ചവർണ്ണക്കിളിയുടേതാണ്, അതവളുടെ പുല്ലാങ്കുഴൽ നാദമാണ്.

അജ്ഞതയുടെ അന്ധകാരത്തിലുഴറിയ അയാളുടെ അവസാനത്തെ അറിവ് അതായിരുന്നു.

# എന്നിട്ടും പുഴയൊഴുകുന്നു!

ഉഷസ്സിൻ ചെമ്പകപ്പൂ—
വനത്തിൽ നിന്നു ദൂരെ—
യന്തിതൻ തെച്ചിപ്പൂക്കൾ
വിരിയും വനികയിൽ
മധുരം നുകരുവാന—
നലയും ശലഭമായ്
പകലോൻ മറയവെ
കരയുന്നെന്തേ ധാത്രീ?
വഴിയമ്പലങ്ങളിൽ
പാഥേയമുണ്ണുവാനും,
കരളിൽ കിനാവുമാ—
യുറങ്ങിയുണരാനും,
കഴിയാതുഴലുന്ന
പാന്ഥനായ് പാവം കാലം
തളർന്ന മനസ്സുമായ്
വിതുമ്പിക്കരയവെ
അന്തിതൻ പൂക്കൾ വാടി
കടലിൽ വീഴുകയായ്!
അന്ധകാരത്തിൽ വീണു
പ്രപഞ്ചം പിടസ്സുയായ്!
കടൽത്തീരത്തെ വെള്ള—
മണലിൻ സ്വപ്നങ്ങളെ
തഴുകും തിരകള—
ന്നെന്തിനോ പാടീ ഗീതം!
കരയുമാത്മാവിലെ
മൃദുലതന്ത്രികളിൽ
കദനമുണർത്തിടും
വിഷാദാത്മഗീതം!
ചിന്തകൾ—ഗരുഡന്മാ—
രുയർന്നു പറക്കയായ്
ദുരന്തം വിഴുങ്ങിയ
ഗ്രാമത്തെ ഞാനോർക്കയായ്......
നദിയെൻ ഗ്രാമത്തിന്റെ
പുളകമായിരുന്നു;
അവളെൻ കിനാക്കൾത—
ന്നുറവയായിരുന്നു.
പവിഴവയലുകൾ
തന്നതന്നവളല്ലോ
ഇളനീർക്കുടങ്ങളിൽ
നിറഞ്ഞതവളല്ലോ...
ചെറിയ മാടങ്ങളിൽ
വലിയ പ്രതീക്ഷകൾ
നർത്തനം ചെയ്തുവല്ലോ
രാപ്പകലുകൾ നീളെ
മണ്ണുകൊണ്ടപ്പം ചുട്ടു
കളിക്കും കരുമാടി—
പ്പൈതങ്ങൾക്കവളന്നു
ദേവിയായിരുന്നല്ലോ
കങ്കണമണിഞ്ഞുള്ള
കൈയ്യുകൾ കിലുക്കിയും
ചിലങ്കയണിഞ്ഞൊരു
പാദങ്ങളിളക്കിയും
ഒഴുകിയവളന്നു
മന്ദമായ് കഷ്ട! മിന്നോ?
കരയും കിനാക്കളെ
തഴുകിയുറക്കുന്നു!
ഹരിതവയലുക—
ളുണങ്ങിക്കരിഞ്ഞുപോയ്!
കരിക്കുപിറക്കും മു—
മ്പുണങ്ങിക്കൊഴിഞ്ഞുപോയ്!
ചെറിയ മാടങ്ങളിൽ
ചത്തുപോയ് പ്രതീക്ഷകൾ!
ഈർക്കിലിൻ പേക്കോലമായ്
കരുമാടികളെല്ലാം!... ...
ഇന്നവർക്കില്ല കാലിൽ
ചിരിക്കും ചിലങ്കകൾ
കങ്കണങ്ങളില്ലല്ലോ
കൈകളിൽ കഥയോതാൻ
അവൾ തൻ ചാരിത്ര്യത്തെ
കെടുത്തി നദീതീര—
ത്തുയർന്ന കരിംഭൂത
നഖങ്ങൾ മന്ദം മന്ദം.
രുധിരമൊഴുകിയ
സിരകൾ തോറും വിഷ—
മൊഴുക്കിയവളിന്നു
കണ്ണുനീരുമായ് നിൽപ്പൂ!!

**കെ. വി. ശബരിമണി**

# ഏഴാംമുദ്ര പൊട്ടിച്ചൊരു ചലച്ചിത്രകാരൻ

**വേലായുധൻ കെ.**

അശനിപാതംപോലെ ആഞ്ഞുപതിക്കുന്ന മരണവും കീഴടങ്ങാൻ കൂട്ടാക്കാത്ത മനുഷ്യന്റെ ചെറുത്തു നിൽപ്പും തമ്മിൽ പ്രകൃതിയിൽ തുടർന്നു പോരുന്ന സംഘർഷം, മിഥ്യയുടെ സൗമ്യകിരണവും സത്യത്തിന്റെ തീക്ഷ്ണപ്രഭാവവും മാറി മാറി ഇണക്കി വിളക്കി, സ്വീഡിഷ് ചലച്ചിത്ര സംവിധായകനായ ഇർഗ്മാൻ ബർഗ്മാൻ 'ഏഴാം മുദ്ര' (seventh seal) എന്ന സൃഷ്ടിയിലൂടെ അനശ്വരത കൈവരിച്ചിരിക്കുന്നു.

തെരുവുനാടകത്തിന്റെയും. തിയ്യേററിന്റെയും ശക്തമായ സ്വാധീനം സിനിമയിലുടനീളം പ്രതിബിംബിക്കുന്നുണ്ട്. 'ഏഴാം മുദ്രയിൽ' ദൃശ്യകാവ്യ സരണിയുടെ എല്ലാ അർത്ഥതലങ്ങളെയും കോർത്തിണക്കിയിരിക്കുന്ന ബർഗ്മാൻ. ഈ സംഭാഷണത്തിലൂടെയും, പാശ്ചാത്തലത്തിലൂടെയും ദാർശനിക പരിവേഷമണിയിക്കുന്ന ഭാവതലങ്ങൾ കണ്ടെത്തുകയാണ് ഏഴാം മുദ്രയിലൂടെ മഹാനായ ചലച്ചിത്രകാരൻ. ഇബ്സന്റെ കാവ്യബിംബങ്ങളും ബിഥോവന്റെ സംഗീതാത്മകതയും, യൂജിൻ ഓനിലിന്റെ വൈരുദ്ധ്യ ദർശനവും, ക്രിസ്ത്യൻ മിത്തുകളിൽ ഉറഞ്ഞു കിടക്കുന്ന പാരമ്പര്യാനുഷ്ഠാനങ്ങളും സ്തോഭജനകവും ഉത്തേഗജനകവുമായ മനസ്സുകളുമായി മിഴികളുമായി നമ്മെ ഉണർത്തി വിടുന്ന ചിന്തകൾ മാത്രമാണ് ഏഴാംമുദ്രയിലെ മുഖ്യ മുഖകമലലേപനങ്ങൾ.

മററ് പാശ്ചാത്യ സിനിമയിലെ അലർജിബാധ — (വിതാനം ചെയ്യുന്ന ഫ്രെയിമുകളുടെ സന്നി വേശതകൾ ഓരോ ഷോട്ടിന്നൊപ്പവും പ്രേക്ഷകനെ കൂട്ടിക്കൊണ്ടു പോവുക, ആകർഷണത്തിനു് വേണ്ടിയുള്ള സ്റ്റൈലൈസേഷൻ) കണ്ടുമടുത്ത പ്രേക്ഷകനു് ഇതൊരു പുതിയ അനുഭൂതിയായിരിക്കും. അതിലൂടെ തുറന്ന മനസ്സുമായി ഒരു പുതിയ അവബോധത്തിലേക്കുള്ള പ്രയാണമാണ് ഏഴാംമുദ്ര നമ്മെ നയിക്കുന്നത്.

ജോഫ് കുടുംബത്തിലേക്ക് അൻറണിയോസ് ബ്ലോക്കും ജോൺസും തന്റെ പുതിയ കാമുകിയും ചേരുന്നു. അപ്പോഴും തന്നെ സദാ പിൻതുടരുന്ന മരണത്തിന്റെ കെണിയിൽനിന്നു് അവന്റെ ആന്തരാത്മാവ് പിടികൊടുക്കാതെ ഉഴലാൻ തുനിയുന്നു.

അടുത്തിടമാത്രം പ്ലേഗ് ബാധിച്ച എൽസിനോറിലേക്കുള്ള ഇരതേടിയുള്ള യാത്ര മറെറാരിടത്തേക്ക് എത്തിക്കാനായി വെളിച്ചത്തിന്റെ വ്യാളമുഖത്തിൽനിന്നു് കവച്ചുവെച്ച് ഇരുട്ടിന്റെ നേരിയ തുരുത്തിലൂടെ – കാട്ടിലുള്ള എളുപ്പവഴിയിലൂടെ ജസ്ക്കാവണ്ടിയിൽ കയറി നീങ്ങുന്നു. അവിടേയും മരണം പാത്തും പതുങ്ങിയും വിശ്വാസിയുടേയും അവിശ്വാസിയുടേയും തമ്മിലുള്ള വടംവലിയുടെ വിതാനത്തിലേക്ക് സംവിധായകൻ തന്റെ ആത്മസംഘർഷത്തിലേക്ക് നമ്മെ വലിച്ചിഴക്കുന്നു. പിശാച് ബാധിച്ച ഒരു തരുണിയെ — ഒരു പാതിരിയുടെ ഒത്താശയോടെ — നാലഞ്ച് പട്ടാളക്കാർ കാട്ടിലൊരിടത്തു് — ചിതയൊരുക്കിയിരിക്കുന്നേടത്തേക്ക് ആനയിച്ചെത്തിക്കുന്നു. കുരിശ് യുദ്ധം നടത്തി മനസ്സ് ശുദ്ധമാക്കിയ ആൻറോണിയോസിൽ മനുഷ്യസ്നേഹം ഉറപൊട്ടി —

ജോഫിന്റെ നാടകഗ്രൂപ്പിലെ നടൻ സ്ലോട്ട് തന്റെ ഇച്ഛയുടെ പരിപോഷണത്തിനായുള്ള ത്വരയിൽ മറെറാരാളിന്റെ തരുണിയും ശാലീനയുമായ ഭാര്യയെ കാമിക്കുകയും ഒളിച്ചാസ്വദിക്കുകയും ചെയ്യുന്നു–പിന്നീടുള്ള അന്ത്യവും — നമ്മെ — നിതാന്തവും നിസ്സീമവുമായ മനുഷ്യമനസ്സിന്റെ ചില്ല്കൂട് നിർമ്മാണം മാത്രമായി സമസ്യ അവസാനമില്ലാതെ തുടരുന്നു. ഉൾക്കിടിലത്തോടെ സഹജീവിബോധം, സദാചാരബോധം നമ്മെ ചോദ്യംചെയ്യലിനായി മരണത്തിന്റെ വികൃതമുഖവുമായി സാംസ്ക്കാരിക പൈതൃകത്തിന്റെ വേരുകളെ നൂലാമാലകളുടെ രൂപവും വഹിച്ച് അരങ്ങത്തെത്തുന്നു. ആയുധംവെച്ച് കീഴടങ്ങുന്ന യോദ്ധാവിനെപ്പോലെ ഒരനുഷ്ഠാനമുറപോലെ മരണത്തിന് നാം വഴങ്ങുന്നു.

പ്ലേഗിന്റെ പിടിയിൽനിന്നു് മുഴുവൻ ജീവികളും ഗ്രാമം വിട്ടൊഴിഞ്ഞിട്ടും വിശുദ്ധ കുരിശ്‌യുദ്ധത്തിന് ഒരുങ്ങിപോയ തന്റെ ഭർത്താവിനെ കാത്ത്, ഏകാന്തതയോടെ തന്റെ വിശുദ്ധ ഗ്രന്ഥവുമായി കഴിയുന്നതോടെ മരണത്തെ ചെറുത്ത് കരീന്റെ ഗ്രാമത്തിലേക്ക് പാശ്ചാത്തലം മടങ്ങി വരുന്നു. പുനസ്സമാംഗത്തിന്റെ ദീർഘആശ്ലേഷണത്തിന് ശേഷം, തിരുവത്താഴത്തിന്ശേഷം മഴയത്ത് വിശുദ്ധ ഗ്രന്ഥത്തിന്റെ ഇതളുകൾ വിടർത്തി പാരായണം കാരീൻ ചെയ്യുന്നു.

''ഒന്നാംമുദ്ര പൊട്ടിച്ചപ്പോൾ ആകാശത്ത്നിന്നു് ആലിപ്പഴവും തീയും ചോരയും ഭൂമിയിൽ ഇരച്ചുവീണു. മരങ്ങളുടെ മൂന്നിലൊരു ഭാഗവും സസ്യങ്ങളാകെയും വീണുകരിഞ്ഞു രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ മാലാഖമാർ കാഹളമൂതിയപ്പോൾ അഗ്നിശിഖകൾ ജ്വലിക്കുന്ന കൂററൻമലകൾ സമു

ത്തിൽ പതിച്ചു. അപ്പോൾ കടൽവെള്ളത്തിൻെറ മൂന്നിലൊരു ഭാഗവും ചോര പടർന്ന് മലിനമായി. മൂന്നാംമുദ്ര പൊട്ടിച്ചപ്പോൾ ആകാശത്തിൽ നിന്ന് ഒരു വലിയ നക്ഷത്രം തീപ്പന്തംപോലെ വന്നുവീണ് നദീജലത്തിൻെറ മൂന്നിലൊരുഭാഗവും ജലസ്രോതസ്സുകളും പങ്കിലമായെന്നുള്ള വചനം കാരിൻ തുടർന്നുവായിച്ചു. ആ നക്ഷത്രമാണ് രോഗാണുക്കൾ വിതച്ചത്. തുടർന്ന് ചെമ്മരിയാട്ടിൻകുട്ടി ഏഴാംമുദ്രപ്പൊട്ടിച്ചപ്പോൾ അരനാഴികനേരത്തേക്ക് മാനം ശാന്തമായി. ആ സമയം ഏഴ് മാലാഖമാർ ദൈവത്തിൻെറ മുമ്പിൽ നിൽക്കുന്നത് അവൻ കണ്ടു. കാഹളമൂതാനുള്ള ഏഴ്കുഴലുകൾ അവർ ഏററുവാങ്ങി. കാരിൻ അക്ഷോഭ്യനായി വായന തുടന്നു. പുറത്ത് ആഞ്ഞുപതിക്കുന്ന മഴയിൽ വളരെ വ്യക്തമായും നടന്നടുക്കുന്ന പാദസ്പർശം എല്ലാവരെയും ഒന്നിച്ച് നടുക്കുന്നു, പ്രതീക്ഷിച്ചതുപോലെ 'മരണം' വാതിലിൽ മുട്ടുന്നു. പാപത്തിൻെറ വിഹിതം, ഏററക്കുറച്ചിലുകളെ വകവച്ച് എല്ലാവരിലും ഭീകരത വ്യാപിക്കുന്നു. ഭയവിഹ്വലരായ മനുഷ്യർ ഇരുളിലിരുന്ന് പ്രാർത്ഥിച്ചു. ദൈവത്തിൻെറ കാരുണ്യത്തിനായി ഇരന്നു.

മഞ്ഞു പൊഴിയുന്ന നിലാവുള്ള പ്രഭാതത്തിൽ, ജോഫും കൊച്ചുകുടുംബവും കാണുന്നത് അവരെ മാത്രം വിട്ടുകൊണ്ട് മരണം തൻെറ താണ്ഡവനൃത്തംവെച്ച് അടിവെച്ച് അടിവെച്ച് ചക്രവാളത്തിൻെറ അനന്തനീലിമയിലേക്ക് അൻറോണിയസ്സിനെയടക്കം എല്ലാവരേയും ആനയിക്കുന്നതാണ്. നിഷ്കളങ്കത കൈമുതലായുള്ള ജോഫും കുടുംബവും മാത്രമാണ് മരണത്തിൽനിന്നു രക്ഷപ്പെടുന്നത് എന്നത് ശ്രദ്ധേയമാണിവിടെ.

മതത്തിൻെറ ദാർശിനികതലത്തിലുള്ള മഹത്വവും അനുഷ്ഠാനത്തിൻെറ തലത്തിലുള്ള പ്രാകൃതത്വവും ചിത്രത്തിലുടനീളം വ്യാപിച്ചുകിടക്കുന്നുണ്ട്. സംവിധായകൻെറ ചെറുപ്പം മുതലുള്ള ഒരു കുലത്തൊഴിലെന്നോണം ഇഴുകിചേർന്ന ക്രിസ്ത്യൻ പാരമ്പര്യാനുഷ്ഠാനമുറകൾ (വിവാഹരീതി, മരണാനന്തര ക്രിയ, മാമോദീസ മുക്കൽ എന്നീ ചടങ്ങുകൾ) ഏൽപ്പിച്ച മുറിവുകളും വ്യാകുലചിന്തകളും ''ഏഴാം മുദ്രയിൽ'' ഇൻഗ്മാൻ ധ്വനാത്മകമായി ആവിഷ്കരിക്കുന്നു. അനുഭവതീഷ്ണതയിൽ നിന്നുണ്ടായ കാവ്യാത്മകതയും ദാർശനികതലങ്ങളിലെ ഔന്നത്യവും ചലച്ചിത്ര സാങ്കേതികമേന്മയും ഏഴാം മുദ്രയെ ലോകോത്തര സൃഷ്ടിയാക്കുന്നു.

# ഗൾഫിൽനിന്ന് രണ്ട് കത്തുകൾ

അബ്ദുറഹിമാൻ കെ.

ഉച്ചയ്ക്ക് ശേഷം മൂന്നരയ്ക്കും നാലിനും ഇടയ്ക്ക് പോസ്റ്റ്മേൻ എത്തേണ്ടതാണ്. കുറെ ദിവസമായി കാത്തിരിക്കുന്നു. തന്നെ അന്വേഷിച്ച് ഇനി കത്ത് വരില്ല എന്ന ഭയം ഉള്ളിൽ നടുക്കമുണ്ടാക്കി. കാക്കി വേഷമിട്ട് വളഞ്ഞ കുട കൈത്തണ്ടയിൽ തൂക്കി പടി കേറിവന്ന് കെട്ട് തിരഞ്ഞു, അരികിൽ നീലയും ചുവപ്പും വരകളുള്ള വെള്ളക്കവർ എടുത്തു പൊക്കുന്ന ആളിനെ കാത്തിരിക്കുന്നു. ദിവസമെത്രയായി.

അപ്പോഴതാ പോസ്റ്റുമേൻ എത്തുന്നു.

രണ്ടു കത്തുകൾ. ആഹ്ലാദംകൊണ്ട് മനസ്സ് തുള്ളിച്ചാടി. മുറിയിലേക്കോടി; കട്ടിലിൽ കമഴ്ന്നുകിടന്ന് പുറത്ത് ഒന്നാം നമ്പറിട്ട കവർ തുറന്നു.

“പ്രിയമുള്ളവളേ, (ഈ സംബോധനയ്ക്ക് ഇന്ന് പ്രസക്തിയുണ്ടോ എന്നറിയില്ല. മറ്റെന്ത് വിളിക്കും ഞാൻ?)

ആഴ്ചകളായി നിന്റെ കത്ത് കാത്തുകഴിയുന്നു. കത്ത് വരില്ലെന്നറിയാം. എന്റെ ജീവിതത്തിൽ നീ കൊളുത്തിയ സ്നേഹത്തിന്റെ തിരി അണഞ്ഞത് ഞാൻ അറിയാതല്ല. കാര്യങ്ങളൊക്കെ ഞാനറിഞ്ഞു. നീ നിന്റെ അയൽക്കാരനുമായി സ്നേഹത്തിലാണെന്നതും, അയാളോടൊപ്പം ആനന്ദം കൊള്ളുന്നതും ഞാനും അറിഞ്ഞു. നിന്നിൽനിന്നിതുണ്ടാവുമെന്ന് ഞാനൊരിക്കലും കരുതിയില്ല. ഇവിടെ അവധിക്കപേക്ഷിച്ച് അവിടേക്ക് പുറപ്പെടുന്ന നിമിഷവും കാത്ത് കഴിയുന്ന എനിക്ക് ഇനിയെന്താണ് ചെയ്യേണ്ടതെന്നറിയില്ല. എന്തായാലും നിങ്ങളുടെ ബന്ധത്തിൽ ഞാനൊരു വിലങ്ങുതടിയല്ല. ഇത് ഗൾഫുകാരന് നൽകേണ്ട പ്രതിഫലംതന്നെയാണ്.

നിങ്ങൾ ഒന്നിച്ചുകഴിഞ്ഞോളൂ. നിയമപരമായ വിവാഹമോചനത്തിന് ഞാൻ കോടതിവഴി ശ്രമിക്കുന്നു. നിനക്ക് നല്ലതിൽ നല്ലത് വരണമെന്ന് ആശിച്ചുകൊണ്ട് നിന്റെ മാത്രം പ്രിയതമൻ.”

കത്തു വായിച്ചതും, വീണതും ഒന്നിച്ചായിരുന്നു. അലമുറയിട്ടിരുന്നോ. ഉമ്മയും മറ്റുമല്ലേ ഓടിവന്നത്. അവർ കത്തു വായിക്കുന്നോ. അനിയത്തിയല്ലേ രണ്ടാമത്തെ കത്ത് വായിക്കുന്നത്, അനിയത്തിയുടെ ശബ്ദം ഉയരുന്നു....

പ്രിയമുള്ളവളേ,

ഇതിന് തൊട്ടു മുമ്പെഴുതിയ കത്ത് വായിച്ച് നീ വേദനിച്ചിട്ടുണ്ടാകും എന്നറിയാം. ഇന്നലെ കണ്ട ദുഃസ്വപ്നം നിന്നെ അറിയിച്ചെന്നു മാത്രം. നീ എന്നും എന്റേതു മാത്രമായിരിക്കും. ഞാൻ നിന്റേതും. നിന്നെ ഒരു നിമിഷം വേദനിപ്പിച്ചതിനെനിക്ക് മാപ്പ് തരുമല്ലോ. നിന്റെ മാത്രമായ-പ്രിയതമൻ.”

# ഇന്നു ഞാൻ നാളെ നീ

റാഗിംഗ് എന്നത് കേൾക്കുന്നേരം
'റ' പോലെ വളഞ്ഞീടുന്നു
വിജ്ഞാനികളുടെ കണ്ടുപിടുത്തം
വിദ്യാലയങ്ങളിലഴിഞ്ഞാടുന്നു.

പുതിയ തലമുറക്കൂർജ്ജമേകാൻ
പഴമക്കാരുടെ നേട്ടോട്ടങ്ങൾ
ഇവർക്കുമുണ്ടൊരു മുദ്രാവാക്യം
''ഇന്നു ഞാൻ നാളെനീ''

മുഹമ്മദ് അഷ്റഫ് പി. ബി. ഐ.

# ഇതു ഞങ്ങളുടെ കഥ

വീട്ടിലെ സോദരന്മാരെല്ലാം
ഉദ്യോഗം കിട്ടാതുഴന്നിടുന്നു.
വീട്ടിലെ സോദരിമാരെല്ലാം
മംഗല്യം കാത്തു കഴിഞ്ഞിടുന്നു.
ഓമനകുഞ്ഞുങ്ങളെമ്പാടും
പട്ടിണികൊണ്ട് വലഞ്ഞിടുന്നു.
നാക്കിന്ന് വല്ലാതെ നീളമുള്ളവരെല്ലാം
വല്ലാതെ കത്തിജ്വലിച്ചിടുന്നു.
ബുദ്ധിക്ക് നീളമുള്ളോരുടെ വാക്കിന്റെ
നീളത്തെകണ്ട് ഭയപ്പെടുന്നു.
ഒന്നുമേ ചൊല്ലുവാനില്ലെങ്കിലുമവർ
കഠിനമാം വാക്കുകൾ ചൊല്ലിടുന്നു
ധാടിയും മോടിയും കൂടി വരുന്നവർ
വല്ലാതെ വേദാന്ത മോതിടുന്നു.
ഒരമ്മതൻ മക്കളാം നമ്മതന്ന
ന്യോന്യം വെട്ടിമരിച്ചിടുന്നു.

സുബൈർ

# കടലും കരയും

— കെ. എ. ലത്തീഫ്

ചുട്ടുപഴുത്ത മണൽത്തരികൾ കാലുകൊണ്ട് തട്ടിത്തെറിപ്പിച്ചുകൊണ്ട് ഏറെ നേരം ആ തീരത്തിലൂടെ നടന്നിട്ടും അയാൾ ആരെയും കണ്ടില്ല. മാൻകുഞ്ഞിന്റെ പിറകെ പുലിയെന്നോണം പലരും പിൻതുടരുന്നു. ദുഃഖങ്ങൾ പങ്കുവെയ്ക്കാൻ ഒരിത്തിരി ആശ്വാസവാക്കുകൾ നൽകാൻ ഒരു സുഹൃത്തില്ല. പ്രശ്നങ്ങൾ കെട്ടുപിണഞ്ഞുകിടക്കുന്നു. അവ ഓരോന്നായി എടുത്തുമാറ്റാൻ ആരെയും കണ്ടില്ല. മുമ്പിൽ അലമുറയിട്ടു കരയുന്ന ആഴിയുടെ അടിത്തട്ടിലെങ്കിലും അയാൾ ഒരു സുഹൃത്തിനെ സ്വപ്നം കണ്ടു. ഒന്നും ചിന്തിയ്ക്കാതെ ആ ആഴിയുടെ അടിത്തട്ടിലേക്ക് എടുത്തുചാടിയാലെന്ത്? ചാടിയില്ലെങ്കിലെന്ത്? ചോദ്യങ്ങൾ ഓരോന്നും കാഞ്ഞിരക്കുറ്റിപോലെ അയാളെ തുറിച്ചുനോക്കി, കാരമുൾച്ചെടിപോലെ കുത്തിനോവിച്ചു.

അയാളുടെ കണ്ണുകൾ മഞ്ഞളിച്ചു തല കറങ്ങി. ഒരു തടി കണക്കെ മണലിൽ മലർന്നുവീണു. ചുട്ടുപൊള്ളുന്ന മണൽത്തരികൾ നഗ്നമായ അവന്റെ പുറം പൊള്ളിച്ചപ്പോൾ അവനാശ്വസിച്ചു. മണൽത്തരികളെയെങ്കിലും സുഹൃത്തായി കിട്ടിയതിൽ അവനാനന്ദിച്ചു. ആ ആനന്ദം കൂടുതൽ നിലനിന്നില്ല. ഉയർന്നുവന്ന ഒരു തിരമാല അവനെ പൊക്കിയെടുത്തുകൊണ്ടുപോയി. പിറ്റേന്ന് 'ശരീരം' അല്പം താഴെ കരക്കടിഞ്ഞു. ശരീരത്തിൽനിന്നും ജീവൻ പോയിരുന്നു, കാക്കകൾ വട്ടമിട്ടു പറന്നു ജനം ഓടി. ചിലർ കണ്ണുതുടച്ചു; ചിലർക്ക് സന്തോഷമായിരുന്നു.

വട്ടമിട്ടുപറന്ന കടൽകാക്കകൾ ശവം കൊത്തിവലിക്കെ ഒരു മനുഷ്യൻകൂടെ അങ്ങോട്ടുവന്നു. ചുട്ടുപൊള്ളുന്ന മണൽത്തരികൾ കാലുകൊണ്ട് തട്ടിത്തെറിപ്പിച്ചുകൊണ്ട് അയാളും ഏറെനേരം നടന്നു. അയാൾ ഒരു പിടി മണൽ വാരി ആഴിയിലേക്ക് വലിച്ചെറിഞ്ഞു. സമുദ്രം അയാളുടെനേരെ കനത്ത ശബ്ദത്തിൽ അലറി. ആഴിയുടെ നേരെ തിരിഞ്ഞ് അയാൾ പറഞ്ഞു "ഞാനിന്നലത്തെ മനുഷ്യനല്ല; ഇന്നിന്റെ മനുഷ്യനാണ്. എനിക്ക് കൂട്ടുകാരാരുമില്ല. ദുഃഖങ്ങളെ ഞാൻ സ്നേഹിക്കുന്നു. ആഴി അലറി. അനേകം കുരുക്കുകൾ അയാളെ കാത്തുകിടപ്പുണ്ടായിരുന്നു. എന്നിട്ടും അയാൾ തിരിഞ്ഞുനടന്നു

# കറുത്ത പക്ഷിയുമായൊരു കവി

കവിതയിലെ സംഗീതാത്മകതയെക്കുറിച്ചു പറയുമ്പോൾ ഒ. എൻ. വി മറ്റൊരു ചങ്ങമ്പുഴയാണ്. ഇരുപത്തിമൂന്നു കവിതകളുടെ സമാഹാരമായ കറുത്ത പക്ഷിയുടെ പാട്ടിലെ ഓരോ കവിതയിലും ഒ. എൻ. വി യുടെ സർഗ്ഗപ്രതിഭയുടെ അത്ഭുതകരമായ എഴുന്നള്ളത്ത് അനുവാചകന് ദർശിക്കാൻ കഴിയും. മാനവഹൃദയത്തിന്റെ ലോലങ്ങളും സൂക്ഷ്മങ്ങളുമായ അനുഭൂതികളുടെ ആവിഷ്ക്കരണത്തിൽ ഒ. എൻ. വി അതിചതുരനാണെന്ന് ഒരു സിംഫണി മുതൽ നാടൻ നഖചിത്രങ്ങൾവരെയുള്ള ഓരോ കവിതയും വിളിച്ചുപറയുന്നുണ്ട്.

ഒ. എൻ. വി കവിതകളെക്കുറിച്ചു പറയുമ്പോൾ അവയുടെ ഏറ്റവും പ്രധാനപ്പെട്ട മേന്മ സ്വന്തം മണ്ണിന്റെ ഗന്ധം ആ കവിതകളിൽ തങ്ങിനിൽക്കുന്നുവെന്നുള്ളതാണ്. ഈ തനിമ ഇന്നത്തെ മറ്റു കവികളുടെ കവിതകളിൽ വളരെ അപൂർവ്വമാണ്. ആധുനികമെന്നു വിശേഷിപ്പിക്കപ്പെടുന്ന കവിതകൾ ബിംബങ്ങളുടെയും വാക്യഘടനക്രമങ്ങളുടെയും ആവർത്തനംമൂലം വിരസമായി മാറി, തളർച്ചയുടെ ഒരു കാലഘട്ടത്തിലാണിന്നുള്ളത്. ഈ ആവർത്തനങ്ങൾ ആധുനിക കവിതയ്ക്കു കൃത്രിമത്വത്തിന്റെ ഛായ നൽകുന്നു. എന്നാൽ ഒ. എൻ. വി. കുറുപ്പിന്റെ 'ഭൂമിക്കൊരു ചരമഗീതം' വരെയുള്ള കവിതകളിൽ അകൃത്രിമത്വത്തിന്റെ ലാളിത്യവും ശൈലീവിശേഷങ്ങളും പദവിന്യാസങ്ങളും നമുക്കു ദർശിക്കുവാൻ കഴിയും. മലയാളകവിതയുടെ എടുത്തുപാട്ടമില്ലാത്ത പാരമ്പര്യ വളർച്ച അദ്ദേഹത്തിന്റെ കവിതകൾ പ്രകടിപ്പിക്കുന്നു. ഈ ക്രമികവളർച്ചയാണ് കൃത്രിമത്വത്തിന്റെ അതിർവരമ്പുകളിൽ അദ്ദേഹത്തിന്റെ കവിതകളെ തളച്ചിടാതെ അകൃത്രിമത്വത്തിന്റെ സ്വതന്ത്രവായു അവയ്ക്കേകിയത്.

വ്യക്തിയുടെയും സമൂഹത്തിന്റെയും അഗാധ ദുഃഖത്തിന്റെ ഒഴുക്ക് ഒ. എൻ. വിക്കവിതയിലിടയ്ക്ക് കാണുമെങ്കിലും ദുഃഖത്തിൽനിന്ന് ശക്തിയിലേക്കുള്ള പ്രയാണം, അന്യതാബോധത്തിനും അനിശ്ചിതത്വത്തിനുമിടയ്ക്ക് ജീവിതസങ്കല്പങ്ങളെ പടുത്തുയർത്തുവാനുള്ള ശക്തി, കേഴുന്നതിനുപകരം ആശ്വാസം കണ്ടെത്താനുള്ള ചിന്ത ഇവ അദ്ദേഹത്തിന്റെ കവിതകളിൽ കാണാം. ആത്മാർത്ഥതയാണ് കവിതയുടെ ശക്തിയും നിലനില്പിന്നും ഹേതുവെന്നു മനസ്സിലാക്കിയിട്ടുള്ള കവിയാണ് ഒ. എൻ. വി.

കാവ്യം അനുകരണമാകുന്നുവെന്ന് അരിസ്റ്റോട്ടിലും ആത്മാർത്ഥത, ഇന്ദ്രിയഗോചരത്വം, വികാരോഷ്മളത ഇവയാണു കാവ്യലക്ഷണങ്ങൾ എന്നു മിൽട്ടണും സംഗീതാത്മകമായ ചിന്തയാണു കവിതയെന്നു കാർലൈലുമെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും ഇവയൊന്നും കവിതയുടെ യഥാർത്ഥ നിർവ്വചനമാകുന്നില്ല. എന്നാൽ കവിതയുടെ നിർവ്വചനം ഈ വക നിർവ്വചനങ്ങളെല്ലാം കൂടിചേർന്നതുമത്രേ. കവിതയെ ചുരുങ്ങിയ വാക്കുകളിൽ നിർവ്വചിക്കുകയെന്നത് അസാദ്ധ്യവുമാണ്. എന്നാൽ ഈ മീമാംസകരെല്ലാം പറഞ്ഞിട്ടുള്ളവയിലേതെങ്കിലുമംശങ്ങളെങ്കിലും ചേരാതെ കവിതയുണ്ടാകുകയില്ല. ചുരുക്കി പറഞ്ഞാൽ കവിതയിൽ കവിത വേണം, അതാസ്വാദകനെ ഏതെങ്കിലും തരത്തിൽ വികാരഭരിതനാക്കുകയും വേണം. വ്യക്തിത്വം ആത്മാർത്ഥത എന്നിവ കവിതയ്ക്കത്യന്താപേക്ഷിതമായ ഗുണങ്ങളാണ്. കാലത്തിന്റെ ശബ്ദങ്ങളെയുൾക്കൊണ്ട് സമൂഹത്തിന്റെ നിശ്വാസചലനങ്ങളറിഞ്ഞ് പ്രതികരിക്കുന്ന ഒ. എൻ. വി യുടെ കവിതകളിൽ വ്യക്തിത്വവും ആത്മാർത്ഥതയും ഒളിവീശുന്നുണ്ടെന്നകാര്യത്തിൽ സംശയത്തിന്നവകാശമില്ല.

കറുത്ത പക്ഷിയുടെ പാട്ടിലെ അന്യകവിതയായ ഒരു സിംഫണിയിൽ പ്രഭാതം മുതൽ രാത്രി വരെയുള്ള അഞ്ചു ഗീതങ്ങളിലൂടെ ഒരു ദിവസത്തിന്റെ മുഖാവരണം അഴിച്ചു മാറ്റുവാൻ കവി ശ്രമിക്കുന്നു. പ്രഭാതക്കലമ്പലുകളും നീണ്ട പകലിന്റെയിഴയിലും സായാഹ്നത്തിന്റെ തിളക്കവും വെളിച്ചത്തെ നീക്കി അസ്തമയത്തിന്റെയാഗമനവും രാത്രിയേകുന്ന ആശ്വാസവും കവി ഒരു സിംഫണിയിലൂടെ വ്യക്തമാക്കുന്നു. കറുത്ത വർഗ്ഗത്തിന്റെ സ്വാതന്ത്ര്യപ്പോരാളിയായ പോൾ റോബ്സനെ സ്മരിച്ചുകൊണ്ടെഴുതിയ കറുത്ത പക്ഷിയുടെ പാട്ട്, ഇന്ത്യയുടെ ശബ്ദം ഉയിർത്തെഴുന്നേൽക്കുന്ന ഗാനം എന്നിവ മൂന്നിതളുകളിലൂടെ വെളിച്ചം കാണുന്നു. അടിമകളുടെ, അടിച്ചമർത്തപ്പെട്ടവരുടെ, ചൂഷിതരുടെ കവിതയായ കറുത്ത പക്ഷിയുടെ പാട്ടിൽ കറുത്ത വർഗ്ഗത്തിനെതിരെ നടന്ന അനീതിക്കെതിരായുള്ള കവിയുടെ പ്രതിഷേധസ്വരം മുഴങ്ങിക്കേൾക്കുന്നു. അടിമകൾക്കു പകൽവെളിച്ചത്തെ നിഷേധിക്കുന്നവരോട് ജീവൻ നഷ്ടപ്പെടുന്ന ഇരുണ്ട ഖനിയിൽ വീണുരുകുന്ന ചോരയിൽനിന്ന് പുതിയ സൂര്യജ്ജ്വാലയുദിക്കുമെന്നും കരിശിൽ (അടിമത്തത്തിൽ)നിന്ന് സ്വാതന്ത്ര്യസവിതാവ് ഉയിർത്തെഴുന്നേൽക്കുമെന്നും കവി അടിമകളുടെ ഭാഗത്തുനിന്നുദ്ഘോഷിക്കുന്നു.

കറുത്തപക്ഷീ! നിന്നെക്കല്ലെറിഞ്ഞു ഞാൻ, നിന്റെ
കറുപ്പിന്നുള്ളിൽപ്പായും ചോരയ്ക്കും നിറം കടും
ചുവപ്പെന്നറിഞ്ഞു ഞാൻ.................

മാത്യുസിറിയക്ക് പി.

എന്നു് അമേഠിക്കയെക്കൊണ്ടു് കവി ഈ കവിതയിൽ പാടി ക്കുന്നു.

ഈ യാത്രയെനിക്കിഷ്ടത്തിൽ ജീവിതത്തിന്റെ സന്തോഷവശങ്ങളെ കവി വിവരിക്കുമ്പോൾ വാടകവീടെന്ന കവിതയിൽ ഭൂമിയെ ഒരു വാടകവീടായി ചിത്രീകരിച്ചു് ആ വാടകവീട്ടിലെ ജീവിതം മാത്രമെ സത്യമായുള്ളവെന്നു കവി പറയുന്നു. ഒരപേക്ഷയും ഞാനെന്ന ഗാനവും എന്റെ കണ്ണാടിയുമെല്ലാം കവി കവിയെ എങ്ങനെ നോക്കിക്കാണുന്നു വെന്നാണു വ്യക്തമാക്കുന്നതു്. മനുഷ്യനെന്നനിലയിൽ തന്റെ ഇല്ലായ്മ മനസ്സിലാക്കിയിട്ടുള്ള കവി പുല്ലാങ്കുഴലിലൂടെ യൊഴുകുന്ന ഒരു ഗാനമായി്തന്നെ കാണുന്നു. എന്നാൽ ഗാനത്തിലടങ്ങിയിരിക്കുന്നതു് അഥവാ ആ ജീവിതത്തിലെ ചലനങ്ങൾ കവിക്കു വ്യക്തമാണുതാനും. മനുഷ്യജീവി എന്തിനാണു താൻ ജനിച്ചതെന്നോ തന്റെ യാത്ര എവിടെക്കാണെന്നോ അറിയാതെയാണു ജീവിക്കുന്നതു്. അവന്റെ വിശ്വാസങ്ങളും എവിടെയുമെത്തിക്കാത്ത മോഹങ്ങളുമാണവനെ ജീവിപ്പിക്കുന്നതു്. ജാലകത്തിൽ കവി ജീവിതമാസ്വദിക്കാനുള്ള വാസന പ്രകടമാക്കുമ്പോൾ ആദർശകന്യകയിൽ ആദർശത്തിനെതിരെയുള്ള ചലനം—ശുദ്ധിയെ അശുദ്ധി മൂടുന്ന ചിത്രം—പൊന്നുരുപത്തെ വഴിച്ചവരിൽ ക്രൂശിക്കുന്നതിലൂടെ കവി വ്യക്തമാക്കുന്നു.

പൂവുകൾ സാക്ഷിയിൽ വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരമാണു് നിഴലിക്കുന്നതു്. ആദർശങ്ങൾ പ്രസംഗിക്കുവാനെളുപ്പമാണു്. എന്നാൽ അവ പ്രവൃത്തിപഥത്തിലെത്തിക്കുക വിഷമകരവുമാണു്. പലരും പ്രസംഗിക്കുന്നതൊന്നും പ്രവർത്തിക്കുന്നതു് പ്രസംഗത്തിനു് വിരുദ്ധവുമായിട്ടായിരിക്കും. കരഞ്ഞുകൊണ്ടു് ഭൂമിയുടെ മടിത്തട്ടിൽപ്പിറന്ന കവി, നിശ്വാസം നിലക്കുമ്പോഴും പുഞ്ചിരിതൂകിപ്പിരിയാൻ കൊതിക്കുന്ന ചിത്രമാണു് ജനിമൃതിയിലുള്ളതു്. വേർപിരിയലെപ്പോഴും ദുഃഖകരമാണു്. മരണം പ്രത്യേകിച്ചും. എന്നാൽ കവി മരിക്കുമ്പോൾ ചിരിക്കുവാനാണു് ആഗ്രഹിക്കുന്നതു്. നാലു ചരമഗീതങ്ങളിൽ പഥേ പാഞ്ചാലിയിലെ ദുഃസ്ഥയെ അനുസ്മരിച്ചുകൊണ്ടെഴുതിയ ആദ്യഗീതത്തിൽ ഗ്രാമീണഭംഗിയുടെ വിവരണത്തിനുശേഷം ദുർഗ്ഗയോടു് എങ്ങനെ നീയുറങ്ങുമെന്നു ചോദിക്കുന്നു. എസ്സ്. രാധാകൃഷ്ണനെയും കാമ്പിശ്ശേരിയേയും സ്നേഹലതയേയുമെല്ലാം അനുസ്മരിച്ചുകൊണ്ടെഴുതിയ ഗീതങ്ങളേക്കാൾ 'ദുർഗ്ഗക്കു്' എന്ന ആദ്യഗീതം മികവു പുലർത്തുന്നു. മരണത്തെ പൊന്മയായും ജീവിതത്തെ പൊന്മ കൊത്തിയെടുക്കുന്ന മത്സ്യമായും കവി കാത്തിരിക്കുന്ന പൊന്മയിൽ കൽപ്പിച്ചിരിക്കുന്നു. മനോഹരമായ ഈ കല്പന കവിതയെ പ്രത്യേക തലത്തിലെത്തിക്കുന്നു. മരണം നമ്മെ അകപ്പെടുത്താൻ എപ്പോഴും കാത്തിരിക്കുന്നുവെന്ന ലോകതത്വം ഇവിടെ പ്രകാശിപ്പിക്കുന്നു. ചിറകടികൾ, കടൽപ്പക്ഷിയോടു്, ഏതോ സന്ധ്യ എന്നീ കവിതകൾ ജീവിതഗന്ധികളാണു്. ബൈബിൾ കഥയിലെ മുടിയനായ പുത്രനിൽ നിന്നും തീർത്തും വ്യത്യസ്തനായ ഒരു പുത്രനെയാണു് മുടിയനായ പുത്രനിൽ കവി വരച്ചു കാണിക്കുന്നതു്. പക്ഷേ ഈ മുടിയനായ പുത്രൻ പുറപ്പെട്ടു പോകാതെ മുനിയെപ്പോലിരുന്നു് നിഗൂഢമാർഗ്ഗങ്ങളിലൂടെ ധനവാനാകുന്നതാണു് നാം കാണുന്നതു്.

ഗതകാലങ്ങളിലെ സൗവർണ്ണ നിമിഷങ്ങളെയോർക്കുന്ന സമൂഹത്തിനൊരു കത്തും ദുര്യോധന വധമെന്നപേരിൽ ദുശ്ശാസനവധമരങ്ങേറുന്ന ദുര്യോധന വധവും പി. ഭാസ്കരന്റെ 'ഓർക്കുക വല്ലപ്പോഴും' എന്ന കവിതയെ ഓർമ്മിപ്പിക്കുന്ന മറീനയിലെ മൈനകളും ഉൾക്കാമ്പുള്ളവയാണു്. മുടിയനായ പുത്രൻ സാമൂഹ്യ വിമർശനത്തിന്റെ ശബ്ദങ്ങളാണു് ജനിപ്പിക്കുന്നതു്. ഏതു ഹീനമാർഗ്ഗമുപയോഗിച്ചും ധനം സമ്പാദിക്കുവാൻ മനുഷ്യൻ കാട്ടുന്ന വ്യഗ്രതയെ കവി വിമർശിക്കുന്നു. ആഡംബരങ്ങൾക്കും സുഖത്തിനും വേണ്ടിയുള്ള മനുഷ്യന്റെയോട്ടം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. പക്ഷേ ജീവിതാർത്ഥമറിയുന്നവർ, ജീവിതത്തിന്റെ നിസ്സാരതയെക്കുറിച്ചു് ബോധമുള്ളവർ ഈമരണപ്പാച്ചിലിൽനിന്നൊഴിഞ്ഞു നില്ക്കുന്നു. ആകാശവുമെന്റെ മനസ്സും വിവിധ രൂപങ്ങൾ കൈവരിക്കുമ്പോൾ തോറ്റം പാട്ടു് ലളിതശൈലിയിൽ മനുഷ്യന്റെ പൊള്ളത്തരം എടുത്തുകാട്ടുന്നു. മനുഷ്യന്റെ പ്രദർശനപ്പായകലർന്നുള്ള പെരുമാറ്റത്തെ കവി ഹാസ്യദ്യോതകമായി വിവരിക്കുന്നു. സ്ഥാനങ്ങളോ ബഹുമതികളോ ഉള്ളപ്പോൾ ആദരിക്കാനും കൊട്ടിഘോഷിക്കാനും ധാരാളം പേരുണ്ടാകും. എന്നാൽ മനുഷ്യന്റെ നിസ്സഹായാവസ്ഥയിൽ ഒരു ആശ്വാസവചനമെങ്കിലും പൊഴിക്കുവാൻ തയ്യാറായി ആരുമില്ലെന്നതു് ഒരു വാസ്തവം മാത്രമാണു്.

സഹസ്രസൗവർണ്ണ ദലങ്ങളോലുന്നൊ—
രുഷസ്സിനെത്തോററിയതിലുറന്നിടും
മധു നുകർന്നിടും മണിഭൃംഗത്തെയു—
മഴകിൽത്തോററി നമ്മൊഴികൾ പാടി ഞാൻ
ചെറു തുടികൊട്ടിയുണരുന്നു— ഞാനെൻ
ചെറു തുടികൊട്ടിയുണരുന്നു

എന്നതു് ഒ. എൻ. വി എന്ന കവിതയെ സംബന്ധിച്ചിടത്തോളം ശരിയാണു്. ആ ചെറു തുടികൊട്ടലിന്റെ നാദങ്ങളാണു് കറുത്ത പക്ഷിയുടെ പാട്ടിലെ ഓരോ കവിതയും വഹിക്കുന്നതു്. പ്രബോധനത്തിന്റെ മുഴക്കം കേൾപ്പിച്ച തോററം പാട്ടു് കഴിഞ്ഞാൽ നാടൻ നഖചിത്രങ്ങളിലെ ഏഴു ചിത്രങ്ങളിൽ കറുത്ത പക്ഷിയുടെ പാട്ടു് അവസാനിക്കുന്നു. കറുത്ത പക്ഷിയുടെ പാട്ടിലെ കറുത്തപക്ഷിയുടെ പാട്ടു്, വാടകവീടു് മുടിയനായപുത്രൻ, മറീനയിലെ മൈനകൾ, തോററംപാട്ടു് എന്നീ കവിതകൾ ശ്രദ്ധേയമായി തോന്നി.

ഈ കവിതാസമാഹാരത്തിലൂടെ നോക്കുമ്പോൾ ഒ. എൻ. വി. കുറുപ്പിന്റെ കവിതകളുടെ മൗലികതയും പ്രതിപാദനരീതിയുടെ തനിമയും നമുക്കു കാണുവാൻ കഴിയുന്നു. ബിംബാത്മക ശൈലിയുള്ള അദ്ദേഹത്തിന്റെ കവിതകളോരോന്നും മനുഷ്യജീവിതത്തിന്റെ നിറവും ഭാവവും പൂണ്ടിട്ടുള്ളവയാണു്. ജീവിതഗന്ധവും ആവിഷ്ക്കാരത്തിലുള്ള പൊലിമയുമാണു് കറുത്ത പക്ഷിയുടെ പാട്ടിലെ കവിതകളെ മേത്തരമാക്കുന്നതു്.



# മാപ്പിളപ്പാട്ട്

ജമാലുദ്ദീൻ ഫാറൂഖി ടി. എ.

ആസ്വാദക പ്രീതി നേടിയെടുത്ത മറ്റൊരു ഗാനവിഭാഗമാണ് മാപ്പിളപ്പാട്ടുകൾ. അറബി മലയാള സാഹിത്യത്തിലെ പദ്യവിഭാഗമാണ് മാപ്പിളപ്പാട്ടുകൾ എന്ന പേരിലറിയപ്പെടുന്നത്. ഗാനരസ പ്രധാനങ്ങളാണ് മാപ്പിളപ്പാട്ടുകൾ. സാഹിത്യമൂല്യവും പദ പരിശുദ്ധിയും അർത്ഥപുഷ്ടിയും മറ്റു കാവ്യങ്ങളേക്കാൾ മാപ്പിളപ്പാട്ടിന് തുലോം കുറവാണെങ്കിലും, ജനഹൃദയങ്ങളിൽ കുളിര് പകരാൻ മാപ്പിളപ്പാട്ടിനു് കഴിയുന്നു. അവാച്യമായ ആനന്ദാനുഭൂതിയിൽ നമ്മെ ആറാടിക്കുന്നത് അതിന്റെ സംഗീതരസം ഒന്നുമാത്രമാണ്. ആത്മീയമായും, സദാചാരപരമായും മനുഷ്യനെ സംസ്കരിക്കുന്നതിൽ ഈ സാഹിത്യശാഖ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

ആസ്വാദ മധുരമായ ഗാനരീതിയാണ് മാപ്പിളപ്പാട്ടുകളുടെ മുഖമുദ്ര എന്നു സൂചിപ്പിച്ചുവല്ലോ. താളക്രമവും പ്രാസഭംഗിയും സമൃദ്ധമായ അറബി പ്പാട്ടുകളുടെ പൈതൃകമായിരിക്കണം മാപ്പിളപ്പാട്ടുകൾ ആർജിച്ചത്. ചരിത്രാതീത കാലം മുതൽക്കേ അറബികൾക്ക് കേരളവുമായി ബന്ധമുണ്ടായിരുന്നല്ലോ. അറബി നാടോടി ഗാനങ്ങൾ കേരളത്തിലെ മറ്റു ഗാനങ്ങളുമായി കലരുകയും രണ്ടിന്റേയും രൂപഭാവങ്ങൾ ഉൾക്കൊള്ളുന്ന മാപ്പിളപ്പാട്ടുകൾ ഉടലെടുക്കുകയും ചെയ്തു എന്നു പറയുന്നതാവും ശരി. മാപ്പിളപ്പാട്ടുകളെ രൂപപ്പെടുത്തുന്നതിൽ അറബി സാഹിത്യം നൽകിയ കനത്ത സംഭാവനകൾ ഒരിക്കലും വിസ്മരിക്കാവതല്ല.

ആദ്യകാല മാപ്പിളപ്പാട്ടു കൃതികളിൽ ചെന്തമിഴിന്റെ സ്വാധീനം തെളിഞ്ഞു കാണാവുന്നതാണ്. 'ഇശൽ' എന്ന പദം 'ഇയൽ' എന്ന തമിഴ് പദത്തിൽ നിന്നുൽഭവിച്ചതാണെന്ന് കരുതുന്നു. വമ്പ്, വിരുത്തം, വണ്ണം, തരിപ്പു എന്നിവയും തമിഴിനോടാണ് കടപ്പാടുള്ളതു്. തമിഴിലെ വലിത്തൽ, നീട്ടൽ, കുറുക്കൽ, മെലിത്തൽ, തൊകുത്തൽ, എന്നീ സ്വഭാവങ്ങൾ മാപ്പിളപ്പാട്ടിലും കാണാവുന്നതാണ്.

മാപ്പിളപ്പാട്ടിൽ നിരവധി അമാന്തര വിഭാഗങ്ങളും ഉപശാഖകളും ഉണ്ട്. പുണ്യപുരുഷന്മാരെക്കുറിച്ചുള്ള കീർത്തനങ്ങളെ മാലപ്പാട്ടുകൾ എന്നും യുദ്ധചരിത്രം വിവരിക്കുന്നവയെ പടപ്പാട്ടുകൾ എന്നും ആത്മോപദേശ ഗാനങ്ങളെ തടി ഉറുദികൾ എന്നും കല്യാണവേളകളിൽ പാടുന്നവയെ മൊയ്‌ലാഞ്ചിപ്പാട്ടുകൾ എന്നും പറയുന്നു. നബിമാരുടെയും മറ്റ് മഹാ പുരുഷന്മാരുടെയും ജീവിത സംഭവങ്ങൾ വിവരിക്കുന്നതാണ് ഖിസപ്പാട്ടുകൾ. അപദാന ഗാനങ്ങളത്രെ മദ്ഹ് പാട്ടുകൾ. വിപ്രലംഭ ശൃംഗാരമയമായ ഗാനങ്ങളാണ് കത്ത് പാട്ടുകൾ. കല്പിത കഥാഗാനങ്ങളെ കെസ്സുകൾ എന്നും കീർത്തനങ്ങളെ വിരുത്തങ്ങൾ എന്നും പറയുന്നു

ഇശലുകളാണ് മാപ്പിളപ്പാട്ടിന്റെ നട്ടെല്ല്. ഇശലുകളിലെ വൈവിദ്ധ്യം മൂലം ഉണ്ടാകുന്ന വൈചിത്യത്തിലാണ് മാപ്പിളപ്പാട്ടിന്റെ ആസ്വാദ്യതയും ആകർഷണീയതയും നിലകൊള്ളുന്നത്. താളാധിഷ്ഠിതങ്ങളത്രെ ഇശലുകൾ. ഏകദേശം അഞ്ഞൂറോളം ഇശലുകൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഉന്നതമായ ഭാവനയും കഴിവും ഉള്ളവനേ ഇശൽ രചന നടത്താനൊക്കൂ. തൊങ്കൽ, അകബലിപ്പ്, ബിരുത്തം, കപ്പപ്പാട്ട്, ചായൽ, ചേൽ, തിരിപ്പുകൾ, ചരളം, കവി, തുദി. കൊമ്പ്. പാട്ടം, തലേലം, പദം, ചെറുചിന്ത്, ബമ്പ്, ചായിപ്പ്, മുറുക്കം, കമ്മി, ചെമ്പക, കെസ്സ്, കുതിരത്താളം എന്നിവയാണ് സാധാരണ ഉപയോഗിക്കുന്ന ഇശലുകൾ. ഭാഷാവൃത്തങ്ങളായ കേക, കാകളി, മഞ്ജരി, പാന, നതോന്നത എന്നിവയോടുപമിക്കാവുന്ന ഇശലുകൾ മാപ്പിളപ്പാട്ടിലുണ്ട്. കാകളിയോടാണ് ബദർമാല പുലർത്തുന്നത്. തൊങ്കൽ കൈകൊട്ടിപ്പാട്ടിനും ജഗൽ ആരംഭ് മാവേലി നാടുവാണിടും കാലം എന്നതിനും ജഗൽ പുയിനാർ വഞ്ചിപ്പാട്ടിനും ജഗൽപോയിമോൻ കുറത്തിപ്പാട്ടിനും ഇൽകുതുളം നരനായിങ്ങനെ ... എന്നതിനും ഒപ്പിച്ചു പാടാവുന്നവയാണ്.

ഭാഷാ കവിതകളോട് സമാനമായ പ്രാസങ്ങളും മാപ്പിളപ്പാട്ടിൽ കാണാവുന്നതാണ്. കമ്പി, കഴുത്ത്, വാൽക്കമ്പി, വാലുമ്മൽ കമ്പി എന്നിവ യഥാക്രമം ആദ്യക്ഷരപ്രാസം, ദ്വിതീയാക്ഷരപ്രാസം, അന്ത്യാക്ഷരപ്രാസം, അന്താദിപ്രാസം എന്നിവയാണ്.

അച്ചടി സൗകര്യം കുറഞ്ഞതുകൊണ്ട് പല നല്ല മാപ്പിളപ്പാട്ട് കൃതികളും വെളിച്ചം കാണാതെ കിടക്കുകയും കവികളും കവയിത്രികളും അറിയപ്പെടാതെ മറഞ്ഞ് പോവുകയും ചെയ്തിട്ടുണ്ട്. എട്ടുവർഷം മുമ്പ് നടത്തിയ ഒരു ഗവേഷണത്തിൽ മൺമറിഞ്ഞ 136ൽ പരം കവികളേയും അറുപതോളം വലിയ കാവ്യങ്ങളെയും പറ്റി വിവരങ്ങൾ ലഭിക്കുകയുണ്ടായി. ഇതിൽനിന്നും ഈ പ്രസ്ഥാനം എത്രമാത്രം സമ്പന്നമാണെന്നു് മനസ്സിലാക്കാമല്ലോ.

മുഹ്‌യുദ്ദീൻ മാലയെയാണ് മാപ്പിളപ്പാട്ട് വിഭാഗത്തിലെ പ്രഥമകൃതിയായ് കണക്കാക്കപ്പെടുന്നത്. കോഴിക്കോട്ടുകാരനായ ഖാളി മുഹമ്മദാണ് ഈ കൃതി രചിച്ചത്.

''ഖാളി മുഹമ്മദെന്നു പേരുള്ളോവർ
കോഴിക്കോടത്തുറാ തന്നിൽ പിറന്നോവർ''

കൊല്ലവർഷം 782ൽ അതായത് തുഞ്ചത്ത് എഴുത്തച്ഛൻ തൻെറ അദ്ധ്യാത്മരാമായണം എഴുതുന്നതിന് അഞ്ച് വർഷം മുമ്പാണ് മുഹിയുദ്ധീൻ മാല രചിക്കപ്പെട്ടത്.

''കൊല്ലം എഴുനൂററി എമ്പത്തിരണ്ടിൽ ഞാൻ
കോത്തൻ ഇമ്മാലനെ നൂററയ്മ്പത്തഞ്ചുമ്മൽ''

രസിക ശിരോമണിയായിരുന്ന കുഞ്ഞായൻ മുസ്ല്യാരുടെ 'കപ്പപ്പാട്ട്'' ദാർശിനിക സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണ് മനുഷ്യജീവിതത്തെ ഒരു പായ്ക്കപ്പലിനോടും ജീവിതത്തെ ഒരു കപ്പൽയാത്രയോടും ഉപമിച്ച ഈ സുന്ദരകൃതിയിൽ മുന്നൂറ് ഈരടി മാത്രമാണുള്ളത്. നൂതന വൃത്തരചനയിലും പ്രാസ പ്രചുരിമയിലും പ്രഗത്ഭമായ തൻെറ കഴിവ് പ്രകടിപ്പിച്ച കവിയാണ് മാളിയക്കൽ കുഞ്ഞിമുഹമ്മത്. ലോകോത്പത്തിമുതൽ പ്രവാചകന്മാരുടെ ചരിത്രസംക്ഷേപം വരെ വർണ്ണിച്ച ഒരു കൃതിയാണ് സഫലമാല. ആദ്ധ്യാത്മിക വിഷയത്തെ പുരസ്ക്കരിച്ചുള്ള ഈ മഹാകാവ്യം രചിച്ചത് ശുജാഈ എന്ന പേരിലറിയപ്പെടുന്ന അണ്ടത്തോട് കളങ്ങരവീട്ടിൽ മൊയ്തുമുസ്ല്യാരാണ്. ഖലീഫാ അബൂബക്കർ സിദ്ധിഖിൻെറ ഭരണകാലത്ത് നടന്ന യുദ്ധങ്ങളെ പാശ്ചാത്തലമാക്കി എഴുതിയ കൃതിയാണ് ഫത്തഹ്ഹുശ്ശാം. ഒരു നല്ല ഗായകകവിയായിരുന്ന ചേററുവായ് പരീക്കുട്ടിയാണിതിൻെറ കർത്താവ്. അദ്ദേഹത്തിൻെറ തന്നെ ആദിമുൽ അഹ്ദാന എന്ന ഒപ്പനപ്പാട്ട് സുന്ദരമായ ഒരു കൃതിയാണ്.

മാപ്പിള സാഹിത്യത്തിൻെറ പിതാവാണ് മോയിൻകുട്ടി വൈദ്യർ. ഒരു വേള ദാരിദ്ര്യത്തിൽ പതിച്ച് നിർജ്ജീവമായി കിടന്നിരുന്ന ഈ സാഹിത്യശാഖയെ ഉണർത്തി നവചൈതന്യം പകർന്ന ഒരു അനുഗ്രഹീത കവിയാണ് വൈദ്യർ. മലയാളമണ്ണിൻെറ മണം വീശുന്ന മധുരതരങ്ങളായ ഗാനതല്ലജങ്ങളാംകൊണ്ട് മാപ്പിളസാഹിത്യത്തെ പുഷ്ടഭാഗ്യമാക്കി ത്തീർത്ത വൈദ്യരുടെ ബദ്ർ പടപ്പാട്ട്, ജമാൽ എന്നീ കൃതികളാം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഉഹ്ദ്, സലീഖത്ത്, മലപ്പുറം എന്നീ സമരകാവ്യങ്ങളും ഹിജ്റ എന്ന ചരിത്രകാവ്യവും ബദറുൽ മുനീർ എന്ന പ്രണയകാവ്യവും ജനഹൃദയങ്ങളിൽ പ്രതിഷ്ഠ നേടിയ കവനങ്ങളാണ്. ശൃംഗാരരസം വർണ്ണിക്കുന്നതിൽ ചെറുശ്ശേരിക്കുണ്ടായിരുന്ന അതേ വൈദഗ്ദ്ധ്യം വൈദ്യർക്കുമുണ്ട്. വീരം, ഹാസ്യം അത്ഭുതം എന്നീ രസങ്ങളാം കൈകാര്യം ചെയ്യുന്നതിൽ വൈദ്യർ കാണിച്ച സാമർത്ഥ്യം പ്രസ്തവ്യമാണ്. മാപ്പിളക്കവികളുടെ ചക്രവർത്തിയായ് മോയിൻകുട്ടിവൈദ്യർ ആദരിക്കപ്പെടുന്നു.

ഖാളിയാരകത്ത് കുഞ്ഞാവ, പക്കിത്താൻറകത്ത് കുഞ്ഞാവ, ചാക്കീരി, കാഞ്ഞിരാല കുഞ്ഞായീൻ, മാളിയക്കൽ കുഞ്ഞഹമ്മദ്, എന്നിവർ ആദ്യകാല മാപ്പിളക്കവികളാണ്. പുത്തൂർ ആമിന, പി. കെ. ഹലീമ, കണ്ടിൽ കുഞ്ഞാമിന, ബി. ആയിശക്കുട്ടി, കുഞ്ഞായിശു എന്നീ കവയിത്രികളും ഈ ഗാനവിഭാഗത്തിന് കനത്ത സംഭാവനകളാം അർപ്പിച്ചവരാണ്.

മാപ്പിളപ്പാട്ടുകളാം നല്ല രീതിയിൽ എഴുതി അവയുടെ മധുരിമ ചോർന്നുപോകാതെ സൂക്ഷിച്ച കവികളാണ് പുന്നയൂർക്കുളം ബാപ്പു, ടി. ഉബൈദ്, മെഹർ, ടി. സി. മമ്മി എന്നിവർ. കൃഷ്ണകുമാർ, പി. ഭാസ്ക്കരൻ, പി. ടി. അബ്ദുറഹിമാൻ, ബാപ്പുവെള്ളിപ്പറമ്പ തുടങ്ങിയവരും ഭാവനാസമ്പന്നരായ മാപ്പിളപ്പാട്ട് കവികളത്രെ.

പ്രഗത്ഭമതികളായ പ്രതിഭകളാം അടിത്തറയിട്ടതും ഭാവനാസമ്പന്നരും അനുഗ്രഹീതരുമായ കവികളാം വളർത്തിയതുമായ ഈ പ്രസ്ഥാനം ഇന്ന് അല്പമതികളും അഹങ്കാരികളുമായ ചിലരുടെ കരങ്ങളിൽ കിടന്ന് പിടയുന്നത് മന്മഥേകമായ ഒരു കാഴ്ചയാണ്. ഇടയ്ക്കിടയ്ക്ക് കറച്ച് അറബി പദങ്ങളാം കുത്തിത്തിരുകിയ തരംതാണ പാട്ടുകളാം മാപ്പിളപ്പാട്ടിൻെറ പേരിൽ അടിച്ചിറക്കി കീശ വീർപ്പിക്കുന്നവർ മഹത്തായ ഒരു സാഹിത്യപ്രസ്ഥാനത്തിൻെറ വേരിനാണ് കോടാലി വെച്ചിരിക്കുന്നത്.

# മാർഗ്ഗം കൂടിയ പുഴ

എം. എച്ച്. നജ്മ

കിളച്ചിട്ട പാടത്തെ മുഴുത്ത കട്ടകളിൽ ചവുട്ടി സിസ്റ്റർ ജസ്മല ആവുന്നത്ര വേഗം നടന്നു. കാൽക്കീഴെ താഴ്ന്നുപോകുന്ന ഇളകിമറിഞ്ഞ ഭൂതലം. പാടത്തിന്റെ അററത്ത് പുഴ. പുഴയ്ക്ക് കെട്ടിയ ബണ്ടിന്മേൽക്കൂടി അല്പം നടന്നാൽ അയാളുടെ വീടായി. അയാൾ തനിച്ച് എന്തിന് ഈ പുഴയോരത്ത് ഒരു വീടെടുത്തു എന്നത് അവ്യക്തം! ഒരു മാസം ലീവ് അവധിക്കെത്തിയ അയാൾ, വീണ്ടും വിദേശത്തേക്ക് മടങ്ങാതിരിക്കില്ല. താൻ കന്യാസ്ത്രീവേഷം ധരിക്കാഞ്ഞതു നന്നായി. വയലാമ്മണ്ണിലെ ജെസ്സി, സിസ്റ്റർ ജസ്മലയായത് അയാൾ അറിയണ്ട. ആളുകൾ പറഞ്ഞറിയാൻ സമയമായിട്ടില്ല. അയാൾ വന്നിട്ട് ഇന്നേയ്ക്ക് മൂന്നു ദിവസം തികയുന്നതേയുള്ളു. കഴിഞ്ഞ രണ്ടുദിവസവും അയാൾ പുറത്തിറങ്ങാതെ വിശ്രമിക്കുകയാവും. അതെ. വിശ്രമം. അയാൾക്ക് വിശ്രമം കൊടുക്കാൻ വേണ്ടിയാണ് താനിപ്പോൾ അങ്ങോട്ടു പോകുന്നതും. ഇനി പിറക്കാനിരിക്കുന്ന എല്ലാ ദിവസങ്ങളിലും അയാൾ വിശ്രമിക്കണം, തിരുവിലാപ്പള്ളിയിലെ മാതാവിന്റെയും ഉണ്ണിയേശുവിന്റെയും രൂപം കൈ നീട്ടിയനുഗ്രഹിക്കുന്ന ശവപ്പറമ്പിൻ. യൂദാസിന്റെ മുഖം ഓർമ്മിപ്പിക്കുന്ന പരുന്തുകളുള്ള കഴുകൻമട. ശവപ്പറമ്പിൽത്തന്നെ അയാൾ വിശ്രമിക്കണം. തന്റെ കൊച്ചനിയൻ ജോയിയും അനിയത്തി സിസിയും വിശ്രമിക്കുന്ന സ്ഥലത്ത്.

പുഴയോരത്ത് കെട്ടിയ ബണ്ടിലൂടെ നടക്കുമ്പോൾ വെറുതെ പടവുകളിറങ്ങി പുഴവെള്ളത്തിൽ കാലുകഴുകി. പഴയ ശീലങ്ങൾ താൻ മറന്നുപോകുന്നില്ല. സിസ്റ്റർ ലൂക്കയുടെയും എൽസിയുടെയും കൂടെ മാർക്കററിൽ പോകുമ്പോഴെല്ലാം ഇതിലിറങ്ങി കാലുകഴുകിയേ പോകാറുള്ളു. വയലാമ്മണ്ണിലെ വാഴത്തോട്ടം നനയ്ക്കുന്ന ആനയ്ക്കാംപുഴയിൽ കാലു കഴുകാറുണ്ടായിരുന്നു കുട്ടിക്കാലത്ത്.

തന്നെ കാണുമ്പോൾ അത്ഭുതപ്പെടാനിടയുണ്ട്. മുടി രണ്ടായിപ്പിന്നിയിട്ട്, കണ്ണാന്തളിപ്പൂവും ചൂടി മെയ്യിൽ എണ്ണ പുരണ്ടിട്ടെന്നപോലെ പിടിക്കാൻ നോക്കുമ്പോൾ വഴുതിപ്പോകുന്ന സിസിയുടെ ചേച്ചിയെ അയാളിപ്പോൾ പ്രതീക്ഷിക്കാനിടയില്ല, അയാളുടെ പ്രതീക്ഷകൾ പണ്ടേ ശരിയാവാറില്ലായിരുന്നല്ലോ.

ഇടിഞ്ഞ കടവത്തെ പമ്പരംപോലെ തിരിയുന്ന ചുഴികളിലേക്ക് നോക്കിയപ്പോൾ അതിലെ വെളുത്ത നുരകൾക്കു പകരം തെളിഞ്ഞുകണ്ടത് ജോയിയുടെ ഉരുണ്ട് ബീഭത്സമായ കണ്ണുകളും വെള്ളംകുടിച്ച് വീർത്ത വയറുമായിരുന്നു. ഇല്ല. തിരിച്ചുവരുന്ന വഴിയ്ക്ക് ജോയിയുടെ മുഖത്തിനു പകരം അയാളെ കാണണം. ചോരച്ചുഴിയിൽ മുങ്ങിപ്പിടയുന്ന അയാളുടെ മുഖം. രണ്ടു വർഷം രഹസ്യമായി സൂക്ഷിച്ച തന്റെ സമ്പാദ്യം ഇന്ന് വെളിച്ചം കാണും. സിസ്റ്റർ ജസ്മലയുടെ കൈ അറിയാതെ കുന്തിരുക്കത്തിന്റെ മണമുള്ള സാരിയുടെ മുൻഭാഗംതൊട്ടു. കൊല്ലൻ വാസുവിനെ കണ്ടുകിട്ടാൻ പത്തു ദിവസം തുടർച്ചയായി മഠത്തിന്റെ പിൻവശത്തെ ഗ്രോട്ടോ* വിന്റെയടുത്ത് പടർന്നു പന്തലിച്ച ശതാവേരി വള്ളികൾക്കിടയിൽ പോയി നില്ക്കേണ്ടിവന്നു. കൊണ്ടുവന്നു തരുമ്പോൾ വാസു ചോദിച്ചു.

“സിസ്റ്റർക്കെന്തിനാ ഇതു്? ഇത് നമ്മുടെ കാലൻ വേലുന് പററിയ കത്തിയാ.”

കൊല്ലൻ വാസുവിനോട് ഒന്നും പറഞ്ഞില്ല. മദറു കാണാതെ കത്തി എങ്ങിനെ തന്റെ മുറിയിലെത്തിക്കുമെന്ന വിചാരമായിരുന്നു മനസ്സിൽ. കുർബ്ബാന കൈക്കൊള്ളുമ്പോഴും കൂട്ടപ്രാർത്ഥന നടത്തുമ്പോഴും, ഞായറാഴ്ചകളിൽ അച്ചന്റെ പ്രസംഗം കേട്ട് മുട്ടുകുത്തി നില്ക്കുമ്പോഴമെല്ലാം ഒരേയൊരു വിചാരം മാത്രമായിരുന്നു മനസ്സിൽ. അയാളെ കൊല്ലണം. രണ്ടര വർഷമായി മനസ്സിൽ സൂക്ഷിച്ചുവെച്ച് നടന്ന ആഗ്രഹം ഇന്ന് നിറവേറാൻ പോകുന്നു. കത്തിയെടുക്കാൻ ധൈര്യം തോന്നിയില്ലെങ്കിൽ അയാളുടെ കഴുത്തിൽ പ്രേമപൂർവ്വം തടവിത്തടവി കൊല്ലണം. സിസിയുടെയും ജോയിയുടെയും ആത്മാവ് സന്തോഷിക്കട്ടെ,

അയാളുടെ പ്രാണൻ പോവാൻ തുടങ്ങുമ്പോൾ കുററങ്ങളെല്ലാം അയാളേററുപറയും. നാട്ടുകാരെയും അച്ഛനെയും അമ്മയെയും സിസിയും ജോയിയും വെള്ളത്തിൽ വീണു മരിച്ചതാണെന്ന് വിശ്വസിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ജെസ്സിയെ കബളിപ്പിക്കാമെന്ന് നിങ്ങൾ കരുതിയത് വെറുതെ. മെലിഞ്ഞു വിളർത്ത എന്റെ സിസിയുടെ ശരീരത്തിലെ ഓരോ തുള്ളിച്ചോരയും ഊററിക്കുടിക്കുമ്പോൾ ഭാവിയെപ്പററി നിങ്ങളാലോചിച്ചില്ല. ഒരുതരത്തിൽ അതൊരു പകരം വീട്ടലായിരിക്കാം. നാലുപ്രാവശ്യം വലയിൽ വീഴ്ത്താൻ ശ്രമിച്ചിട്ടും വളരെ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറിയ ജെസ്സിയോടുള്ള പക അവളുടെ അനിയത്തിയോടുതന്നെ തീർത്തു. എരിഞ്ഞുയർന്നിരുന്ന നിങ്ങളുടെ പകയിൽ എണ്ണയൊഴിച്ചത് ജോയിയായിരുന്നോ? വലയിൽപ്പെട്ടാലും വഴുതിപ്പോകുന്ന മീനിനെ തളച്ചിടാൻ ശ്രമിച്ചിട്ടും പററാതെപോയപ്പോൾ പുഴയിൽത്തന്നെ വലയുമെറിഞ്ഞ് തിരിച്ചുപോകാനുറച്ച നിങ്ങളുടെ തലയിൽ അവസാനമുദിച്ച ആശയവും തകർന്നടിഞ്ഞു വീഴുമെന്ന് നിങ്ങൾക്കൂഹിക്കാമായിരുന്നു. അന്നും എട്ടുവീട്ടിലെ കൂട്ടുകാരിയെ കണ്ടുമടങ്ങുമ്പോൾ എന്നത്തെയുംപോലെ ആനയ്ക്കാംപുഴയിലിറങ്ങി കാലുകഴുകുകയായിരുന്ന തന്നെ അരികെ രണ്ടാൾപൊക്കത്തിൽ വളർന്നുനിൽക്കുന്ന അവറാച്ചന്റെ കരിമ്പിൻതോട്ടത്തിലേക്ക് നിങ്ങൾ വലിച്ചിഴയ്ക്കുമ്പോൾ ഹൃദയം തേങ്ങിയിരുന്നു, ഇനി വഴുതാൻ നോക്കണ്ട. എന്റെ പ്രിയപ്പെട്ട അനിയാ, സിനിമയ്ക്കാണെന്നും പറഞ്ഞു് വീട്ടിൽനിന്നിറങ്ങിയ നീ അന്ന് അവറാച്ചന്റെ കരിമ്പുകളുടെമധുരംഒന്നറിഞ്ഞിട്ടുപോകാമെന്നുവെച്ചത് നിന്റെ മരണത്തീയതി നിശ്ചയിക്കാനായിരുന്നോ? അവറാച്ചൻ സ്വന്തം മക്കളേക്കാൾ സൂക്ഷ്മതയോടെ വളർത്തിയ കരിമ്പിൻതടി ഒടിച്ചെടുത്ത് നീ അയാളുടെ തലയ്ക്കടിച്ചപ്പോൾ അയാളുടെ മുഖത്തെ ചോര മുഴുവൻ വററിപ്പോയിരുന്നു.

---

ഗ്രോട്ടോ = മനുഷ്യനിർമ്മിതമായ ഗുഹ.

ആനക്കാംപുഴയിലെ വെള്ളച്ചുളമീൻപോലെയായി മാറിയ ആ മുഖം ഓർത്തോർത്ത് പിന്നീട് നമ്മൾ എത്ര ചിരിച്ചു? അയാൾ അവിടെനിന്നെണീറ്റോടിയപ്പോൾ നീ അയാൾ കേൾക്കാൻവേണ്ടി ഉറക്കെയുറക്കെ ചിരിച്ചത് അയാളെ പാമ്പിനേക്കാൾ പകയുള്ളവനാക്കിയിരുന്നോ? നിനക്കും നിന്റെ ചേച്ചിക്കുമുള്ള സാമർത്ഥ്യം നമ്മുടെ അനിയത്തിക്കില്ലാതെപോയി അനിയാ. അതയാൾ മുതലെടുക്കുകയും ചെയ്തു. നല്ലവാക്കു പറഞ്ഞ് അയാൾ നമ്മുടെ അനിയത്തിയെ വശത്താക്കിയിരുന്നെന്നു തോന്നുന്നു. ഒന്നുരണ്ടു പ്രാവശ്യം അയാളെപ്പറ്റി പറയുമ്പോൾ അവളുടെ കവിളിൽ തെളിഞ്ഞിരുന്ന അരുണിമയിൽനിന്നും അതൂഹിക്കാമായിരുന്നു.

ഉച്ചയ്ക്ക് ഊണും കഴിഞ്ഞുപോയ നീയും പുള്ളിച്ചിപ്പശുവിന്ന് വെള്ളവും കൊണ്ടുപോയ സിസിയും തിരിച്ചുവരുന്നത് ചലനമറ്റ് വെറുങ്ങലിച്ച ശവശരീരങ്ങളായിട്ടാണെന്ന് ഞങ്ങളാരുംതന്നെ അറിഞ്ഞിരുന്നില്ല. സിസി വെള്ളത്തിൽ വീണപ്പോൾ രക്ഷിക്കാനായി നീ ചാടിയതാണെന്ന് മുഖം അല്പംപോലും ചുളിയ്ക്കാതെ അയാൾ പറഞ്ഞപ്പോൾ നിന്റെ ചേച്ചി ഒഴികെ എല്ലാവരും അതേറ്റുപാടി. പക്ഷേ സംഭവിച്ചതെന്താണെന്നെനിക്കറിയാം. തന്റെ രണ്ടാമത്തെ ഇണയെയും വേർപെടുത്താൻ വന്ന ശത്രുവിനെ അയാൾ ആനക്കാംകുളത്തിലെ ചുഴിയുടെ ആഴത്തിലേക്ക് തള്ളിവിട്ടിരിക്കാം. സഹായത്തിനുവേണ്ടി നീ നിന്റെ അനിയത്തിയുടെ നേരെ നോക്കിയ നോട്ടമാവാം ആനക്കാംപുഴയിലേക്ക് ചാടാൻ അവളെ പ്രേരിപ്പിച്ചത്. എന്തായാലും അതിന്റെ രണ്ടാമത്തെ ആഴ്ച നിങ്ങളുടെ മരണം സൃഷ്ടിച്ച ഞെട്ടൽ മായുന്നതിനുമുമ്പ് അയാൾ കടലു കടന്നു. നിങ്ങൾ രണ്ടുപേരുടെയും മരണത്തിനു കാരണം ഞാനാണെന്ന ബോധം മനസ്സിനെകാർന്നുതിന്നുകൊണ്ടിരുന്നു. എങ്ങിനെ ഈ പാപത്തിൽനിന്നും മോചനം നേടും എന്ന ചിന്ത എന്നെക്കൊണ്ടെത്തിച്ചത് കന്യാസ്ത്രീ വേഷമിടാനാണ്" ഇന്ന് വീടും കുടുംബവും എന്റെ മനസ്സിനെ മൃദുലമാക്കാനും ധൈര്യം കെടുത്താനും ഇല്ല. ഇതാ അയാളുടെ വീടെത്തുകയായി. എന്റെ സുഖം ത്യജിച്ച് ഞാൻ എന്റെ പാപത്തിൽനിന്നും മോചനംനേടട്ടെ അനിയാ.

വീതിയേറിയ വീട്ടുപടി കയറുമ്പോൾ കണ്ടു. അയാൾ പുറത്തുതന്നെയിരിക്കുന്നു. അയാളുടെ കണ്ണുകൾ ഒന്നു തിളങ്ങി എന്നു തോന്നി. വരാന്തയിൽനിന്നും അകത്തേയ്ക്ക് കടക്കുമ്പോൾ മനസ്സിൽ തോന്നി, അയാൾ ഒന്നുകൂടി സുന്ദരനായിരിക്കുന്നു, മുറിയിലെ കുഷ്യനുകളിലൊന്നിൽ ഇരിക്കുമ്പോൾ അമർത്തിയടച്ച ഷെൽഫ് ബലംപ്രയോഗിച്ച് തുറക്കുന്നു. അയാളുടെ ബലമാർന്ന കൈ ശ്രദ്ധയിൽപ്പെട്ടു. പണ്ട് ഈ കൈകളിൽക്കിടത്തി അയാൾ തന്നെ നീന്താൻ പഠിപ്പിച്ചതു പെട്ടെന്നോർമ്മവന്നു. ഓർമ്മകളെ ഇവിടെ കടിഞ്ഞാണിട്ടു നിർത്തേണ്ടിയിരിക്കുന്നു. ഉദ്ദേശിച്ച കാര്യം നടത്തി തിരിച്ചുപോവാനാണ് താൻ വന്നിരിക്കുന്നത്. മുറിയുടെ വാതിൽ കൊളുത്തിടുന്ന ശബ്ദം കേട്ട് തലയുയർത്തി. താൻ ചെയ്യേണ്ട കാര്യം അയാൾ തന്നെ ചെയ്തുതീർക്കുന്നു. സ്വന്തം മരണശയ്യ അയാൾ തന്നെ ഒരുക്കട്ടെ. എന്തുപറഞ്ഞ് നിശ്ശബ്ദത മാറ്റണമെന്ന് ആലോചിക്കെ അയാൾ കൈപിടിച്ച് കട്ടിലിലിരുത്തിക്കഴിഞ്ഞിരുന്നു. വേണ്ട ഇതിനൊന്നും എതിർക്കണ്ട. വളരെ സ്നേഹപൂർവ്വം നിന്നെങ്കിലേ കാര്യം നടക്കൂ. അയാളുടെ ഷർട്ടിന്റെ ബട്ടൺ അഴിച്ചുകൊടുക്കവേ അയാളുടെ കണ്ണിലെ അത്ഭുതഭാവം ശ്രദ്ധിച്ച് ഉള്ളാലെ ചിരിച്ചു. പിന്നീട് അയാൾ ബോധം നഷ്ടപ്പെട്ടതുപോലെയായിരുന്നു. അയാളെന്തുചെയ്യുന്നു എന്ന് അയാൾതന്നെ അറിയുന്നില്ലെന്നു തോന്നി. അയാളുടെ കരുത്ത കൈകൾ ശരീരത്തിൽ വന്നു പതിച്ചപ്പോൾ ഹൃദയം പതറിയതുപോലെ തോന്നി. ഇല്ല, ഉറച്ചുതന്നെ നിൽക്കണം ഇത് സിസ്റ്റർ ജസ്‌ലെതാണ്, പഴയ ജെസ്സിയല്ല. അയാളുടെ രണ്ടു കൈയും ദേഹത്തെ വരിഞ്ഞുമുറുക്കിയപ്പോൾ അയാളോടലിഞ്ഞുചേരുമ്പോൾ തോന്നി' ആനക്കാംപുഴയിലെ വെള്ളത്തിലിറങ്ങി കാലുകഴുകുന്നതിനേക്കാൾ സുഖം തോന്നുന്നു.

# മഴയും മരണവും

എ. ഐ. അബ്ദുൽ റഊഫ്

ആകാശത്തിന്റെ നിറം നീലതന്നെയായിരുന്നു. ഭൂമി വരണ്ടുണങ്ങിയിരുന്നു. വൈകുന്നേരങ്ങളിൽ ഞങ്ങൾ സല്ലപിച്ചിരിക്കാറുള്ള മരച്ചുവടിന്റെ മേലെ, കത്തിക്കരിഞ്ഞ പോലെ. മരത്തിന്റെ ഉണങ്ങിയ തണലിന്ന് വെയിലിനെപ്പോലെ ചൂടുണ്ടായിരുന്നു. കാതൽപോലും വരൾച്ച കാർന്നു തിന്ന മരം. മരം വളരുന്നുണ്ടായിരുന്നില്ല. പക്ഷേ, മരത്തിന്റെ നിഴൽ വളരുന്നുണ്ടായിരുന്നു. മരത്തേക്കാൾ വേഗത്തിൽ വളരുന്ന മരത്തിന്റെ നിഴൽ ഞാൻ നോക്കി.

ഞങ്ങളുടെ ഗ്രാമത്തിൽ എങ്ങുമേ ജലമുണ്ടായിരുന്നില്ല. നീരുറവകൾ വററിപ്പോയിരുന്നുവെന്ന് പറയാനുണ്ടോ? കിണറുകൾ ഭംഗിയായി കെട്ടിപ്പൊക്കിയ ഗർത്തങ്ങൾപോലെ. ചാലുകളും ആറും വററിപോയിരുന്നു. പക്ഷേ, ആ കൊടും വരൾച്ചയിലും വററാത്ത ഒന്നുണ്ടായിരുന്നു—കണ്ണുനീർ ഞങ്ങളുടെ കണ്ണുനീർ, ഞങ്ങളുടെ ഗ്രാമത്തിന്റെ കണ്ണുനീർ.

മഴ ലഭിക്കാൻ ഞങ്ങൾ എന്തെല്ലാം ചെയ്തില്ലെന്നോ? വരുണപൂജ നടന്നു. മഴ പെയ്തില്ല. പിന്നെ, കടപ്പുറത്ത് പോയി. കത്തിയെരിയുന്ന ആകാശത്തിന് കീഴെ, ചുട്ടുപൊള്ളുന്ന വെയിലിൽ നിന്നുകൊണ്ട് പ്രാർഥിച്ചു. ചുട്ടുപഴുത്ത മണലിൽ നെററിത്തടം അമർത്തിവെച്ചുകൊണ്ട്, കൈപത്തി മണലിൽ പൂഴ്ത്തിവെച്ചുകൊണ്ട് സാഷ്ടാംഗം പ്രണമിച്ചു. മഴ പെയ്തില്ല. ചൂടുള്ള കണ്ണുനീർ, ചവന്ന മണലിൽ ഇററിവീഴുമ്പോൾ, തീക്കനലിൽ വെള്ളത്തുള്ളികൾ വീഴുന്ന ശബ്ദം കേട്ടു. പിന്നെ, നിലം സ്പർശിച്ച അതേ മാത്രയിൽ കണ്ണുനീർ നീരാവിയായിപ്പോകുന്നതും നിറഞ്ഞ കണ്ണുകളോടെ ഞങ്ങൾ കണ്ടു.

''പാപങ്ങളിൽ പാശ്ചാത്തപിക്കുവിൻ. അത്യുന്നതങ്ങളിൽ ഉള്ളവൻ മഴ പെയ്യിക്കും.''

ലോഹംകൊണ്ടുള്ള കൈയുയർത്തി, ലോകത്തെ മുഴുവൻ അനുഗ്രഹിക്കുന്ന വെളുത്തരൂപമായിരുന്നു അപ്പോൾ ഞങ്ങൾക്കു മീതെ. ഞങ്ങൾ മുട്ടുകുത്തി പ്രാർഥിച്ചു. മഴ പെയ്തതേയില്ല.

''ദാനം നല്കുവിൻ ദാഹം ശമിക്കും. ദാനം പാപത്തെ കെടുത്തിക്കളയുന്നു. അഗ്നിയെ ജലം കെടുത്തിക്കളയും പോലെ.''

എല്ലാവരും ദാനം നല്കി. പാപം കെടുത്തിക്കളയാൻ. ഞാൻ യാതൊരു പാപവും ചെയ്തിരുന്നില്ല. ഇപ്പോൾ ജനിച്ചുവീണ കുഞ്ഞിനെപ്പോലെ പരിശുദ്ധനായിരുന്നു ഞാൻ എപ്പോഴും. അതുകൊണ്ടുതന്നെ ഞാൻ നൽകിയില്ല.

ഞാൻ ദാനം നല്കാഞ്ഞിട്ടും, എല്ലാവരും ദാനം നല്കിയിട്ടും മഴ വന്നില്ല.

ആകാശം കത്തിയെരിഞ്ഞു. ഭൂമി ചുട്ടുപഴുത്തു. അമ്മമാരുടെ മുലപ്പാൽ വററി. കുഞ്ഞുങ്ങളുടെ കണ്ണുനീർ മാത്രം വററിയില്ല.

ഞാൻ ദാനം നൽകാഞ്ഞിട്ടാകുമോ മഴ പെയ്യാത്തത്? ഒരു പക്ഷേ ആവാം. ഉയരങ്ങളിൽ ഉള്ളവന്റെ ഉള്ളിലിരിപ്പ് ആരറിയുന്നു?

ഒടുവിൽ ഞാനും നല്കി ദാനം. ആദ്യദിവസം ഒരു കള്ളന് പിന്നത്തെ ദിവസം ഒരു വേശ്യക്ക് പിന്നെ ഒരു പണക്കാരന്

മഴ പെയ്തില്ല. ദാനം നല്കപ്പെട്ട ആളുകൾ മോശപ്പെട്ടവർ ആയതിനാലാവുമോ, മഴ പെയ്യാത്തത്? പക്ഷേ, ക്ഷണം പണ്ടു പറഞ്ഞ ഒരു ഗുണപാഠകഥയിലെ സാരാംശം ഓർമ്മയിൽ വന്നു.

''ഒരാൾ, ഞാൻ ഇന്നു ദാനം നല്കും.'' എന്നു നിശ്ചയിച്ചു. ആദ്യദിവസം അയാൾ ദാനം നൽകി, ഒരു കള്ളന് ജനങ്ങൾ അയാളെ പരിഹസിച്ചു. 'കള്ളന് ദാനം നൽകിയവനേ''. പിന്നെ ദിവസവും അയാൾ ദാനം നൽകി, ഒരു വേശ്യയ്ക്ക് ആളുകൾ അയാളെ പരിഹസിച്ചു. വേശ്യയ്ക്ക് ദാനം നൽകിയവനേ'' പിന്നത്തെ ദിവസവും അയാൾ ദാനം നല്കാതിരുന്നില്ല. അന്ന് ഒരു പണക്കാരന്. അന്നും ജനങ്ങൾ അയാളെ പരിഹസിക്കാതിരുന്നില്ല. പണക്കാരന് ദാനം നൽകിയവനേ'' അപ്രതീക്ഷിതമായി, ഒരു അപരിചിതൻ വന്ന് അയാളോടു പറഞ്ഞു. നിങ്ങൾ ചെയ്തതെല്ലാം നല്ല കാര്യങ്ങളാണ്. നിങ്ങൾ കൊടുത്ത പണത്താൽ, കള്ളൻ അയാളുടെ തൊഴിൽ നിർത്തിയേക്കാം. നിങ്ങൾ കൊടുത്ത പണത്താൽ വേശ്യ വേശ്യാവൃത്തി ഉപേക്ഷിച്ചേക്കാം നിങ്ങളിൽ നിന്നും ദാനം പാകിയ പണക്കാരൻ മനസ്സാന്തരം വന്ന് നാളെ മുതൽ ദാനം ചെയ്തുതുടങ്ങിയേക്കാം'' അങ്ങിനെ അയാൾ ആശ്വസിച്ചു.''

ഞാനും ആശ്വസിച്ചു. എന്നെങ്കിലും ഒരപരിചിതൻ എന്നെക്കാണാൻ വരും എന്ന് ഞാൻ കരുതി. അപരിചിതരാതിരുന്നില്ല വന്നത്. ആദ്യം കള്ളൻ വന്നു. പിന്നെ വന്നത് വേശ്യ. പിന്നെ പണക്കാരന്റെ ഊഴമായിരുന്നു.

അവരെല്ലാം ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു. ''ഇന്നും വേണം പണം'' ഞാൻ ജീവച്ഛവമായി.

പരിശുദ്ധൻെറ ദാനത്തിന് വിലയില്ലേ? എന്നല്ല, പരിശുദ്ധനായ ദൈവംപോലും അപഹസിക്കയോ?ഞാൻ കരഞ്ഞു. വീണ്ടും എൻെറ കാതുകളിൽ ഈ വാക്യം മുഴങ്ങി. ''പാപങ്ങളിൽ പാശ്ചാത്തപിക്കുവിൻ. ഉയരങ്ങളിൽ ഉള്ളവൻ മഴ പെയ്യിക്കും.''

പക്ഷേ, യാതൊരു പാപവും ചെയ്യാത്ത ഒരുവൻ എങ്ങനെ എന്തിന് പാശ്ചാത്തപിക്കണം എന്നായി എൻെറ ചിന്ത. എങ്കിലും പാശ്ചാത്തപിക്കുവാൻ തീരുമാനിച്ചു.

ഏകാന്തതയിൽ ദൈവ സാമീപ്യം ഉറക്കൊണ്ട് പാശ്ചാത്തപിക്കണം. അങ്ങനെ ചുട്ടുപൊള്ളുന്നവെയിലത്ത്, ഞാൻ ഞങ്ങളുടെ ഗ്രാമത്തിൻെറ തിലകമായകുന്നിലേക്ക് കയറാൻ തുടങ്ങി. അത്യുന്നതങ്ങളിലേക്ക്. ഒടുവിൽ ഞാൻ അത്യുന്നതിയിൽ എത്തി. ഏകാന്തതയിൽ പാശ്ചാത്തപിക്കാൻ ശ്രമിച്ചു. കഴിയുന്നില്ല ഗ്രാമത്തിലെ മററുള്ളവരെല്ലാം പാശ്ചാത്തപിച്ചിരുന്നു. ഗ്രാമദൃഷ്ടിയിൽ അതിവിശുദ്ധനായ പുരോഹിതൻ പോലും. എനിക്കുമാത്രം പാശ്ചാത്തപിക്കാൻ കഴിയുന്നില്ലല്ലോ.

നിസ്സഹായനായ ഞാൻ വിലപിച്ചു, വീണ്ടും വീണ്ടും. എൻെറ കണ്ണീർ ഞാൻ കുടിച്ചു. ദാഹം അടങ്ങിയില്ല. എൻെറ കീറിയ പാദത്തിന്നടിയിൽനിന്ന് ഊറിവന്ന രക്തച്ചാലുകറം കത്തുന്ന കരിമ്പാറകറം ആർത്തിയോടെ, നക്കികുടിക്കുന്നത്, കിതപ്പിനിടയിൽ ഞാൻ കണ്ടു. തളർന്ന ദൃഷ്ടികളോടെ പിന്നിട്ടുപോന്ന വഴിയിലേക്ക് തിരിഞ്ഞുനോക്കി താഴേയ്ക്ക്. അവിടമാകെ മഴ തകർത്തുപെയ്യുന്നു.

ഞാൻ ഞെട്ടി. ''ദൈവമേ എനിക്കുമാത്രം മഴയില്ലല്ലോ'' തേങ്ങിക്കൊണ്ട് ഞാൻ പറഞ്ഞു. ''ദൈവമേ കാരുണ്യസാഗരമേ യാതൊരു പാപവും ചെയ്യാത്ത എനിക്കുമാത്രം മഴയില്ലല്ലോ.''

അപ്പോറം ഒരശരീരി ഉയർന്നു. ''കുഞ്ഞേ നീ യാതൊരു പാപവും ചെയ്തില്ല. അതിനാൽ നീ പാശ്ചാത്തപിച്ചില്ല. പശ്ചാത്തപിച്ചവർക്കേ മഴയുള്ളൂ.''

ദൈവത്തിൻെറ സ്വരം കേട്ട ഞാൻ ഉന്നതങ്ങളിലേക്ക് ഉയർന്നുപോകുകയാണല്ലോ എന്നോർത്തു.

# നബി വചനങ്ങൾ

* തൊഴിലാളി അദ്ധ്വാനിച്ചാൽ വിയർപ്പ് വററുന്നതിനു മുമ്പ് അവന് പ്രതിഫലം നൽകേണ്ടതാണ്.
* ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് നന്നായിതീർന്നാൽ ശരീരം മുഴവൻ നന്നായിക്കഴിഞ്ഞു. അത് ചീത്തയായിത്തീർന്നാൽ ശരീരം മുഴുക്കെ ചീത്തയായിക്കഴിഞ്ഞു. അതത്രെ ഹൃദയം!
* നിങ്ങൾ മൂന്നുപേർ മാത്രമുള്ളപ്പോൾ ഒരാളെ ഒഴിവാക്കി മററു രണ്ടുപേർ സ്വകാര്യം പറയരുത്.
* കപട വിശ്വാസിയുടെ ലക്ഷണങ്ങൾ മൂന്നെണ്ണമാണ്. സംസാരിച്ചാൽ കളവു പറയുക, വാഗ്ദാനം ചെയ്താൽ ലംഘിക്കുക, അവനെ വല്ല കാര്യത്തിലും വിശ്വസിച്ചാൽ വഞ്ചിക്കുക.
* അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറയ്ക്കുന്നവൻ നമ്മിൽ പെട്ടവനല്ല.
* ദാനം ആപത്തുകളെ തട്ടിനീക്കുന്നു.
* മരണപ്പെട്ടവരെ നിങ്ങൾ കുററം പറയരുത്; അവർ മുമ്പ് എന്ത് പ്രവർത്തിച്ചിരുന്നുവോ അതിലേക്കവർ എത്തിച്ചേർന്നുകഴിഞ്ഞു.
* വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ—തീർച്ചയായും സൃഷ്ടികളിൽ വെച്ചേററവും നല്ലവർ അവർ തന്നെയാണ്.

സമ്പാദകൻ:— മുഹമ്മദ് ഇസ്മായിൽ പി. പി.

# ഒടുക്കത്തിനു് തൊട്ടു് മുമ്പു്

അബ്ദുൽസത്താർ വി. കെ.

രണ്ട് ലോക മഹായുദ്ധങ്ങൾ നടന്നു—ഈ നൂററാണ്ടിന്റെ ഏററവും വലിയ ശാപം! അന്നു ലോകത്തുണ്ടായിരുന്ന സർവ്വ ആയുധങ്ങളും ഉപയോഗിക്കപ്പെട്ടു. തലമുറകളോളമായി ഇന്നും ലോകജനത, അതിന്റെ പ്രത്യാഘാതം അനുഭവിക്കുന്നു. അണുവായുധം ആദ്യമായി ഉപയോഗിച്ച രണ്ടാം ലോകയുദ്ധത്തിൽ ഹിരോഷിമയിലും നാഗസാക്കിയിലും ഇട്ട ബോംബുകളുടെ ആയിരക്കണക്കിന് മടങ്ങ് നശീകരണശക്തിയുള്ള 10ലക്ഷം അണുബോംബുകൾ ഇന്ന് ലോകത്തിലെ ആയുധപ്പുരകളിലുണ്ട്. ഏതെങ്കിലും ഒരു 'പിശാചി'ന്ന് സമനില തെററിയാൽ ലോകം ചാമ്പലാകുവാൻ അർദ്ധനിമിഷങ്ങൾ മതി!

ഇനിയൊരു അണുയുദ്ധം ഉണ്ടായാൽ ലോകം ചാരമാകുമെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പുനല്കിയിട്ട് കാലംകുറെയായി പക്ഷേ, വൻശക്തികൾക്കിതൊന്നും ബാധകമല്ല. പരസ്പരം സൗഹാർദ്ദത്തിൽ കഴിയുന്ന അയൽരാജ്യങ്ങൾക്ക് ആയുധം നല്കി ഭൂഖണ്ഡങ്ങളിൽ യുദ്ധത്തിന്റെ കരിനിഴൽ സൃഷ്ടിക്കുകയാണ് ഇന്നും 'ശക്തികൾ' ഇന്ന് അയൽരാജ്യങ്ങൾ തമ്മിൽ ഭീതിയിലാണ്. പ്രതിരോധത്തിന് ഓരോ രാജ്യവും അത്യാധുനികായുധങ്ങൾ വാങ്ങാൻ നിർബന്ധിതമാകുന്നു. ഫലമോ? വികസനപ്രവർത്തനങ്ങളെന്നല്ല, പ്രാഥമികാവശ്യമായ ഭക്ഷണകാര്യം പോലും ശ്രദ്ധിക്കപ്പെടാതെ പോകുന്നു! ഇങ്ങിനെ ലോകസമ്പത്ഘടന വർദ്ധിക്കുന്നതെങ്കിലും ദാരിദ്ര്യം പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയുന്നില്ല.

അല്പം സൈനികശക്തിയുള്ള രാജ്യത്തിന് തങ്ങളേക്കാൾ ചെറിയ രാജ്യങ്ങളിൽ സൈനിക ഇടപെടലുകൾ നടത്തുക ഇന്നൊരു 'ഹോബി'യായിരിക്കയാണ്. ലോകത്തൊരു രാജ്യവും തങ്ങളുടെ ആഭ്യന്തരപ്രശ്നങ്ങളിൽ അന്യരാജ്യം ഇടപെടുന്നതിഷ്ടപ്പെടുന്നില്ല. പ്രത്യേകിച്ച് വൻശക്തികൾ. കാരണം വൻശക്തികളിടപെടുന്നത് എപ്പോഴും എരിതീയിൽ എണ്ണ ഒഴിക്കലാണല്ലോ. വർഷങ്ങൾക്കു മുമ്പ് കമ്പൂച്ചിയയിൽ അമേരിക്ക സൈനിക ഇടപെടലുകൾ നടത്തി. അതി ക്രൂരമായ വിനാശങ്ങൾ ആ രാജ്യത്തിന് വരുത്തിവെച്ചു. പക്ഷേ, ബഹുജനങ്ങളോടെതിരിടാൻ കഴിയാതെ 30 വർഷങ്ങൾക്കുശേഷം ജിമ്മി കാർട്ടർക്കു് നാണിച്ചു തിരിച്ചുവരേണ്ടിവന്നു. ഇന്നല്ലെങ്കിൽ നാളെ, ഇതേ അനുഭവമായിരിക്കും റഷ്യൻ സൈനികർക്കു് അഫ്ഗാനിസ്ഥാനിൽ നിന്നും ലഭിക്കുക. ധീരമായ ചെറുത്തുനിൽപ്പിലൂടെ ഈ രാജ്യങ്ങളിലെയെല്ലാം ജനത വിദേശഇടപെടലിനെ എതിർത്തിട്ടും എന്തിനീ പേക്കൂത്തുകൾ നടത്തുന്നു? ഗ്രനേഡ എന്ന ദ്വീപിൽ വൻശക്തികളടക്കം ആറോളം വിദേശസൈന്യങ്ങളാണ് 'ഇടപെട്ടത്'' സാമ്രാജ്യത്തിന്റെ കറുത്ത മുഖങ്ങൾ ഈവിധം എത്ര ദാരുണ്യവും കഠോരവുമാണ്.

ഒന്നൊന്നരവർഷം മുമ്പ് അമേരിക്കൻ സെനററ് ന്യൂട്രോൺ ബോംബുണ്ടാക്കുന്നത് അനുവദിച്ചു. ഈ ബോംബിന്റെ ഗുണമെന്തെന്നല്ലേ? മററു ബോംബുകളെപോലെ 'സർവ്വനാശം' വരുത്തിവെക്കില്ല. വിലയില്ലാത്ത മനുഷ്യനെ മാത്രമെ അതു നശിപ്പിക്കു, വില കൂടിയ സമ്പത്ത് (അതുപയോഗിക്കാൻ മനുഷ്യൻ വേണ്ടേ?) നശിപ്പിക്കില്ല. ഈ അടുത്ത കാലത്തുതന്നെ എം. എക്സ് മിസൈൽ എന്ന ഒരു തരം അത്യാധുനിക മിസൈൽ ഉണ്ടാക്കാനും റെയ്ഗൺ ഗവണ്മേണ്ട് തീരുമാനിച്ചു! മനുഷ്യത്വം എന്താണെന്ന് ഇനി എന്നാണാവോ മനസ്സിലാവുക!

ഇതിലൊട്ടും കുറവായിരിക്കില്ല സോവ്യററ്യൂണിയന്റെത്. അവിടെനിന്നും 'രഹസ്യ' വാർത്തകൾ പുറംലോകം കാണുന്നില്ലെന്നു മാത്രം. ''അണുവായുധം ആദ്യമായി ഉപയോഗിക്കുന്ന രാജ്യം റഷ്യയായിരിക്കുകയില്ലെന്ന്'' സമന്ത (Samantha) എന്ന ഒരു അമേരിക്കൻ കൊച്ചു മിടുക്കിയെ അവളുടെ സംശയത്തിനു മറുപടിയായി പ്രസിഡണ്ട് യൂറി ആന്ദ്രോപാവ് അറിയിച്ചു. അല്പം ആശ്വാസം! എന്നാൽ ആയുധം വിററ് മററു രാജ്യത്തെക്കൊണ്ടുപയോഗിക്കുന്ന നാൾ അത്ര വിദൂരത്താണോ?

ലോകത്തെ മിക്കരാജ്യങ്ങളും ഒന്നുകിൽ അമേരിക്കയുടെ, അല്ലെങ്കിൽ റഷ്യയുടെ ''കൂടെ''യാണ്. മിക്ക ചേരിരഹിത രാജ്യങ്ങളും ഇതിൽനിന്നും മുക്തമല്ല. ഇതോടൊപ്പംതന്നെ ലോകരാഷ്ട്രങ്ങളിൽ നീറുന്ന പ്രശ്നങ്ങളാണ്. അണുവായുധത്തിന്റെ 'ആസൂത്രണ'മില്ലാത്ത നയം ഇത്തരം രാഷ്ട്രങ്ങളെയാണ് കൂടുതൽ ബാധിക്കുക. എല്ലാ കാര്യങ്ങളിലും സ്വയം പര്യാപ്തമായ ഒരു രാജ്യവും ഇന്നില്ല. ഇങ്ങിനെ ഏത് രണ്ട് രാജ്യങ്ങൾ യുദ്ധം ചെയ്താലും കുറെക്കൂടി ലോകയുദ്ധത്തിലേക്കത്തു് അടുപ്പിക്കും. വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന ഇറാൻ—ഇറാക്ക് യുദ്ധം ഇതിനുദാഹരണമാണ്. ഈയിടെ ഫ്രാൻസ് ഇറാക്കിന് നൽകിയ 5 യുദ്ധവിമാനങ്ങൾ ഇറാനെതിരെ പ്രയോഗിച്ചാൽ, തങ്ങളുടെ 'അവകാശ'ത്തിലുള്ള ഹോർമൂസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാൻ ഭീഷണി മുഴക്കുന്നു. ഇതാകട്ടെ പടിഞ്ഞാറൻ രാജ്യങ്ങളെ ആകെ സ്തംഭിപ്പിക്കും. അമേരിക്ക കൈകെട്ടി നോക്കിയിരിക്കില്ലെന്നു നേരത്തെ മുന്നറിയിപ്പു നല്കിയിരിക്കുകയാണ്. ഈ യുദ്ധത്തിൽ വൻശക്തികൾ കൂടി ഇടപെട്ട് അതൊരു ആഗോള

യുദ്ധമായിത്തീർന്നേക്കും. ഇങ്ങനെ പ്രതിസന്ധികൾ തിങ്ങി നിറഞ്ഞ ലോകത്തിൽ കുമിഞ്ഞുകൂടുന്ന ആയുധങ്ങൾ മനുഷ്യനെ—ലോകത്തെ—അന്ത്യദിനത്തോട് ഓരോ നിമിഷവും അടുപ്പിക്കുന്നു.

ലോകത്തിലെ എല്ലാ രാഷ്ട്രനേതാക്കളും ആയുധമത്സരത്തിൽ 'ഉൽക്കണ്ഠ' ഉള്ളവരാണ്. പക്ഷേ ഒരു രാജ്യവും ഈ മത്സരത്തിൽ പങ്കെടുക്കാതിരിക്കുന്നുമില്ല.

ലോകത്താകമാനം മിസൈൽ നിറക്കപ്പെട്ടിരിക്കുകയാണ്. സർവ്വവാഗ്ദാനങ്ങളെയും തെററിച്ചുകൊണ്ട് യാങ്കിപ്പിശാച് യൂറോപ്പിലും ഇംഗ്ലണ്ടിലും പശ്ചിമ ജർമ്മനിയിലുമെല്ലാം മിസൈൽ സ്ഥാപിച്ചിട്ടുണ്ട്. ഈ നടപടിയാകട്ടെ, സോവ്യററ്യൂണിയനെ 'ജനീവാ നിരായുധീകരണ' സംഭാഷണങ്ങളിൽ നിന്നും ഇറങ്ങിപ്പോരാൻ സഹായിച്ചെന്നു മാത്രമല്ല, അമേരിക്കക്കും ജപ്പാനുമെതിരെ മിസൈലുകൾ സ്ഥാപിക്കാൻ കാരണമായിരിക്കുന്നു. അണുയുദ്ധത്തിനു ഇനി ''മൂന്നേ മൂന്നു നിമിഷം''...........!

ലോകസമാധാനത്തിന്നായുള്ള ലോകരാഷ്ട്രങ്ങളുടെ സംഘടന— ഐക്യരാഷ്ട്രസഭ— യെ പലപ്പോഴും ക്ഷീണിപ്പിക്കുന്ന നടപടികളാണ് സാമ്രാജ്യവാദികൾ കൈക്കൊള്ളുന്നത്. നവവത്സരസമ്മാനമായി അമേരിക്ക ''യുനെസ്‌ക്കോ'യിൽ നിന്ന് ഒഴിയാൻ തീരുമാനിച്ചതും ബ്രിട്ടണിലെ മിസൈൽ പ്രവർത്തിക്കാൻ തുടങ്ങിയതും സ്മരിക്കുക. അമേരിക്കയുടെ കീഴിൽ രാജ്യങ്ങൾ അണിനിരന്ന് 'യഥാർത്ഥസ്വാതന്ത്ര്യം' ഇല്ലാതാക്കുന്നുവെന്നതാണത്രേ 'യുനെസ്‌ക്കോ' പിന്മാററത്തിനു കാരണം!

യു. എൻ. ആസ്ഥാനം ന്യൂയോർക്കിൽ നിന്നും മാററാൻ മിക്ക രാജ്യങ്ങളും തീരുമാനിച്ചു കഴിഞ്ഞു. ദക്ഷിണകൊറിയൻ യാത്രാവിമാനത്തെ മിസൈൽ വിട്ട് നിർദാക്ഷിണ്യം വീഴ്ത്തി റഷ്യ (ചാരപ്രവർത്തനത്തിന്നാണ് 269 പേരടങ്ങിയ വിമാനം നശിപ്പിച്ചതെന്ന് 'ടാസും' 'പ്രവദ'യും പറയുന്നു) ഫലസ്തീനിൽ ഇസ്രായേലിനെക്കൊണ്ട് കൂട്ടക്കൊല (ആയിരക്കണക്കിനാളുകൾ!) നടത്തിച്ചത് അമേരിക്കയല്ലാതാര്. ഒരു മൂന്നാം ലോകരാജ്യത്ത് വേണം, യു. എൻ. ആസ്ഥാനം എന്ന മുറവിളി ശക്തിയേറി വരുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

എവിടെ നോക്കിയാലും നിരായുധീകരണത്തിന്നുവേണ്ടിയുള്ള കോലാഹലങ്ങൾ. എവിടെയും വെള്ളരിപ്രാവുകൾ പറക്കുന്നു! 'ചർച്ച'കൾക്കും 'ഉച്ചകോടി'കൾക്കും യാതൊരു പഞ്ഞവുമില്ല. വമ്പിച്ച സാമ്പത്തിക ഞെരുക്കത്തിൽ കിടന്നു പൊരിയുമ്പോഴും 'ലോകസമാധാനം' മാത്രം ലക്ഷ്യമാക്കി ഭാരതം എത്ര ഉച്ചകോടികൾക്ക് ആതിഥ്യമരുളി? വികസനപ്രവർത്തനങ്ങളും ദാരിദ്ര്യനിർമ്മാർജ്ജനവും വിലവെക്കാതെ ഭൂമിയിൽ മനുഷ്യപുത്രന്റെ സമാധാനത്തിന്നായി ചെലവഴിക്കുന്ന കോടികൾക്കെന്തു വില!

ഇന്നുള്ള ആയുധങ്ങൾ ആകെ മരവിപ്പിച്ചുകൂടെ? ഇതൊരിക്കലും ഒരു സാമ്പത്തിക ബുദ്ധിമുട്ട് വരുത്തിവെക്കില്ല.'' റവന്യൂ വരുമാനത്തിന്റെ പേരിൽ വിഷം കലർന്നതും അല്ലാത്തതു (?) മായ മദ്യങ്ങൾ വിററ് മനുഷ്യന്റെ പ്രയത്നം നശിപ്പിക്കുന്നതിനു പുറമെ ജീവഹാനി വരുത്തുകയും അതിന് ഫലമായ കിട്ടിയ വരുമാനത്തിന്റെ ഇരട്ടി ചെലവാക്കേണ്ടി വരുകയും ചെയ്തിട്ടും മദ്യനിരോധനം നിലവിൽ വരുന്നില്ല എന്നതുപോലെ തന്നെയാണിതെന്നു മാത്രം. ഓരോ രാജ്യവും മററുള്ളോററിലുപരി 'പ്രതിരോധ'ത്തിന്നാണ് നീക്കിവെക്കുന്നത്. ഈ ഭീമമായതുക നശിപ്പിക്കുക വളരെ പ്രയാസകരമാണ്. എന്നാൽ നശിപ്പിക്കപ്പെട്ടാലുള്ള വലിയ ഉപകാരത്തെ അപേക്ഷിച്ച് ഈ നഷ്ടം എത്രയോ ചെറുതാണ്. ഇനിയൊരിക്കലും യുദ്ധം ഉണ്ടാകില്ലെന്നുറപ്പായാൽ, പ്രത്യേകിച്ച് അയൽരാജ്യങ്ങൾ ആയുധവിമുക്തമായാൽ തീർച്ചയായും വലിയൊരുസംഖ്യ മിച്ചമുണ്ടാകും. ഇതാകട്ടെ രാജ്യപുരോഗതിക്ക് ഉപയോഗിക്കുകവഴി എല്ലാ രാഷ്ട്രങ്ങൾക്കും വികസിതമാകാം. രാജ്യവിസ്തൃതിയേക്കാൾ ഉള്ള രാജ്യത്തിന്റെ പുരോഗതിയാണ് പ്രധാനം.

മറെറാന്ന് പ്രധാന പരിഹാരം, എല്ലാ രാജ്യങ്ങളും വികസനവർത്തനങ്ങളിൽ കൂടുതൽ വ്യാപൃതമാകണം. ഇതാകട്ടെ, ഒരു വെടിക്ക രണ്ടു പക്ഷി കിട്ടുന്നതുപോലെയാണ്. മറെറാന്നാണ് ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നശീകരണത്തിനുപയോഗിക്കില്ലെന്ന് ഓരോ ശാസ്ത്രജ്ഞനും പ്രതിജ്ഞയെടുക്കണമെന്നു മാത്രമല്ല, അതു പ്രാവർത്തികമാക്കാനും ശ്രദ്ധിക്കണം. നമ്മുടെ മഹത്തായ കണ്ടുപിടുത്തങ്ങൾ ഒരിക്കലും നമ്മെ ഉന്മൂലനം ചെയ്യാനായിക്കൂടാ, മാനവഗുണത്തിന് മാത്രമെ അതുപയോഗിക്കാവൂ.

ഏററവും കൂടുതൽ ശ്രദ്ധിക്കേണ്ടത് വ്യക്തികളെ യുദ്ധത്തിന്റെയും അണുവായുധത്തിന്റേയും ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുകയും അതിനുവേണ്ടി ഒററക്കെട്ടായി നിന്ന് പോരാടാൻ പ്രേരിപ്പിക്കുകയുമാണ്. മുഴുവൻ ജനങ്ങളുടെയും വികാരത്തിനുമുമ്പിൽ എല്ലാം മുട്ടുമടക്കിയ ചരിത്രമാണ് ലോകത്തിനുള്ളത്.



# ഓർമ്മകളുടെ

# ഒരു സായന്തനബിന്ദുവിൽ

സുരേഷ്ബാബു എം.

റബ്ബർമരങ്ങൾ ഇല കൊഴിഞ്ഞ് വീണ്ടും തളിർക്കുന്നത് അവധിക്കാലത്തിനു മുമ്പാണ്. മൊട്ടയടിച്ച മരങ്ങൾക്കിടയിലൂടെ മഞ്ഞവെയിൽ അരിച്ചിറങ്ങുമ്പോൾ നടക്കാനിറങ്ങും. കൈത്തണ്ടയിൽ കീറിപ്പൊളിഞ്ഞ നാലഞ്ച് പുസ്തകങ്ങളാണുണ്ടാവുക. മഞ്ഞനിറമുള്ള നെൽച്ചെടികൾ മുഖത്തു പററിയ വിയർപ്പ് തട്ടിമാററി വിളിച്ചുപറയും

"ഹേ കൂട്ടുകാരാ, ഇത് ഹേമന്തമാണ്...............നോക്കു ഞങ്ങൾ കതിരണിഞ്ഞിരിക്കുന്നു"

ഒന്നും അറിയുന്നുണ്ടാവില്ല. ആരോ കൊണ്ടുവരാമെന്നേററ ഓലപ്പന്തിനെക്കുറിച്ചായിരിക്കും ചിന്ത മുഴുവൻ.

സ്കൂളിൽനിന്ന് തിരിച്ചുപോരുമ്പോൾ ശരീരത്തിലെവിടെയെങ്കിലും ഒരു മുറിവു പററിയിട്ടുണ്ടാവും. മഞ്ഞനിറമുള്ള കുട്ടിക്കുപ്പായം കീറിയിട്ടുണ്ടാവും. വെയിൽനാളങ്ങൾ വിയർപ്പുതുള്ളികൾ ആററിയെടുക്കുമ്പോൾ നല്ല സുഖമാണ്.

ഓട്ടുകയായിരിക്കും. കരിയും ചാണകവും മെഴുകിയ നിലത്തിരുന്ന് കഞ്ഞി മോന്തുമ്പോഴും ധൃതിയാണ്. മേലേടത്ത് പോകണം, നെല്ലിയ്ക്കുറിയണം. അവരെല്ലാവരും ഇപ്പോഴെത്തും.

ഹേമന്തമേ നീയെത്ര പ്രശാന്തയാണ്. ആരും ആരേയും അലട്ടാതെ പിരിഞ്ഞുപോകുന്നു. മലമുകളിലെ പാറക്കെട്ടിൽ നിന്ന് നോക്കുമ്പോൾ എല്ലാം എത്രയോ മനോഹരമായിരിക്കുന്നു. കാട്ടുകൈതകൾ നിറഞ്ഞ തോട്. കൊക്കുകൾ കുത്തിയിരിക്കുന്ന വയൽ.........

എയ് എൻെറ കുഞ്ഞിപ്പക്ഷീ, ഇങ്ങടുത്തുവരൂ, ഇതാ ഞാൻ നിനക്കൊരു നെല്ലിക്ക പറിച്ചുതരാം.

രാത്രി, ഉറങ്ങുന്നതിനു തൊട്ടു മുമ്പുവരെ പ്രകാശമാനമായ മനോരാജ്യങ്ങൾ.

വലുതാവുമ്പോൾ ഒരു കാറു വാങ്ങണം. അംബാസിഡർ കാറിൽ വലത്തേ അററത്ത് ഇടതുകൈയിൽ വളയവും വലതുകൈയിൽ സിഗരററും.

അമ്മേ......! അറിയാതെ വിളിച്ചുപോയി.

നരച്ച മുടിയുള്ള ഡ്രില്‍മാഷ് ഒരിക്കൽ ചോദിച്ചു. ആരാവാനാണ് മോഹം. അക്കരെവീട്ടിലെ ഉഷയ്ക്ക്. ടീച്ചറാവണം. ഗോപിക്ക് ഡോക്ടറാവാനാണിഷ്ടം. രാധാകൃഷ്ണന് ഇഞ്ചിനിയർ. തലയ്ക്കു മുകളിൽ കത്തിപ്പടരുന്ന വെയിൽ.

"എനിക്ക് കലക്ടറാവാനാണ്, മോഹം"

പകച്ച കണ്ണുകളിലേക്ക് മാഷെന്തോ കോരിയിട്ടു,

ബെല്ലടിക്കുന്നു. ഒരു കറുത്ത തുണികൊണ്ട് ആരോ മുഖം മറയ്ക്കുന്നതുപോലെ. എൻെറമ്മേ..............

എന്താണെന്നറിയില്ല, റബ്ബർമരങ്ങളെല്ലാം തളിരണിഞ്ഞിരിക്കുന്നു. പൂവിരിഞ്ഞു, പൂക്കളിൽ തേൻ തുളുമ്പി. ഏട്ടൻ പരീക്ഷയ്ക്ക് പഠിക്കുന്നു. തേനെടുക്കാൻ വന്നവരുടെക്കൂടെക്കൂടി തേൻ നുണച്ചു. മധുരമുള്ള തേൻ. വിഷ്ണുവിൻെറ കൂടെ പുല്ലിലിരുന്ന് പലതും പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നാണത് പറഞ്ഞുപോയത്.

"വിഷ്ണു, ഞാൻ വലിയൊരാളായി ഈ റബ്ബർതോട്ടം മുഴുവൻ വിലയ്ക്കെടുക്കും. തോട്ടത്തിലൂടെ നല്ലൊരു റോഡ് പണിയിക്കും. ഒരു ബംഗ്ലാവും. പിന്നെ, പിന്നെ നമ്മുടെ മലയാളം ടീച്ചറെപ്പോലെ സുന്ദരിയായ ഒരാളെ കല്യാണം കഴിക്കും."

വിഷ്ണുവിൻെറ മുഖം ചുവക്കുന്നത് നോക്കിയതേയില്ല. താഴ്‌വരകളിൽ ഇരുട്ട് കട്ടിവെക്കുകയായിരുന്നു. അവിടെയാണ് ഭൂതങ്ങൾ ഉറങ്ങുന്നത്. പ്രേതങ്ങളെ പേടിയായിരുന്നു. വല്യച്ഛൻ പ്രേതങ്ങളെ കൈയിലെടുത്ത് നടന്നിട്ടുണ്ട്. അച്ഛനും കുറേശ്ശെ അറിയാം. രാത്രിമൂത്രമൊഴിക്കാൻ എഴുന്നേററാൽ അങ്ങോട്ട് നോക്കാറേയില്ല. വീട്ടിൽ കറുപ്പും വെളുപ്പും നിറമുള്ള ഒരു പൂച്ചയുണ്ടായിരുന്നു. അതിനെക്കാണുമ്പോഴൊക്കെ മുത്തശ്ശിപ്രേതങ്ങളെയാണ് ഓർമ്മവരിക. മുത്തശ്ശിപ്രേതങ്ങൾ മായാവികളാണത്രെ! അവർ കുട്ടികളെ മയക്കിക്കൊണ്ടുപോകും.

ഏട്ടൻെറ റിസൾട്ട് വന്നു. ജയിച്ചിരിക്കുന്നു. നല്ല മാർക്ക് അദ്ധ്യാപകർ ചോദിക്കുന്നു. വിജയാശംസകൾ നേരുന്നു. റബ്ബർമരങ്ങൾ ഒരുവട്ടംകൂടി ഋതുമതിയായി.

## 2

പ്രായമത്രയൊന്നുമായിട്ടില്ല. മീശകറുത്തിട്ടേയുള്ളു. എന്നിട്ടുമെന്തേ ഇങ്ങിനെ? കണ്ണുകൾ താഴോട്ട് വീണതുപോലെയാണത്രെ. മുഖം പലപ്പോഴും കനത്തിട്ടാണെന്ന്. ജീവിതം ഇത്രവേഗം മട്ടത്തോ. ഇനിയെത്ര വളരാനിരിക്കുന്നു. ജീവിതം പഠിക്കുന്നതല്ലേയുള്ളു.

അമ്മയ്ക്ക് മറുപടിയില്ല. അമ്മയ്ക്കൊന്നുമറിയില്ല. മകൻ ഹോസ്റ്റലിലെ നല്ല ഭക്ഷണവും വെളിച്ചവും വിട്ട് വീട്ടിൽ വന്ന് പച്ചച്ചോറ് തിന്ന് മണ്ണെണ്ണവെട്ടത്തിൽ വായിക്കുന്നതെന്തിനാണെന്ന് അമ്മ സംശയിക്കുന്നുണ്ടാവണം. സംശയിക്കട്ടെ. എങ്കിലും എല്ലാ അമ്മമാരും മകൻ അരികത്തുണ്ടാവാൻ ആശിക്കുന്നു. ഇന്ന് വെള്ളിയാഴ്ചയാണ്. ക്ലാസ്സുണ്ടാവേണ്ടതാണെന്ന് അമ്മയ്ക്കറിയാം. ഇന്നെന്തേ ക്ലാസ്സില്ല? അമ്മ

ചോദിക്കുന്നു. വെള്ളിയാഴ്ച മാത്രമല്ല, എല്ലാ ആഴ്ചകളും മകനു ങ്ങിനെതന്നെയാണെന്ന് അമ്മ അറിയുന്നില്ല. മകനു ചിയുള്ള ആഹാരം നൽകാൻ അമ്മ വെപ്രാളപ്പെടുന്നു.

അമ്മ കേൾക്കാതെ സ്വയം പറഞ്ഞു

"എനിക്ക് മടുത്തമ്മേ........"

"എന്ത്?"

"എല്ലാം"

"എന്തുകൊണ്ട്?"

"അറിയില്ല!"

എന്തുകൊണ്ടാണെന്നറിയില്ല. ക്ലാസ്സിലിരിക്കുമ്പോൾ ഛർദ്ദിക്കാൻ തോന്നുന്നു.

എല്ലാവരും ഏറെ മുന്നോട്ട് പോയിരിക്കുന്നു.

എല്ലാവർക്കും വലതു കണ്ണിനുമേലെ ഓരോ കറുത്തപാട്ടുണ്ട് അതു കാണുമ്പോൾ ഓക്കാനം വരുന്നു.

എല്ലാവരും രക്ഷപ്പെടാൻ പാടുപെടുകയാണ്. എന്റെ അരിപ്പിറാവുകളെ നിങ്ങളും രക്ഷപ്പെട്ടുകൊള്ളുക. നമ്മുടെ വയലുകൾ എത്രയോ വിജനമായിരിക്കുന്നു.

ഏട്ടന് ജോലിയായി. തീന്നില്ല, അമ്മയുടെ മോഹം, അമ്മക്ക് അന്നും ഇന്നും മോഹങ്ങളാണ്. ഓടുമേഞ്ഞ വീട്ടിൽ അടച്ചോറപ്പോടെ വെച്ചുതിന്നാൻ കഴിഞ്ഞെങ്കിൽ! അമ്മയുടെ ആഗ്രഹം സഫലമായി. അമ്മ ഇപ്പോഴും അസ്വസ്ഥയാണ്. വേദനിക്കുന്ന പല്ല് വിരലുകൊണ്ടമർത്തിപ്പിടിച്ച് അമ്മ പറയും.

"നീയും അവളും കൂടെ്യന്ന് കരഞ്ഞ് പററിയാൽ സമാധാനത്തോടെ കണ്ണടയ്ക്കാമായിരുന്നു"

പലപ്പോഴും അരിശമാണ് തോന്നുക. എങ്കിലും അപ്പോൾ മിണ്ടാതിരുന്നു.

അച്ഛനിപ്പോഴും ആർക്കോ കടപ്പെട്ടിരിക്കുന്നു. നാട്ടുകാർ പറയും അയാൾക്കെന്താ മക്കളെല്ലാം ഉദ്യോഗസ്ഥന്മാരെല്ലെ. മാസത്തിൽ മുന്നൂറുരൂപ പിരിഞ്ഞുകിട്ടുമ്പോൾ അച്ഛൻ പ്രശ്നങ്ങൾ നിരത്തുകയായി. സാധനങ്ങൾ തീപിടിച്ചവ ലയാണ്. പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ സങ്കീർണ്ണമായികൊണ്ടിരിക്കുന്നു. ആർക്കും രക്ഷപ്പെടാൻ കഴിയില്ല. എന്നിട്ടും പിറു പിറുത്തുകൊണ്ടേയിരിക്കുന്ന

ചൊറി പിടിച്ച പുറംതടവി അമ്മ പറയുന്നു. "മോനെ സൂക്കേട് മാററണം. നീയിങ്ങനെ അനാഥനെപോലെ നടന്നാൽപ്പോര നിനക്ക് നീ മാത്രമേ തുണയുള്ളൂ".

എനിക്ക് ചൊറിയാണ്. പുറത്തും തലയിലും മനസ്സിലും ചൊറിയാണ് അമ്മ കേൾക്കാതെ പിറുപിറുത്തു.

തിരിച്ച് പോരുമ്പോൾ പത്തോ ഇരുപതോ വലിച്ച് നീട്ടുന്ന അച്ഛന്റെ മുഖത്ത് നോക്കാറില്ല. എന്തൊക്കയാണ് പറയുകയെന്ന് അറിയാം. ഒരാഴ്ചകൊണ്ട് എല്ലാം തീരുന്നു. ഇരുനൂറുരൂപ കടമുണ്ടെന്നറിയുന്ന സുഹൃത്തുക്കൾപോലും ഒന്നും പറയുന്നില്ല. (സൗഹൃദം വെറും അഡ്ജസ്റ്റ്മെൻറാണ്.)

ഇരുമ്പുപിടിച്ച ജനലഴികളിലൂടെ പുറത്തേക്കുനോക്കുമ്പോൾ എല്ലാവരും കളിക്കളത്തിലായിരിക്കും. സൂര്യൻ മരിച്ചുകൊണ്ടിരിക്കുന്നു. പിറകിൽ കൂട്ടിയിട്ടിരിക്കുന്ന പുസ്തകങ്ങൾക്കിടയിൽനിന്നു് ഒരു പല്ലി നീട്ടിക്കരയുന്നു.

ആരാണ് വിളിക്കുന്നത്?

ഓ. അതവൻ തന്നെയാണ്. ബീഡിവാങ്ങാനുള്ള കാശ് സംഘടിപ്പിച്ചുകാണണം. നിൽക്കൂ ഞാനിതാ വരുന്നു. കഞ്ചാവ് വലിച്ചിട്ടുണ്ട്. മദ്യപിച്ചിട്ടുണ്ട്. വേശ്യകളെ കുത്തിനിറച്ച നരച്ച ലോഡ്ജുകളിലൂടെ കടന്നുപോയിട്ടുണ്ട്. എല്ലാം യൗവനത്തിന്റെ കത്തലാണ്. ഒരു നിമിഷം അഞ്ചുപേരും ഒന്നാകുന്നു. നൂറുപേരും ഒന്നാകുന്നു. പിന്നെ കടിച്ചു പറിയാണ്. നിന്റെ എല്ല് ഞാൻ ചവിട്ടിയൊടിക്കും. തെറികളുടെ ഘോഷയാത്ര. എല്ലാം ഒടുങ്ങുമ്പോൾ സുഹൃത്തിന്റെ തത്വശാസ്ത്രം. നിനക്ക് ഒരു സമൂഹത്തിൽ പെരുമാറാനറിയില്ല. ഒരാളോട് എങ്ങിനെ സംസാരിക്കണമെന്നറിയില്ല.

അതെ, അവനു് കീഴടങ്ങികൊണ്ട് പറയും.

"എനിക്കറിയില്ല. എന്താണീ ഞാനെന്നുപോലും എനിക്കറിയില്ല"

ആരോ ആശുപത്രിയിൽ കിടക്കുന്നു. മരിച്ചിരിക്കുന്നു. വല്ല്യച്ഛൻ മരിച്ച രാത്രിയാണോർമ്മവരുന്നതു്. എരിയുന്ന ചന്ദനത്തിരിയുടെ നീററുന്ന മണമായിരിക്കും. അകലെനിന്ന് വരുന്ന പാട്ടുകാർ വെളുക്കുവോളം പാട്ടുപാടുന്നു. വംശചരിത്രമാണെത്രെ പാടുന്നത്. അവരുടെ കൂടെ മുറിയടച്ചിട്ടും പറമ്പുകളിലൂടെ നടന്നും കൂടെ പാടുമ്പോൾ ദുഃഖിക്കാനറിയില്ലായിരുന്നു. തലയിൽ കിണ്ണവും തലക്കുടയുമായി പുഴയിലേക്ക് നടക്കുമ്പോൾ ജീവിതത്തെകുറിച്ച് ചിന്തിച്ചിട്ടില്ല. കാക്കകൾവന്ന് ബലിയെടുക്കുമ്പോഴും മരണത്തെക്കുറിച്ച് ആലോചിച്ചിരുന്നില്ല.

റബ്ബർ മരങ്ങൾ ഇപ്പോഴും തളിർക്കാറുണ്ട്. തേൻ കച്ചവടക്കാർ ഇപ്പോഴും പെട്ടികളുമായിവരുന്നു. കുട്ടികൾ അവരുടെ കൂടെ ഓലപ്പന്തുമായി തേൻകുടിച്ച് നടക്കുന്നു.

എങ്കിലും ആ പഴയ മണമെവിടെ? ഓരോ നിമിഷം കഴിയുമ്പോഴും വളരുകയാണ്. അറിയുകയാണ്. എന്നിട്ടും ആ മഞ്ഞവെയിൽ അജ്ഞാതമാവുന്നു. പണ്ട് ഏച്ചിയുടെ ചൂണ്ടുവിരലിൽ തൂങ്ങിവയലുകളും പാടങ്ങളും താണ്ടാറുണ്ടായിരുന്നു. പ്രഭാതത്തിൽ ചെമ്പോത്തുകളുടെ പാട്ടും വൈകുന്നേരങ്ങളിൽ പപ്പായയുടെ നിറവും കൂട്ടിനുണ്ടായിരുന്നു. ഇപ്പോൾ എല്ലാം വിസ്മരിക്കപ്പെടുന്നു.

ക്രിക്കററ് കളികഴിഞ്ഞ് മടങ്ങുന്ന സഹജീവികൾ പൊട്ടിച്ചിരിച്ച്കൊണ്ട് കടന്നുവരുന്നു. എല്ലാവരും വളരുകയാണ്. രാത്രിവളരുകയാണ്. അടുത്തമാസം, അടുത്തവർഷം, അടുത്ത യുഗം, പ്രഭാതം സന്ധ്യയിലേക്ക് വളരുന്നു. ഇരുട്ടും വെളിച്ചവും മാറി മാറി വീഴുന്ന വാടകമുറിയിൽ ജനലഴിയിലൂടെ പുറത്തേക്ക് നോക്കിയിരിക്കുന്ന രണ്ടു കണ്ണുകൾ മാത്രം വളരുന്നില്ല.

ഹേയ് ആരാണ് മരണത്തെക്കുറിച്ച് കവിത പാടുന്നത്? കഞ്ചാവ് വലിച്ച് ആടിക്കുഴഞ്ഞ് സുഹൃത്തിപ്പോൾ വരും.

കിടക്കയിൽ അറുത്തിട്ട നഖവും ഒരു നീണ്ട പല്ലും കാണുന്നു. മായാവികളേ വരൂ എന്നെ മറെറങ്ങോട്ടെങ്കിലും കൊണ്ടുപോകൂ.

# ഒരു പരുന്തും ഒരു കോഴിക്കുഞ്ഞും

— ഹുസൈൻ എം.

"യുഗങ്ങളായി നീ എന്റെ ഇരയാണ്! നിന്റെ ഹൃദയം ഞാൻ കൊത്തിവലിക്കും!"

ഏതോ ഒരു ഗർജ്ജനം ജനലഴികൾ തകർത്ത് എന്റെ ചെവിയിൽവന്നലച്ചു. ഞാൻ പെട്ടെന്ന് ഉണർന്നു അതിന്റെ പൊരുളറിയുന്നതിനുവേണ്ടി മുറിയിൽനിന്നും ഞാൻ പുറത്തേക്കിറങ്ങി. വെയിലിന്റെ കാഠിന്യം കുറവാണെങ്കിലും എന്റെ മനസ്സിന്റെ കാഠിന്യം കൂടുതലാണെന്ന് ഞാനറിഞ്ഞു. വെയിലിന്റെ പുഃടററ് എന്റെ ചിന്തകൾ വികസിക്കാൻ തുടങ്ങി. ഞാൻ കേട്ട അട്ടഹാസം ആരുടെതായിരിക്കും? ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അതേഅട്ടഹാസം എന്റെ ചെവിയിൽ വീണ്ടും മുഴങ്ങി. അതോടൊപ്പം ഞാൻ കണ്ട കാഴ്ച! എന്റെ കണ്ണുകൾക്ക് വിശ്വസിക്കാനായില്ല. ഒരു ഒരു പരുന്ത് ഒരു കോഴിക്കുഞ്ഞിനെ അതിന്റെ കൂർത്ത കൊക്കുകൊണ്ട് ആഞ്ഞ് ആഞ്ഞ് കൊത്തിവലിക്കുന്നു. ഓരോ കൊത്തു കൊള്ളുമ്പോഴും കോഴിക്കുഞ്ഞ് പിടയുന്നു. അതിന്റെ ശരീരത്തിൽനിന്നും രക്തം ഒലിയ്ക്കുന്നുണ്ട്. ഞാനടുത്തുചെന്നപ്പോൾ പരുന്ത് എന്നെ ഒന്നു നോക്കി. കോഴിക്കുഞ്ഞ് പരുന്തിന്റെ വരുതിയിൽനിന്നും രക്ഷപ്പെടാതിരിക്കാൻവേണ്ടി അതു കാലുകൾകൊണ്ട് അതിനെ ചവിട്ടിഒതുക്കികൊണ്ടിരുന്നു. ഞാൻ നോക്കിയതു പരുന്തിനു് ഇഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു. കോഴിക്കുഞ്ഞിന്റെ ദയനീയമായ അവസ്ഥകണ്ട് പിന്തിരിഞ്ഞു പോകാൻ എനിക്കു മനസ്സുവന്നില്ല.

"ഈ കോഴിക്കുഞ്ഞ് നിന്റെ ഇരയാണോ?"

മുഴക്കത്തോടെ പരുന്ത് ഉത്തരം നൽകി: "അതെ? ഇവനെന്റെ ഇരയാണ്. നൂററാണ്ടുകളായി ഇവനെന്റെ ഇരയാവാൻ തുടങ്ങിയിട്ട്!

വീണ്ടും പരുന്തിനോട് ഞാൻ ചോദിച്ചു:

"നീ എവിടെനിന്നും വരുന്നു?"

പരുന്ത് അതിന്റെ ചിറക് വിടർത്തി അടിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ എന്റെ കൂടാരത്തിൽനിന്നും വരുന്നു. എന്റെ താവളം അവിടെയാണ്. അവിടെ, ഞാൻ ഒരു ഇരയെ കാത്തിരിക്കുകയായിരുന്നു. അപ്പോഴാണ് ഇവൻ കടന്നു വന്നതു്. എന്റെ ചിറകിനുള്ളിൽ അല്പം മയങ്ങണമെന്ന് ഇവനൊരു മോഹം. പക്ഷേ.........."

പരുന്ത് കോഴിക്കുഞ്ഞിനെ വീണ്ടും കൊത്തിവലിച്ചു. അതു് ഒന്നുകൂടി പിടഞ്ഞു. കോഴിക്കുഞ്ഞിന്റെ നേരിയ രോദനം ഞാൻ കേട്ടു. അതിന്റെ ചിറകു മുഴുവൻ രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നു. പരുന്ത് രക്തത്തിന്റെ സ്വാദ് നുണഞ്ഞ്കൊണ്ട് തുടർന്നു:

"ഇവനും ഇവന്റെ വർഗ്ഗവും ഞങ്ങളുടെ ഇരയാണ്. കാലം അതു് ഒരിക്കലും തെററിക്കാറില്ല. തലമുറയായി ഞങ്ങൾക്കു് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ ഭക്ഷണം തട്ടിത്തെറിപ്പിക്കാൻ ഇന്നു വരെ ആർക്കും കഴിഞ്ഞിട്ടില്ല. ഈ ഇരയെ അസ്തമയമാകുമ്പോഴേക്കും എനിക്കു തിന്നു തീർക്കണം. എന്നാലെ അടുത്ത പുലരിയിൽ എനിക്കു് മറെറാരു ഇരയെ കിട്ടുകയുള്ളൂ".

ക്രൂരതമാത്രം ജ്വലിക്കുന്ന പരുന്തിന്റെ കണ്ണിലേക്കു് ഉററു നോക്കികൊണ്ട് ഞാൻ ചോദിച്ചു:

"ഈ കോഴിക്കുഞ്ഞിനോട് എനിക്കൽപ്പം സംസാരിക്കാനുണ്ട്. കുറച്ചുനേരം വിട്ടുതരാമോ?"

പരുന്ത് കാൽച്ചുവട്ടിൽനിന്നും കോഴിക്കുഞ്ഞിനെ താൽക്കാലികമായി മോചിപ്പിച്ചു. എന്നിട്ട് രൗദ്രഭാവത്തോടുകൂടി എന്റെ മുഖത്തു നോക്കിപറഞ്ഞു:

"...............പക്ഷേ; ഈ കോഴിക്കുഞ്ഞ് എന്റെ ഇരയാണ്". മോചിതനായ കോഴിക്കുഞ്ഞ് വേച്ചു വേച്ചു എന്റെ അടുത്തേക്കു് ഓടിവന്നു. അതിന്റെ കണ്ണ് നിറഞ്ഞിരിക്കുന്നത് ഞാൻ കണ്ടു. ഇടറിയ കണ്ഠത്തോടെ കോഴിക്കുഞ്ഞ് എന്നോട് അപേക്ഷിച്ചു. "എന്നെ രക്ഷിക്കൂ! യുഗങ്ങളായി ഞങ്ങൾ ഇവരുടെ ഇരയാവാൻ തുടങ്ങിയിട്ട്.! ഇവനും ഇവന്റെ വർഗ്ഗവും ചതിയന്മാരാണ്. ഞങ്ങളുടെ അവകാശത്തിനുവേണ്ടി ഞങ്ങളെ മർദ്ദിച്ചു. ഇവൻ പറഞ്ഞതു് മർദ്ദിതരും പീഡിതരുമായ ഞങ്ങളുടെ കൂടെയാണ് ഇവനെന്നായിരുന്നു. അന്നു ഞങ്ങൾ ഇവനെ വിശ്വസിച്ചു. പക്ഷേ, ഞങ്ങൾക്കു മനസ്സിലായി ഇവൻ ഞങ്ങളെ ചതിക്കുകയായിരുന്നുവെന്ന്. നിങ്ങളെന്നെ രക്ഷിക്കൂ! എന്റെ വർഗ്ഗത്തെ രക്ഷിക്കൂ!"

ഇതു പറഞ്ഞു തീരുന്നതിനുമുമ്പ് പരുന്ത് കോഴിക്കുഞ്ഞിനെ കൊക്ക്കൊണ്ട് കൊത്തിവലിച്ചു. കാൽകൊണ്ട് അതിനെ വീണ്ടും ചവിട്ടി ഒതുക്കുവാൻ ശ്രമിച്ചു. ഈ കാഴ്ച എന്നെ ദുഃഖിപ്പിക്കുകയും ധർമ്മസങ്കടത്തിലാക്കുകയും ചെയ്തു. കോഴിക്കുഞ്ഞിനെ രക്ഷിക്കണമെന്നുണ്ടെങ്കിലും എങ്ങിനെ എന്ന ചോദ്യത്തിനു് ഉത്തരം കണ്ടെത്താൻ എനിക്കു കഴിഞ്ഞില്ല. എന്റെ മാംസം ഈ പരുന്തിനു് ഭക്ഷിക്കാൻ കൊടുക്കണോ? എന്നെ തന്നെ ഭക്ഷിക്കാൻ കൊടുക്കുകയാണെങ്കിൽ എന്നെയും കോഴിക്കുഞ്ഞിനേയും ഒരുപോലെ പരുന്ത് ഭക്ഷിച്ചുതീർക്കുമെന്ന സത്യം ഞാൻ മനസ്സിലാക്കിയപ്പോൾ അതിൽനിന്നും പിന്തിരിഞ്ഞു. ഈ പരുന്തിനെ എതിർത്ത് തോൽപിച്ചാലോ? അതിനു് എനിക്കു് കഴിയില്ല എന്നു് ഓർത്തപ്പോൾ ദുഃഖം തോന്നി. പിന്തിരിയണോ? പിന്തിരിഞ്ഞുപോകാൻ എന്റെ മനസ്സ് അനുവദിച്ചതുമില്ല.

എന്റെ കാൽ പെട്ടെന്നു് ഉയർന്നു. ഉയർന്ന കാൽ അതെ നിലയിൽ താഴ്ന്നുവന്നു ഇതുകണ്ട പരുന്ത് കോഴിക്കുഞ്ഞിനെ കാൽച്ചുവട്ടിൽനിന്നും മാററിനിർത്തി. എന്റെ കാലിന്നടിയിൽ കോഴിക്കുഞ്ഞിന്റെ ശരീരം അമർന്നു. അതിന്റെ വായിൽനിന്നും 'ചുവന്ന രക്തം' പുറത്തേയ്ക്കു് തെറിച്ചു. അവശേഷിച്ച രക്തം പരുന്തിന്റെ നേർക്ക് കുതിച്ചുവരുന്നത് കണ്ട് പരുന്ത് പരിഭ്രമിച്ചു. പരുന്തിനെ മുഴുവൻ രക്തം മൂടുന്നതായി പരുന്തിന്നനുഭവപ്പെട്ടു. പരുന്ത് സർവ്വശക്തിയും സംഭരിച്ചു പറക്കുവാൻ ശ്രമിച്ചു. പക്ഷേ, കുഴഞ്ഞു വീണു. അവസാനം പരുന്ത് ഓടി; പിന്നിലേക്കു് തിരിഞ്ഞുനോക്കാതെ. ആഹ്ലാദചിത്തനായി ഞാനവിടെതന്നെനിന്നു.

# ഒരുങ്ങിയിരുന്നിട്ടും....

— യാസ്മിൻ നാഗോർ എം.

തണുത്ത കാററു വീശി അടിക്കുമ്പോൾ താൻ വീണ്ടും പുതപ്പ് വലിച്ചു പുതക്കുന്നു. പക്ഷെ ആ തണുത്ത കാററ് കടന്നു വരുന്ന കിളിവാതിൽ വലിച്ചടക്കാൻ താൻ എന്തുകൊണ്ടോ ഇഷ്ടപ്പെടുന്നില്ല...... ഒരു വേള, തനിക്കതിനു കഴിയാത്തതു കൊണ്ടാവാം...... ഈ കട്ടിലിൽ നിവർന്നുകിടന്ന് ഈ കിളിവാതിലിലൂടെ അകലെ .. ... അകലെ...... നീലാകാശത്തിൽ ഒരു കറുത്ത പൊട്ടായി തീരുവാൻ മനസ്സു വെമ്പുന്നതുകൊണ്ടോ.....? അതോ......വളഞ്ഞുതിരിഞ്ഞുപോകുന്ന പാതയിലൂടെ ഒരിക്കലും വരാൻ ഇടയില്ലാത്ത നിങ്ങളെയും നോക്കി നില്ക്കുവാനോ........?

ഈയിടെയായി മനസ്സിന്റെ ഗതി എങ്ങോട്ടാണെന്ന് പോലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. വെറുതെ ഇവിടെ കിടന്ന് തന്റെ സ്വപ്നങ്ങളുടെ....... തകർന്നു മണ്ണടിഞ്ഞ കിനാവുകളുടെ പട്ടുനൂൽകൊണ്ട് ഈ തടിച്ച പുതപ്പ് താൻ നെയ്യുന്നു.

ഏകാന്തതയിൽ ഞാൻ നിങ്ങളെ ഭാവനയിൽ കണ്ടു. നിങ്ങളുടെ സ്വരം കേട്ടു....പക്ഷേ നിങ്ങളുടെ മുഖം എന്നിൽനിന്നും എന്തിനേ മറച്ചുപിടിക്കുന്നു....? ഇത്രയും നാൾ തിരഞ്ഞുനടന്നതു നിങ്ങളെ കണ്ടുമുട്ടുവാനാണ്, ഈ മുൾവീഥി മുഴുവനും നടന്നത് നിങ്ങളെ അന്വേഷിച്ചായിരുന്നു. ഒടുവിൽ കാലടികൾ വിണ്ടുകീറി. അറബിക്കഥയിലെ രാജകുമാരനായി നിങ്ങളെ ഞാൻ സങ്കല്പിച്ചു. രാത്രിയുടെ ഏഴാംയാമത്തിലും നിങ്ങൾ എന്നോട് എന്തെല്ലാമോ സംസാരിച്ചുകൊണ്ടെയിരുന്നു അപ്പോൾ ആ കണ്ണുകളിലെ ആർദ്രഭാവം........ അതിനു ഞാൻ എന്റേതായ വ്യാഖ്യാനം നൽകാൻ ശ്രമിക്കുകയായിരുന്നു. —സാഹിത്യപ്രേമിയെ— ചിത്രകാരനെ—ഗായകനെ.......

എന്നിലെ ഏകാന്ത പഥിക വെള്ളക്കുതിരകളെ പൂട്ടിയ സ്വർണ്ണരഥത്തിൽ തേരാളിയില്ലാതെ....കടിഞ്ഞാണില്ലാതെ... വെള്ളിമേഘങ്ങൾക്കിടയിലൂടെ സഞ്ചരിക്കുന്നു. ലക്ഷ്യം തെററുന്നുണ്ടോ എന്നു തനിക്കു നിശ്ചയമില്ല. ഒരുപക്ഷെ തന്റെ ലക്ഷ്യമെന്തെന്ന് തനിക്കുതന്നെ അറിവില്ലാത്തതുകൊണ്ടാവാം കുതിരകൾ വിശ്രമത്തിനുവേണ്ടി എവിടെ തങ്ങുന്നുവോ അവിടെ താനും തന്റെ മനസ്സും തങ്ങുന്നു.

കട്ടിലിനഭിമുഖമായ മതിലിൽതൂക്കിയ കലണ്ടറിൽ നോക്കി താൻ എത്രനേരം കിടന്നിട്ടുണ്ട്....അതിലെ ചുവന്ന അക്കങ്ങൾ തനിക്കു പ്രിയമാണ്. അവ ആശ്വാസ വക നല്കും. ഒഴിവുദിവസങ്ങളിൽതന്നെ കാണാൻ ഓടിയെത്തുന്ന നിങ്ങളെ ഓർത്ത ഞാൻ ഉന്മേഷവതിയാകും....ഒടുവിൽ സന്ധ്യമയങ്ങിയാലും പാതിരാകോഴി കൂവിയാലും നിങ്ങൾ വരുന്നില്ല. നിങ്ങൾ ഒരു സത്യമല്ലെന്ന് മനസ്സ് പറയുമ്പോൾ താൻ അത് കേട്ടില്ലെന്നു നടിക്കുന്നു. നിങ്ങൾ സത്യമല്ലെങ്കിൽ പിന്നെ എന്റെ ഈ കാത്തിരിപ്പിന് എന്തർത്ഥം....?

ഉദയവും അസ്തമയവും പതിവായി കാണുന്നു. പക്ഷേ നിർവ്വികാരയായി....ചേതനയററ കണ്ണുകളിലൂടെ കാണുമ്പോൾ എല്ലാം ഒരുപോലെ... പുഞ്ചിരിക്കുന്ന പനിനീർപൂക്കളും, കൊഞ്ചുന്ന കിളികളും നിങ്ങളെയും നോക്കിനില്ക്കുന്ന എനിക്ക് കൂട്ടിനിരുന്നിരുന്നു. ഒടുവിൽ....അവയെല്ലാം മടുത്തു പറന്നുപോയി. ഒററക്ക് നിങ്ങളുടെ വരവും പ്രതീക്ഷിച്ച്.... ഈ കാത്തിരിപ്പിൽ എന്തെല്ലാം താൻ കാണാതെ പോയി.

ഒരു വൈകുന്നേരം ആരോ കോളിംഗ്ബെൽ അടിച്ചതുപോലെ തോന്നി. പകുതി വായിച്ച പുസ്തകം താൻ മുഴുമിക്കാൻ ശ്രമിക്കുകയായിരുന്നു. ചഞ്ചലമായ മനസ്സ് ഒന്നിലും ഉടക്കിനിൽക്കുന്നില്ല. നിങ്ങളായിരിക്കുമെന്നു തോന്നി. പക്ഷേ കതകിനു പിറകെ ശൂന്യം! മുററത്തെ പുൽത്തകിടിയിൽ ഷൂഷിന്റെ കാലടി പതിഞ്ഞിട്ടുണ്ടോ എന്നു നോക്കി.... മറെറാരു ദിവസം. ടൗണിൽ പോയപ്പോൾ ഒരു തൂവെള്ള കൈലേസു വാങ്ങി. എന്തിനെന്നോ....? നിങ്ങൾ വരുമ്പോൾ സമ്മാനിക്കാൻ. പക്ഷേ നിങ്ങൾ വന്നതേയില്ല.

നീല കണ്ണാടിക്കു മുമ്പിൽ ഒരുനാൾ വിരിയിട്ടു. അതിൽ പ്രതിബിംബം കാണാൻ ഇഷ്ടപ്പെട്ടതേയില്ല. തലയിൽ വെള്ളിനാരുകൾ സ്ഥാനം പിടിച്ചപ്പോൾ അറിയാതെ ഉള്ളൊന്നു തേങ്ങിയോ?...കുഴിയിലാണ്ട കണ്ണുകളും ഒട്ടിയ കവിളുകളുമുള്ള ഒരു ജീവച്ഛവമായി മാറിയിരിക്കുന്നു. ഏതു നിമിഷവും ചേതനയററുവീഴാം. എന്നിട്ടും ഈ ജനവാതിലിനരികെ പ്രതീക്ഷയോടെ....കണ്ണും നട്ടിരിക്കുന്നു.

കാററിനുപോലും അതിന്റെ ചൈതന്യം നഷ്ടപ്പെട്ടിരിക്കുന്നു. വിടന്ന പൂക്കളിൽ തന്നിലെ നിസ്സംഗഭാവം പ്രതിഫലിച്ചുകാണുംപോലെ. ഒരിക്കലും മുമ്പിലെ അടച്ചിട്ട വാതിൽ മുട്ടുവാനോ....അഥവാ അത് പഴതിട്ടു പൂട്ടിയതാണോ എന്നു നോക്കുവാനോ ധൈര്യം വന്നിട്ടില്ല. ദീർഘനിശ്വാസങ്ങൾ ഈ ചെറിയ മുറിക്കുള്ളിൽ ഉതിർന്നുവീഴുന്നു. ഒടുവിൽ അവ ശ്വാസം മുട്ടിച്ചുകൊല്ലുംവരെ....

മോട്ടോർ വാഹനത്തിന്റെ ഇരമ്പുന്ന ശബ്ദം കേൾക്കുമ്പോൾ അറിയാതെ ഹൃദയമിടിക്കുന്നു....നിങ്ങളുടെ ചുവന്ന മോട്ടോർ ബൈക്കിനുവേണ്ടി വളഞ്ഞൊഴുകുന്ന വീഥിയിൽ കണ്ണുകൾ പരതുന്നു. കൺകോണുകളിൽ ശേഷിച്ച നിരാശഭാവം ഒന്നുകൂടി അധികരിച്ചുവോ? പിന്നെ കിടക്കയിലേക്ക് തിരിഞ്ഞുകിടക്കുമ്പോൾ സിനിമാപരസ്യക്കാരുടെ ടാക്സിയാണെന്ന് ഉച്ചഭാഷിണിയിലൂടെ മനസ്സിലാകുന്നു,

താൻ നിതാന്തമായ സത്യത്തിൽ അലിഞ്ഞുചേരുകയോ? താനില്ലാതെ തനിക്കായ് ഒരു പുലരി ജനിക്കുമോ.? വെള്ളിമേഘകീറുകൾക്കിടയിലൂടെ ഞാൻ അപ്പോഴും നിങ്ങളുടെ വരവിനെയും നോക്കി നില്ക്കും. ഒടുവിൽ കരിമേഘങ്ങൾ തന്റെ കണ്ണുകളെ കെട്ടിയടക്കുമ്പോൾ അരുതേ...എന്ന് ഞാൻ വിലപിക്കുമ്പോൾ അതെന്തിനായിരുന്നുവെന്ന് നിങ്ങൾ ഊഹിച്ചേക്കാം. ശരിയാണ്. നിങ്ങളെ ഒരു നോക്കുകാണാൻ വേണ്ടി. ഒരു വേള. വല്ല ദേവാലയത്തിലും തനിക്കായ് അന്ത്യകൂദാശയിൽ ബദ്ധശ്രദ്ധനായി പുരോഹിതന്റെ വേദവാക്യം ഏററു പറയുകയോ....? അതോ തന്റെ വരവുംകാത്ത് ഏഴാംസ്വർഗ്ഗത്തിലോ? എനിക്കുമുമ്പേ നിങ്ങൾ അവിടംവരെ എത്തിയോ.? നിങ്ങളെവിടെ.

ചാറൽമഴകൊണ്ട് ചെടികളിലും പുല്ലിലും വെള്ളത്തുള്ളികൾ സ്ഫടികക്കട്ടപോലെ തിളങ്ങുന്നു....അല്ലെങ്കിൽ....അവ

ും നിന്റെ ദുഃഖത്തിൽ കണ്ണീരൊഴുക്കിയോ....? ഓരോ പുല[illegible]ിലും പുഞ്ചിരിച്ചുകൊണ്ട് മൊട്ടിൽനിന്നും പൂവിലേക്ക് വിടർന്നുവന്ന ഈ പൂക്കൾ ഒരു കുസൃതിചിരിയുമായി തന്നെ നോക്കുമ്പോൾ അറിയാതെ തന്നിലെ മിഥ്യാബോധം....എങ്ങോ പോയി മറയുന്നു. നീലാകാശത്തിനു കീഴെ പുഞ്ചിരിനിൽക്കുന്ന പല വർണ്ണങ്ങളിലുള്ള പൂക്കൾ...അവയുടെ ജീവിതം എത്ര ചുരുങ്ങിയ കാലയളവാണ്. ഒരു പ്രഭാതവും. ഒരു പ്രദോഷവും മാത്രം....തന്റെതും അതുപോലെ ക്ഷണികമായിരുന്നുവെങ്കിൽ.

ഒടുവിൽ സായം സന്ധ്യയുടെ വരവോടെ അവ ഞെട്ടറ്റു വീഴുന്നു....അവ കാത്തിരുന്ന വണ്ടു വന്നുവോ....? വണ്ടിനോടവൾ പരിഭവം പറഞ്ഞുവോ...? മരച്ചില്ലയിലിരുന്ന കുഞ്ഞാറകിളി അതുകണ്ടു മധുരസ്വരത്തിൽ കൊഞ്ചിയോ....?

താൻ എന്തേ ഇതൊന്നും ശ്രദ്ധിക്കാഞ്ഞെ? ഈ ജനാല അഴികൾക്കിടയിലൂടെ പുറത്തേക്കു നോക്കി സദാസമയം ഇരിക്കുന്നു. എന്നിട്ടും എന്നെ....തന്റെ ശ്രദ്ധ ഇവിടെയെങ്ങും ഉടക്കിയില്ല....? തന്റെ കണ്ണുകൾ കാതങ്ങൾക്കപ്പുറം ആരേയോ തിരക്കുകയാണ്....അതെ....നിങ്ങളെതന്നെ....ഒരിക്കലും വരാത്ത നിങ്ങളെ....!

—o—

# പല്ലികളെ കണ്ട കുട്ടി

വിനു കണ്ണു തുറന്നപ്പോൾ ചുവരിന്മേൽ രണ്ടു പല്ലികൾ ഒന്നിനുമേലെ മറ്റൊന്നായി പറ്റിപ്പിടിച്ചിരിക്കുന്നതു കണ്ടു. അവൻ കൗതുകത്തോടെ നോക്കി പല്ലികളുടെ ശരീരം നേരിയ തോതിൽ ഇളകുന്നത് അവൻ ശ്രദ്ധിച്ചു.

അവൻ എണീറ്റ് പല്ലുതേപ്പു കഴിഞ്ഞ് വേഗത്തിൽ ചായ കുടിച്ചു. പിന്നെ ഇറങ്ങി ഓടി കിഴക്കെ പറമ്പിന്റെ വേലിക്കിപ്പുറത്തു നിന്നുകൊണ്ട് ഉറക്കെ വിളിച്ചു ;

''മിനീ ....''

അതിനടുത്തുള്ള വീട്ടിൽനിന്നും മിനി ഇറങ്ങിയോടി അവന്റെ അടുത്തെത്തി

''വേഗം വാ''

അവർ മുന്നോട്ടുനടന്നു. പോകുന്നവഴിയ്ക്ക് അവർക്ക് മറ്റൊരാളെ കൂടി കൂട്ടേണ്ടതുണ്ടായിരുന്നു—രഞ്ജിത്. രഞ്ജിത്തിനു കണ്ണു കാണില്ല. അവർ രഞ്ജിത്തിന്റെ കൈയും പിടിച്ച് കളിസ്ഥലത്തെത്തുമ്പോഴേക്കും മറ്റു കൂട്ടുകാർ അവിടെ എത്തിയിട്ടുണ്ടാവും.

''ഇന്നലെ നിങ്ങൾ കണ്ടിരുന്ന മുട്ട വിരിഞ്ഞിട്ടുണ്ടാവുമോ?'' രഞ്ജിത് ചോദിച്ചു.

''അറിയത്തില്ല. നമുക്ക് ഇന്നു് നോക്കാം''

''മൈനയുടെ നിറമെന്താണ്?'' രഞ്ജിത് ഇരുണ്ട കൺകുഴികൾ വിനുവിന്റെ നേർക്കു തിരിച്ചുകൊണ്ടു ചോദിച്ചു. ''തവിട്ടുനിറം. കണ്ണിനു ചുറ്റും മഞ്ഞനിറം. നല്ല രസമാ കാണാൻ.''

തവിട്ടുനിറം, മഞ്ഞ നിറം ... അതൊക്കെ എങ്ങനെയായിരിക്കും? രഞ്ജിത് ഓർത്തു, തനിക്ക് ഒരേയൊരു നിറം മാത്രമേ അറിയൂ.

ആളൊഴിഞ്ഞ ഒരു പറമ്പാണ് അവരുടെ കളിസ്ഥലം. ഉടമസ്ഥൻ വളരെ അകലെ എവിടെയോ ഉള്ള ആളാണ്. വല്ലപ്പോഴും വന്നെങ്കിലായി.

എല്ലാവരും ഒത്തുകൂടി അസ്വസ്ഥനായ മനസ്സുപോലെ ആകാശം ഇരുണ്ടിരുന്നു. കുട്ടികൾ ഒന്നു മറിഞ്ഞില്ല. കളിക്കളത്തിൽ, തെളിഞ്ഞ ആകാശം ഇരുണ്ടു വരുമെന്നും ഇടിമിന്നൽ ഉണ്ടാവുമെന്നും മഴ കോരിച്ചൊരിയുമെന്നൊന്നും അവർ ഓർക്കാറില്ലല്ലോ.

''ഇന്നെന്താ നമ്മൾ കളിക്കുന്നത്?'' മിനി ചോദിച്ചു.

ഏറെ തർക്കത്തിനുശേഷം എല്ലാവരും ഒരു തീരുമാനത്തിലെത്തി കള്ളനും പോലീസും. ആരൊക്കെയാണ് പോലീസ് ആരൊക്കെയാണ് കള്ളന്മാർ എന്നതായി അടുത്ത പ്രശ്നം. ഒടുവിൽ അതും തീരുമാനമായി. രഞ്ജിത് മാത്രം ഒന്നും ചെയ്യാനില്ലാതെ നിലത്തിരുന്ന് കല്ലുകൾ തപ്പിയെടുത്ത് വെറുതെ ദൂരേക്കെറിഞ്ഞുകൊണ്ടിരുന്നു.

കണ്ണുകാണാത്ത അവൻ എവിടെ ഒളിക്കാനാണ്? അവൻ എങ്ങിനെ ഓടാനാണ്? അവന്റെ ഇളംമനസ്സിൽ വേദന ഉറഞ്ഞുകൂടി. അവൻ വീണ്ടുമോർത്തു. മൈനയുടെനിറം എങ്ങിനെ ആയിരിക്കും?

പോലീസിന്റെ കണ്ണിൽ പെടാതിരിക്കാനായി കള്ളന്മാർ കുറ്റിക്കാടുകൾ തേടി. കാലിനടിയിൽ തറഞ്ഞ മുള്ള് പറിച്ചെടുത്ത ശേഷം മിനി പതുങ്ങിയിരുന്നു. തന്റെ അടുത്തൊന്നും ആരുമില്ല. പൊടുന്നനെ അവൾക്ക് ചെറിയ പേടി തോന്നി. വീട് വളരെ അകലെയാണല്ലോ എന്ന് അവൾ വെറുതെ ഓർത്തു.

---

എം. ജയാനന്ദൻ

---

ഒളിച്ചിരിക്കുന്ന കള്ളന്മാരെ തേടി വിനു ഓരോ കുറ്റിക്കാടും ഇളക്കി പരിശോധിച്ചു. അവരൊക്കെ എവിടെയോ ഒളിച്ചിരിക്കുന്നു. കനത്ത നിശബ്ദത. അവന്റെയുള്ളിൽ എന്തുകൊണ്ടെന്നറിയാതെ ഒരു ഭയം ഉണർന്നു. മുറ്റിനില്ക്കുന്ന നിശബ്ദതയിൽ അവൻ ഇല്ലാത്ത ശബ്ദങ്ങൾക്കായി കാതോർത്തു. പെട്ടെന്ന് കാരണമൊന്നുമില്ലാതെ, രാവിലെ തന്റെ മുറിയുടെ ചുവരിനു മുകളിൽ കണ്ട പല്ലികളെക്കുറിച്ച് അവനോർത്തു. അവന് എന്തോ ഒരു വല്ലായ്മ അനുഭവപ്പെട്ടു. എന്തോ രൂപമില്ലാത്ത ഒരു പൊരുത്തക്കേട് അവന്റെ ഇളംമനസ്സിന്റെ ലാഘവത്തെ ഉലച്ചുകൊണ്ടിരുന്നു.

''കൂയ്....''

അവൻ നീട്ടിക്കൂവി ആരുടെയും അനക്കം കേൾക്കാനില്ല. അവൻ കാട്ടിൽനിന്നും പുറത്തുകടന്നു. രഞ്ജിത് മുഖം കുനിച്ചുപിടിച്ച് നിലത്തുനിന്നും കല്ലുകൾ പെറുക്കി ദൂരേക്ക് വലിച്ചെറിയുന്നു. അവൻ രഞ്ജിത്തിന്റെ അടുത്തുചെന്നു.

''രഞ്ജിത്, ഇതിലെ കള്ളന്മാരാരെങ്കിലും പോയോ?''

''ഇല്ല''

രഞ്ജിത് മുഖമുയർത്താതെ മറുപടി പറഞ്ഞു. വിനു അവന്റെ മുഖത്തേക്ക് ഉററുനോക്കി അവൻ മറേറതോ ലോകത്തിലാണെന്ന് വിനുവിന് മനസ്സിലായി. വിനു അവനെ തന്നെ നോക്കിനിന്നു.

''മൈനമുട്ട വിരിഞ്ഞോ?'' അവൻ മുഖമുയർത്തി വിനുവിനോട് ചോദിച്ചു.

''ഞാൻ നോക്കീട്ടില്ല. ഇപ്പം നോക്കാം, കേട്ടോ''

കാണാൻ കഴിയാത്ത മൈനകളെക്കുറിച്ച് ഓർത്തുകൊണ്ട് തന്റെ ഇരുണ്ട ലോകത്തിൽ രഞ്ജിത്തും, ഒളിച്ചിരിക്കുന്ന തന്റെ കളിക്കൂട്ടുകാരെക്കുറിച്ചോർത്തുകൊണ്ട് കുററിക്കാടുകളുടെ ആത്മാവിൽ വിനുവും ഏകാകികളായിരുന്നു.

വിനുവിന് മടുപ്പുതോന്നി. ഇവരൊക്കെ എവിടെ ഒളിച്ചതാവും? അവന് മരപ്പൊത്തിലെ മൈനമുട്ടകളുടെ കാര്യം ഓർമ്മവന്നു. അവ വിരിഞ്ഞിട്ടുണ്ടാവുമോ?

''കൂയ്....''അവൻ വീണ്ടും കൂവി. സ്വന്തം ശബ്ദത്തിന്റെ പ്രതിധ്വനിയല്ലാതെ മറുപടി ഉണ്ടായില്ല. അവന് അരിശം വന്നുതുടങ്ങി. കാടുകൾ തട്ടിമാററി അവൻ വീണ്ടും തിരഞ്ഞു.

ആകാശം പൂർവ്വാധികം ഇരുണ്ടുവരുന്നത് അവൻ ശ്രദ്ധിച്ചു. തണുത്ത ഒരു കാററ് അവന്റെ ശരീരത്തെ ഉരസിക്കൊണ്ട് കടന്നുപോയി. മഴ ചെറുതായി ചാറിത്തുടങ്ങിയിരുന്നു.

ഒരു കുററിക്കാടിന്റെ ഉള്ളിൽവെച്ച് അവൻ മിനിയെ കണ്ടുപിടിച്ചതും മഴ പെയ്തതും ഒരുമിച്ചായിരുന്നു. മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നു. ഒരു കുററിച്ചെടിയുടെ വലിയ ഇലകൾക്ക ചുവട്ടിൽ അവർ കൂനിക്കൂടി ഇരുന്നു.

മഴയിൽ നനഞ്ഞുകുതിർന്ന മിനിയുടെ തലമുടിയിലൂടെ വിനു കൗതുകത്തോടെ വിരലോടിച്ചു. മിനി ചോദ്യഭാവത്തോടെ അവനെ നോക്കി വിനുവിന്റെ വിരലുകളിലൂടെ എന്തോ ഒന്ന് തന്നിലേക്ക പടരുന്നതായി അവൾക്ക തോന്നി. മഴ കോരിച്ചൊരിയുകയായിരുന്നു. ചുമരിന് മുകളിൽ ഇളകുന്ന വാലുകൾ ഓർമ്മയിലെത്തി. വിനു മറെറന്തെങ്കിലും ഓർക്കാനാശിച്ചു.

വിജനതക്കു മുകളിൽ അപാരമായ വാത്സല്യത്തോടെ മഴ പെയ്തുകൊണ്ടിരുന്നു. ഇലകൾ നിഗൂഢമായ ഒരു ആനന്ദത്തിലെന്നപോലെ നേരിയ വിറയലോടെ കൂമ്പിനിന്നു.

''നമുക്ക പോകാം'' വിനു പറഞ്ഞു.

അവൻ മിനിയുടെ വിരൽത്തുമ്പിൽ പിടിച്ചുകൊണ്ട് പുറത്തു കടന്നു. മററുള്ളവരൊക്കെ എവിടെ പോയതാവും? നേരം സന്ധ്യയാവുന്നു.

''കൂയ്....'' അവൻ വീണ്ടും കൂവി. മറുപടിയായി ഒരു ശബ്ദവും കേട്ടില്ല.

അവർ പഴയ സ്ഥലത്തെത്തി. രഞ്ജിത് ഒരു മരത്തിന്റെ ചുവട്ടിൽ നനഞ്ഞുവിറച്ച് കുനിഞ്ഞിരിക്കുന്നത് അവൻകണ്ടു. അവന്റെ മുഖം അപ്പോഴും ചിന്താകുലമായിരിക്കുന്നത് അവർ ശ്രദ്ധിച്ചു.

''നമുക്ക് പോകാം രഞ്ജിത്. സന്ധ്യയായല്ലോ''

സന്ധ്യയായോ? ആകെ നനഞ്ഞുപോയില്ലേ? രഞ്ജിത് കാഴ്ചയില്ലാത്ത കണ്ണുകൾകൊണ്ട് ചുററും വ്യർത്ഥമായി നോക്കി.

സന്ധ്യആയാലും ഇരുട്ട വന്നാലും രഞ്ജിത് അറിയില്ലല്ലോ എന്ന് വിനു ഓർത്തു. കണ്ണു കാണാത്ത ഒരാളുടെ ലോകത്തെക്കുറിച്ച് അവൻ ആദ്യമായി ചിന്തിച്ചു.

''നമുക്ക് പോകാം'' മിനി തിരക്ക കൂട്ടി

ദുർജ്ഞേയമായ ചിന്താലോകത്തിൽ നിന്നുമുണർന്ന് മുഖമുയർത്തി രഞ്ജിത് ചോദിച്ചു.

''ഈ മഴയത്ത് മൈനക്കുഞ്ഞുങ്ങൾ മരിച്ചുപോയിട്ടുണ്ടാവുമോ?''

അതിനു മറുപടിയായി എന്തു പറയണമെന്നോർത്തുകൊണ്ടിരിക്കെ തങ്ങൾക്കചുററും ഇരുട്ട കട്ടപിടിച്ചു വരുന്നതും അകലെനിന്നും വീണ്ടുമൊരു മഴ ഇരമ്പിവരുന്നതും വിനു അറിഞ്ഞു. അജ്ഞാതമായ ഒരു വേദന ഉണർന്നുവരുന്നത് അവനു് അനുഭവപ്പെട്ടു.

പെട്ടെന്ന് കട്ടപിടിച്ച ഇരുട്ടിൽ തങ്ങളുടെ വഴി നഷ്ടപ്പെട്ടിരിക്കുന്നുവെന്ന അറിവിന്റെ വിഭ്രാന്തിയിൽ കുട്ടികൾ നിസ്സഹായരായി നിന്നു.

**അബ്ദുസ്സമദ് കെ.**

കണക്കില്ലാത്ത പ്രസിദ്ധീകരണങ്ങൾ കടലാസിനെ ഒരമൂല്യവസ്തുവാക്കി മാററിയിരിക്കുന്നു ഇന്ന്. കയ്യിൽ കിട്ടുന്നതെന്തും വാരിവലിച്ചു വായിക്കാൻ വിദ്യാർത്ഥിലോകം കാണിക്കുന്ന ശുഷ്കാന്തി സാഹിത്യവഞ്ചകൻമാരുടെ തള്ളിക്കയററത്തിന് കാരണമായിട്ടുണ്ട്.

ജിജ്ഞാസുവും വിജ്ഞാനകുതുകിയുമായ വിദ്യാർത്ഥി അറിവിന് പുതിയ മേഖലകൾ കണ്ടെത്താൻ ശ്രമിക്കുമ്പോൾ പാവാടക്കാരിയുടെ കാൽവണ്ണയിൽ മിനുസപ്പെടുത്തിയ കവർഡിസൈനിൽ അവനെ സ്വാഗതം ചെയ്യുന്നതു ''പുരോഗമന സാഹിത്യങ്ങളാണ്.''

മുറുക്കാൻ കടയിലും ചെററപ്പീടികയിലും യുവതീയുവാക്കളുടെ രതിക്രീഡകൾ പച്ചയായി അവതരിപ്പിച്ച അശ്ലീല സാഹിത്യങ്ങൾക്ക് മുറുക്കാനെക്കാൾ ചെലവുണ്ടെന്നത് സത്യമാണ്. തിരക്കിവരുന്ന മീശ മുളക്കാത്ത പയ്യന്മാരുടെ എണ്ണം കുറച്ചല്ല. കൊള്ളയടിക്കാനും ബലാത്സംഗം ചെയ്യാനും കൊതിക്കുന്ന മനസ്സുകൾക്ക് പ്രചോദനം നൽകുന്ന സാഹിത്യ

# സംഹാരസാഹിത്യത്തെക്കുറിച്ച് ഒരു കുറിപ്പു്

ങ്ങൾ ആധിപത്യം സ്ഥാപിച്ചിട്ടുണ്ട്. നൂലുകൊണ്ട് നാണം മറച്ച് അഭ്രപാളികളിൽ പ്രത്യക്ഷപ്പെട്ട നായികയുടെ വേഷം അനുകരിക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥിനിയും സ്ക്രീനിൽ കണ്ട ബലാത്സംഗം പ്രയോഗവൽക്കരിക്കുന്ന വിദ്യാർത്ഥിയും നമുക്കിന്നു' അപരിചിതമല്ലല്ലോ!

ഒരു കാര്യം സ്പഷ്ടമാണ്. പരീക്ഷണശാലയിൽ പ്രാവീണ്യം നേടിയവർക്കും പരീക്ഷയിൽ ഉയർന്ന സ്ഥാനങ്ങൾ നേടുന്നവർക്കും ഒരിത്തിരി സിദ്ധാന്തങ്ങളും കുറെയെറെ സമവാക്യങ്ങളും മനഃപാഠമാക്കാൻ സാമർത്ഥ്യം കാണിക്കുന്നവർക്കു. മനുഷ്യനായി ജീവിക്കാൻ ഉത്തരവാദിത്വബോധവും ധാർമ്മികചിന്തയും അവശ്യം ആവശ്യമാണ്.

മണ്ണടിഞ്ഞ മാനുഷികമൂല്യങ്ങൾക്ക് പിന്നിൽ ഉയിർത്തെഴുന്നേററ അധാർമ്മികത്വം വിദ്യാർത്ഥികളിലേൽപ്പിച്ച പ്രത്യാഘാതത്തിൽനിന്നും മുക്തി നേടുന്നതിന് സാഹിത്യനായകൻമാരുടെ ശക്തമായ ഒരു പടയണി വളർന്നുവരേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമായി വന്നിരിക്കുന്നു.

# ശിലാലിഖിതങ്ങളിലെ നനവു്

ഹരികൃഷ്ണൻ

ബോധാബോധങ്ങളുടെ തെമ്മാടിക്കുഴിയിൽ,
എരിയേണ്ടി വന്ന നിൻെറ ഓർമ്മക്ക് വാക്കപൊട്ടിയ ഈ ലിഖിതങ്ങൾ
രാത്രികളിൽ അറം പററിപോയ നിൻെറ വാക്കുകൾക്ക്,
സ്വാസ്ഥ്യമില്ലാത്ത മനസ്സിൻെറ കുഴമഞ്ഞിൽ നനഞ്ഞുപോകുന്ന വിരഹത്തിൻെറ ഈഹരന്ദസ്സ്
നിലാവിൽ തെളിഞ്ഞുകാണുന്ന നിൻെറ ചോരപ്പാടുകൾക്ക്,
മുഖമില്ലാത്തവൻെറയീ കുററവിചാരണ.......

ശരീരത്തിലേയ്ക്ക് നമ്മെ സ്വാഗതം ചെയ്ത ഇല കൊഴിഞ്ഞ ഈ മരം
സ്മൃതികളിൽ നിറം പകരാൻ ഓടിവന്ന ദ്വാരം വീണ വഴിവിളക്ക്
നിൻെറ മുഖത്തേക്ക് അഗ്നി പകർന്ന സ്നേഹത്തിൻെറ വ്യാളീ മുഖങ്ങൾ
അവശേഷിക്കുന്നൊരു തുള്ളി കണ്ണീരിനു് ആർത്തി പിടിച്ചെത്തിയ വേഴാമ്പൽ
വാടകമുറിയിൽ നിനക്കുമുമ്പ് ആത്മഹത്യ ചെയ്തവർ കോറിയിട്ട ആത്മകഥാപുസ്തകങ്ങൾ
നിൻെറ നെഞ്ചിൽ കാലം കോറിയിട്ടുപോയ ഈ നഖക്ഷതം
പെണ്ണേ, ഈ അർത്ഥങ്ങൾക്ക് ആമുഖം നല്കാൻ ഞാനാരെയാണ് ക്ഷണിക്കേണ്ടത്?

നിൻെറ വരണ്ട തൂവാലയിൽ മുറിഞ്ഞുപോയ തേങ്ങലും,
സ്നേഹത്തിൻെറ വീണയിൽ നീ പാടിതീർക്കാതെ പോയ ഭൈരവിയും,
കുമിഞ്ഞുകൂടി ശിരോലിഖിതങ്ങൾ മാച്ചുകളയുന്ന പാപഫലങ്ങളും....
നിൻെറ ഒരു തിപ്പാട്ടിനുള്ള ഭാഷ്യമായെൻെറ നെഞ്ചിൽ നിറയുന്നു.

ഇരുണ്ട മുറിയിലേക്ക് ഒരു നൂറ് സ്വപ്നങ്ങളുമായ് കേറുകയും
ഇല കൊഴിഞ്ഞ മരമായ് ഇറങ്ങുകയും ചെയ്ത നിൻെറ പെങ്ങളെ
എനിക്കിപ്പോൾ ഓർമ്മിക്കാൻ കഴിയും
അടഞ്ഞു മുറിയുടെ മൂലയിൽ കുന്തിച്ചിരുന്നു്,
'ദൈവമേ, എല്ലാം നിൻെറ ഫലിതങ്ങളെ'ന്നു് പിറുപിറുക്കുന്ന
അനിയനെ എനിക്കു് അടുത്തറിയാൻ കഴിയും.

ഇന്നലെ വൈകീട്ട്,
വസ്ത്രത്തിൻെറ അവസാനത്തെ കുടുക്കിട്ടു കഴിഞ്ഞപ്പോൾ
ചുണ്ടിൽ കിനിഞ്ഞുവന്ന ബാക്കി ഉപ്പും തുടച്ചുകളഞ്ഞപ്പോൾ
നീ പറഞ്ഞു,
നമ്മുടെ കാലത്ത് പ്രണയം ചാവി നഷ്ടപ്പെട്ടുപോയൊരു നാഴികമണിയാവുന്നു.

പക്ഷെ സന്ധ്യേ, നീയെന്നോടു പൊറുക്കണേ,
ഞങ്ങൾക്കിടയിലേക്ക് സ്വാത്ഥവാഹകൻെറ സിസ്സംഗതയുമായ് കടന്നുവരികയും,
മരണത്തിൻെറ മൗനവുമായ് തിരിച്ചുപോവുകയും ചെയ്ത നിന്നെ വെറുക്കാനെനിക്കുവയ്യ
സന്ധ്യേ, എന്നോടു പൊറുക്കണേ...

സ്വയം വധശിക്ഷയ്ക്കു വിധിച്ച നിൻെറ സുഹൃത്ത്
ഇന്നലെ മുഴുവൻ എൻെറ അടഞ്ഞ ജനാലയിൽ അടിച്ചുകൊണ്ടിരുന്നു.
സഖാവേ,
നിൻെറ കണ്ണിലെ രോഷം ഞാനിതുവരെയും കണ്ടില്ലല്ലോ.
നിൻെറ നെഞ്ചിലെ ചമതയിലേക്ക് ഞാനെൻെറ പങ്ക് ഇതുവരെയും തന്നതുമില്ല.

രജസ്വലതയുടെ മൂടുപടമാർന്ന ഉച്ചക്കിനാവുകൾ പോലെയുള്ള നമ്മുടെ–
സായന്തനങ്ങളോർത്ത് ഞാനിന്നലെയാണ് കരഞ്ഞത്.
ദിനാന്തക്കുറിപ്പുകളിൽ കുമിഞ്ഞുകൂടുന്ന പാപങ്ങളോർത്ത്–
ഞാനിന്നലെയാണത് എരിച്ചു കളഞ്ഞത്.

നിന്റെ കുമ്പസാരരഹസ്യങ്ങൾ ശവംനാറി ചെടികൾക്കൊപ്പം മുളച്ചുപൊന്തി,
നാവുമരങ്ങളായെന്റെ ഉറക്കം കളയുന്നു.
നമ്മുടെ നനഞ്ഞ സ്വപ്നങ്ങൾക്കു മുകളിലൂടെ,
'നിശ്ശബ്ദരാത്രി'യുംപാടി ഒരു പാതിരി നടന്നുനീങ്ങുന്നു
ഒരു പക്ഷെ ഇങ്ങിനെയാവാം എല്ലാം അവസാനിക്കുന്നത്
ചിറകൊടിഞ്ഞൊരു സൌഹൃദം
മനമിടിഞ്ഞൊരു പരിദേവനം......

ഉറങ്ങട്ടെ, ഞാനീ സ്വപ്നങ്ങളുടെ ഗർഭഗൃഹത്തിൽ,
ഇന്ദ്രിയങ്ങളുടെ കോട്ടവാതിലുകൾ ഏഴരത്താഴിട്ടു പൂട്ടി
ഒടുക്കമൊയെത്തുന്ന ഇരുട്ടും കാത്ത്,
മയങ്ങട്ടെ, ഞാനീ കാലത്തിൻ ത്രിസന്ധ്യയിൽ.

# സ്നേഹത്തിന്റെ മാന്ത്രികവിദ്യ

പി. ടി. എ. നാസർ

സ്നേഹം, ജീവാമൃതമാണ്. സർവ്വരോഗത്തേയും ന
പ്പിക്കാൻ കഴിവുററ ഒരു സംഹാരി. ആ രോഗസംഹാരിയി
അസൂയ, വിദ്വേഷം തുടങ്ങിയവ ശോഷിച്ചുപോകുന്നു.

സ്നേഹം, അഖിലത്തേയും കീഴടക്കാൻ കഴിവുള്ള
അത്ഭുതപ്രതിഭാസമാണ്. ഒരു മാന്ത്രികവടിയാണ്. സ്നേ
മായാജാലങ്ങളുടെ മായാലോകം സൃഷ്ടിക്കാൻ കഴിവു
ഒന്നാണ്. ഏതു പുരുഷസ്ത്രീഹൃദയവും അതിന്റെ മായാജാ
രിയിലേക്കാകർഷിക്കപ്പെടും. അതിന് ഹൃദയങ്ങളെ ലേ
മാക്കാൻ കഴിവുണ്ട്. സ്നേഹം എന്നത് ഒരു മനുഷ്യ
അന്തർഭാഗത്തുനിന്നും ഉത്ഭവിക്കുന്ന ഒരു അരുവിയാണ്.
തിനെ ഒരാളുടെ നിർബ്ബന്ധംകൊണ്ട് ഉൽഭവിപ്പിക്കാ
നശിപ്പിക്കാനോ സാദ്ധ്യമല്ല. അതു് അജ്ഞാതമായ ഏ
ഒരു ശക്തിയാൽ നൽകപ്പെടുന്നു.

നന്മകൊണ്ട് കല്പിക്കുമ്പോഴും തിന്മകൊണ്ട് വിരോ
ക്കുമ്പോഴും സ്നേഹം സഹചാരിയായാൽ മാത്രമേ മനുഷ്യ
ഹൃദയം അടുക്കുകയുള്ളൂ. മധുരമില്ലാതെ പോയാൽ ഏതു്
ബോധന പ്രവർത്തനവും നിർവ്വീര്യവും, നിഷ്ഫല
മായിരിക്കും. അതുകൊണ്ട് മനുഷ്യരാശിയെ ചലിപ്പിക്
കഴിയുകയില്ല.

സ്നേഹത്തിന്റെ അടിത്തറയില്ലാത്ത തത്വശാസ്ത്രവ
നിയമോപദേശവും ഹൃദയത്തിൽ പെട്ടെന്ന് ചലനം സൃ
ക്കണമെന്നില്ല. എന്നാൽ സ്നേഹസമ്പന്നതയിലേക്ക്
നഹൃദയങ്ങളും, പാറപ്രകൃതികളും ആകർഷിക്കപ്പെടും.
ഹംകൊണ്ടേ ശാശ്വതമായി ഏതു് ജനതതേയും കീഴ്
ത്താൻ കഴിയുകയുള്ളൂ.

— കുമാരൻ ടി. പി.

# താമരപ്പൂക്കൾ

ഹർഷോന്മാദത്താൽ വിടർന്ന നയനങ്ങളോടെ പെൺകിളി ആൺകിളിയോട് പറഞ്ഞു—

ദാ……സൂര്യനസ്തമിച്ചില്ലേ ……നമുക്ക് പൂവപാം……

എയ്—ഞാനില്ല……

തടാകത്തിന്മീതെ ഒഴുകിനടന്ന വസന്തങ്ങൾ ഒരായിരം താമരപൂക്കളെ വിരിയിച്ചു. ആ കൊച്ചുകളിക്കൂട്ടുകാരും വളർന്നു. അവർ പരസ്പരം മന്ത്രിച്ചു.

നോക്ക്….! ഈ ആമ്പൽമൊട്ട് നാളെ വിരിയും……

ന്നാ….ഞാമ്പറയ്ക്കും ട്ടോ……

ബാലസൂര്യന്റെ ഇളം കതിരുകൾ തടാകത്തെ മെല്ലെ തഴുകിയപ്പോൾ വിരിയാനുണ്ടായിരുന്ന ആമ്പൽമൊട്ടിനെ ലക്ഷ്യം വെച്ച് അവർ അതിവേഗം വന്നണഞ്ഞു. മഞ്ഞുകണങ്ങളുടെ നേർത്ത മേലാപ്പ് വകഞ്ഞ് മാറിയപ്പോൾ അവർ ആകാംക്ഷയോടെ നോക്കി……?

ഇല്ല……അത് വിരിഞ്ഞിട്ടില്ല……!

മൂകമായ് പരസ്പരം നോക്കിയപ്പോൾ അവരിലൊരാൾ മന്ത്രിച്ചു—നീയത് പറിയ്ക്കരുത്………അതിനും ണ്ടാവ്ലേ ദുഃഖം.

എനിക്ക് വേണ്ട…………

കരിമ്പനക്കൂട്ടങ്ങളെ ലാക്കാക്കി മുള്ളിൻ കാട്ടിലൂടെ ഇഴഞ്ഞ് നടന്നപ്പോൾ പഴുത്ത ചുള്ളിക്കായ കണ്ടു……

നോക്ക്………ചുള്ളിക്കായ

താഴത്തേക്ക് തൂങ്ങിനിൽക്കുന്ന കൊമ്പിൽനിന്നും കുറേ പറിച്ച് കീശയിൽ തിരുകി, പഴുത്തത് വായയിലിട്ട് ചവക്കുമ്പോൾ മെല്ലെ പറഞ്ഞു.

നല്ല രസം ണ്ട് ല്യേ……

കൊറേശ്ശെ കയ്പുംണ്ട്ന്ന് തോന്ന്ണ്ല്യേ…………

ലേശം…………

കുഞ്ഞുമുഖത്ത് അവ്യക്തമായ ദുഃഖത്തിന്റെ നേർത്ത ആവരണം കണ്ട് അവൻ ചോദിച്ചു:

സുജീ………ന്തേ്യ………?

ഒന്നുംല്യ…………

പുല്ലാഞ്ഞിപൊന്തയിൽ വിരിഞ്ഞുനിൽക്കുന്ന പൂങ്കുലകൾ കൈയിൽ കൊടുത്തു. പൂക്കൾ കയ്യിൽവെച്ച് ഞെരിച്ചുകൊണ്ടിരുന്നപ്പോൾ അവൾ മെല്ലെ പറഞ്ഞു.

ഇന്ന് ഒര് രസംല്ല്യല്ലേ……

തടാകത്തിലേക്ക് കല്ലുകളെടുത്തിട്ട് തീരത്തിലൂടെ ബഹുദൂരം സഞ്ചരിച്ചു. അവയുണ്ടാക്കുന്ന കൊച്ചലകൾ കൗതുകത്തോടെ നോക്കിനിന്നു. നട്ടുച്ച സൂര്യന്റെ തീഷ്ണവെയിലിൽ അടയ്ക്കാകുരുവികൾ ഇലപ്പടപ്പുകളിലേക്ക് മറഞ്ഞിരുന്നപ്പോൾ അവർ വീട്ടിലേക്ക് യാത്രതിരിച്ചു.

ശരത്തും വസന്തവും മാറിമാറികടന്ന്പോയി. ആകാശത്തിലെ അനന്തകോടി നക്ഷത്രങ്ങൾ തടാകത്തിലെ നീലിമകണ്ട് അത്ഭുതം കൂറി.

വർഷകാലത്തിന്റെ ആരംഭത്തിൽ പുതുമഴ ചുട്ടുപൊള്ളുന്ന ഭൂമിയിലേക്ക് പതിച്ചപ്പോൾ മാവിൻചുവട്ടിൽനിന്നിരുന്ന അവർ നൃത്തം ചെയ്തു. മഴയുടെ ഓരോ തുള്ളിയും മുഖങ്ങളിൽ തട്ടി ചിന്നിച്ചിതറുമ്പോൾ അവർ വീണ്ടും മഴയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

ദിവസങ്ങൾ………ആകാശം നിറയെ ആനക്കൂട്ടങ്ങളെത്തി കനത്തമഴയാരംഭിച്ചു. എപ്പോഴും ഒര് അലർച്ചപോലെ—കരിമ്പനയോലകളിൽ തട്ടി അവ പൊട്ടിച്ചിതറി. എങ്ങും വളർന്നുവന്ന ഹരിതാഭപൂണ്ട കൊച്ചരിപുല്ലുകൾ അവക്ക് ആനന്ദമേകി. സുവർണ്ണതടാകത്തിലെ ജലപ്പരപ്പ് നാൾക്കുനാൾ വർദ്ധിച്ചുവന്നു. പൂത്തുമ്പികൾ എല്ലായിടത്തും പാറിക്കളിച്ചു.

പരശ്ശതം ആമ്പൽപൂക്കളും താമരപൂക്കളും വിരിഞ്ഞ തടാകം ഏതോ അത്ഭുതലോകംപോലെ തോന്നിച്ചു. അത്കണ്ട് മനസ്സ്നിറഞ്ഞ അവർ കൗതുകത്തോടെ വീക്ഷിച്ചു. നിമിഷനേരം നോക്കിനിന്ന അവർ ദീർഘമായി നിശ്വസിച്ചു. അകലെ ശോഭിക്കുന്ന ആ അഗ്നിവൃഹം അവരെ മാടി മാടി വിളിച്ചു.

ഞാനൊന്ന് പറിച്ചോണ്ട്വരട്ടെ………എന്ത് രസായിരിക്കുന്നു.

വേണ്ടാട്ടോ ……അവയ്ക്ക് വേദനിക്കുലേ………

ആ………ന്നാലും………

നിഷ്കളങ്കമായ കണ്ണുകളോടെ അവൻ അവളെ നിമിഷനേരം നോക്കി. പിന്നെ ചെമ്പിച്ച മനസ്സുമായി അവൻ തടാകത്തിലേക്ക് എടുത്ത് ചാടി.

നിർന്നിമേഷയായി തെന്നിത്തെന്നിപോകുന്ന അവനെ അവൾ നോക്കിനിന്നു.

ഒര് പാട്—താമരപൂക്കൾ അവൻ കൈകൾകൊണ്ട് മെല്ലെ പിടിച്ചു. പക്ഷെ നിസ്സഹായമായി താമരവളയങ്ങളിൽ ഇടുക്കിയ കാലുകൾ അഗാധതയിലേക്ക് ഊർന്നിറങ്ങാൻ തുടങ്ങി—

കൈകളിൽ ചുററിയ താമരകളുമായി തടാകത്തിൽ അവൻ ആഴ്ന്നാഴ്ന്നുപോയി………

നിമിഷങ്ങൾക്കകം കുറേ കുമിളകൾ പൊന്തിവന്നു……… കരയിൽനിന്നും അകലേക്ക് നോക്കിക്കൊണ്ടിരുന്ന അവൾ അവൾ ഒച്ചവെച്ചു.

അമ്മാ……………………?

ഓടിക്കൂടിയ ജനങ്ങൾ—താമരക്കൂട്ടങ്ങളെ ലക്ഷ്യമാക്കിനീന്തി. അഗാധതയുടെ അഗാധതയിലേക്ക് ആഴ്ന്ന്തിരഞ്ഞപ്പോൾ അവർ എന്തിനേയോ തടഞ്ഞു.

ഹാ………അതവളുടെ ആമ്പൽമൊട്ടായിരുന്നു—

കരയിലേക്ക് കയററിയ ജഡംകണ്ട് ആളുകൾ ഓടിക്കൂടി. സുസ്മേരമായിരിക്കുന്ന ആ മുഖത്തേക്ക് അവളൊരിക്കൽക്കൂടെ നോക്കി—

അവിടെ കൂടിയിരിക്കുന്നവർ കണ്ണീരു വീഴ്ത്തി. നിശ്ചലമായ കാററ് അവളോട് മന്ത്രിച്ചു—

നിന്റെ ആമ്പൽമൊട്ട്—അത് കരിഞ്ഞുപോയി…………

# തപാൽമുദ്ര ശേഖരണം

ഷാജഹാൻ അലി കെ. എം.

ഒരു സാർവ്വലൗകിക വിനോദമാണ് തപാൽമുദ്ര ശേഖരണം. അവയുടെ വില മാത്രമല്ല, അവയുടെ രൂപമാതൃകകൾ, അവ പറയുന്ന കഥകൾ, അനുസ്മരിപ്പിക്കുന്ന സംഭവങ്ങൾ, മുദ്ര നിർമ്മാണത്തിന്റെ പാർശ്വവിവരങ്ങൾ എന്നിവയെല്ലാം 'രാജാക്കന്മാരുടെ ഹോബിയും ഹോബികളുടെ രാജാവു (The hobby of the Kings and the King of Hobbies) മായ ഈ വിനോദത്തെസംബന്ധിച്ച് പറയാം. ലോകത്തിൽ ഏററവും കൂടുതൽ ആളുകളുടെ വിനോദമാണിന്ന് 'മുദ്രശേഖരണം'. കാരണം ഇവയുൾക്കൊള്ളുന്ന വിജ്ഞാന-വിദ്യാഭ്യാസ-മാനസികവും 'മററമായ നേട്ടങ്ങൾ കടലാസ് തുണ്ടുകളിലൂടെ ലഭിക്കുന്നു എന്നതുകൊണ്ടാണിത്.

## തപാൽ മുദ്രകൾ

മുദ്രാശേഖരണത്തെ പറയുമ്പോൾ മുദ്രകളുടെ അത്ഭുതകഥകളെയും പററി മനസ്സിലാക്കണം. ഇംഗ്ലണ്ടിൽ റൗലൻറ് ഹിൽ (Rowland hill) എന്ന അദ്ധ്യാപകൻ ഭൂക്കം അനുസരിച്ച് തപാൽക്കൂലി ചുമത്താനും ഇത് മുൻകൂറായി വാങ്ങുവാൻ മുദ്രകളടിച്ചു വിൽക്കാനും ഗവൺമെൻറിനെ നിർദ്ദേശിച്ചു. തത്ഫലമായി 'പെനിബ്ലാക്ക്' (Penny Black) എന്ന ലോകത്തിലെ ആദ്യത്തെ മുദ്ര 1840 മേയ് 6–ാം തിയ്യതി പുറത്തിറക്കി, ഇതിനെ തുടർന്ന് 1843–ൽ ബ്രസീലും 1847–ൽ യു. എസ്. എയും ഫ്രാൻസ്, ബെൽജിയം 1849–ൽ മുദ്രകളിറക്കി. 1852–ൽ സിന്ധിലെ കമ്മീഷണർ സർ ബാർട്ട്ലി ഫ്രർ ആണ് 'സിൻറ് ഡാക്' എന്ന പ്രസിദ്ധമായ ഏഷ്യയിലെ ആദ്യത്തെ സ്റ്റാമ്പ് പുറപ്പെടുവിച്ചത്. 1854 ൽ ഇന്ത്യ പൊതുവായും 1929ൽ കോമൺവെൽത്ത് (Common wealth) രാജ്യങ്ങളിൽ ആദ്യമായി എയർമെയിൻ സ്റ്റാമ്പ് പുറപ്പെടുവിച്ചതും ഇന്ത്യയാണ്. അങ്ങിനെ 1850–ാംമാണ്ട് കഴിയുമ്പോൾ തന്നെ ലോകത്തിലെ മിക്ക രാജ്യങ്ങളിലും തപ്പാൽസ്റ്റാമ്പുകൾ ഇറക്കികഴിഞ്ഞിരുന്നു.

## തപാൽമുദ്രശേഖരണം

ഇംഗ്ലണ്ടിൽ ഒരു യുവതി തന്റെ മുറി മുദ്രകൾകൊണ്ട് അലങ്കരിച്ചാലെന്താ എന്നു മോഹിച്ചു. അതിനുവേണ്ടി 1841–ൽ ലണ്ടൻ ടൈംസിൽ മുദ്രകളയച്ചു തരുവാൻ വായനക്കാരോടപേക്ഷിക്കുന്ന പരസ്യം ചെയ്തു. ഇതായിരുന്നു ഈ വിനോദത്തിന്റെ തുടക്കം. കാലക്രമേണ ആളുകൾ കിട്ടാവുന്നത്ര സ്ററാമ്പുകളൊക്കെ ശേഖരിച്ച് ശ്രദ്ധേയരും ചിട്ടയുമുള്ള താക്കിത്തീർത്തു. ഫ്രഞ്ചുകാരനായ 'ഹെർപിൻ ആണ്' 1865 ൽ ഗ്രീക്കുപദങ്ങളായ 'ഫിലോസ്' (സ്നേഹം, love) ടെലിൻ (to tax – നികുതിയിലൂടെ) എന്നീ പദങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ഫിലാററലി (Philately) എന്ന് ഓമനപേർ കൊടുത്തു. ശേഖരണത്തിന്റെ വിജ്ഞാന–വിദ്യാഭ്യാസമൂല്യം മുദ്രാശേഖരണത്തെ 'വിദ്യാഭ്യാസ വിനോദത്തിലൂടെ (Education through Entertainment) എന്നു വിശേഷിപ്പിക്കുന്നു.

വിരസതയെന്തെന്ന് ഈ ഹോബിയിൽപ്പെട്ടവർ അറിയുന്നില്ല. കുട്ടികൾ മുതൽ വൃദ്ധന്മാർ വരെയും ഭരണാധികൃതർ മുതൽ ഭരണീയർ വരെയും പ്രായവ്യത്യാസമില്ലാതെ ഇഷ്ടപ്പെടുന്ന സാർവ്വലൗകിക വിനോദമാണിത്. ഇതിൽനിന്ന് കിട്ടുന്ന ജ്ഞാനമോ സർവ്വതോന്മുഖവും. മതം, ചരിത്രം, ശാസ്ത്രം കല തുടങ്ങി ഒരു രാജ്യത്തിന്റെ വ്യത്യസ്ഥങ്ങളായ വിചാര വിഗതികളെ നമുക്ക് മുദ്രകളിലൂടെ മനസ്സിലാക്കാം. അതായത് ഒരു രാഷ്ട്രത്തിന്റെ തുറന്നുകിടക്കുന്ന വാതായനമാണ് ആ രാഷ്ട്രത്തിന്റെ മുദ്രകൾ. അതുകൊണ്ടുതന്നെ ഓരോ രാജ്യവും അവരുടെ സാംസ്ക്കാരിക–ശാസ്ത്രീയ–ചരിത്ര–മതപരം തുടങ്ങി നാനാവിധ മണ്ഡലങ്ങളിലെ പുരോഗതി പ്രതിഫലിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഒരു മാദ്ധ്യമം കൂടിയാണ് തപ്പാൽമുദ്രകൾ. ഇങ്ങനെ സാധാരണക്കാരന്റെ ആർട്ട്ഗാലറിയായ സ്റ്റാമ്പുകൾ മാനസികാരോഗ്യം മുതൽ ആഗോള സൗഹാർദ്ദം ജനമനസ്സുകളിൽ ഉളവാക്കാൻ കഴിയുന്നു. ഇത്തരം വർണ്ണപ്രപഞ്ചത്തിലേക്കുള്ള തുണ്ടുകൾ വിജ്ഞാനത്തിന്റെ മായാപ്രപഞ്ചം മാത്രമല്ല ആനന്ദവുംകൂടി ലഭിക്കുന്നതുമായ ഇഷ്ടവിനോദമാണ്.

കുട്ടികളിൽ ചെറുപ്പത്തിൽത്തന്നെ ഈ വിനോദം തുടങ്ങുവാൻ പ്രേരിപ്പിക്കണമെന്നു പറയുന്നത് അവരിൽ ഭാവനാശക്തിയും ജീവിതത്തിന് ഒരു അടക്കം ചിട്ടയും കൂടി വളർത്തുവാൻ ഇതുപകരിക്കും തീർച്ച. ആധുനിക കാലത്ത് ഭിഷഗ്വരന്മാർവരെ രോഗമുള്ളവരോട് ഹൃദ്രോഗമുള്ളവരോടും വിനോദം തുടങ്ങുവാൻ ഉപദേശിക്കുന്നു.

## മുദ്രകളുടെ മൂല്യം

ഇന്ന് നിങ്ങളിലുള്ള മുദ്രകളായിരിക്കാം ഒരു പക്ഷെ നാളെ നിങ്ങളെ ലക്ഷപ്രഭുവാക്കി മാററുന്നത്. കാരണം നമ്മുടെ ശേഖരണത്തിലെ അപൂർവ്വമുദ്രകൾ നാളെ ലോകത്തിലെത്തന്നെ അപൂർവ്വമായേക്കാം. മുദ്രാശേഖരണം ഒരു വലിയ സാമ്പത്തിക പ്രാധാന്യമുള്ള കലയായ് മാറിയിട്ടുണ്ട്. ഉദാഹരണമായി 1856–ലെ ബ്രിട്ടീഷ് ഗയാനയുടെ ഒരു സെൻറ് വിലയുള്ള മുദ്ര പിൽകാലത്ത് ലേലത്തിൽ 72 ലക്ഷം രൂപക്കായിരുന്നു അതിന്റെ ഉടമ വിററത്. ഇത് സൂചിപ്പിക്കുന്നത് അപൂർവ്വതയും മുദ്രകളുടെ മൂല്യം വർദ്ധിപ്പിക്കുന്നു. സാമ്പത്തികമായ പ്രാധാന്യമുള്ളത്കൊണ്ടു് അപൂർവ്വമായ മുദ്ര മൂല്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

## ഇന്ത്യൻ മുദ്രകൾ

1852–ലെ സിന്ധി ഡാക്സിനുശേഷം 1854–ൽ ആദ്യം അഖിലേന്ത്യാ തലത്തിൽ ഉപയോഗിക്കാനുള്ള മുദ്രയിറക്കി. 1926–ൽ ഇന്ത്യൻ സെക്യൂരിറ്റി പ്രസ്സ് നാസിക്കിൽ സ്ഥാപിക്കപ്പെട്ടതോടെ തപാൽ മുദ്രകളെല്ലാം സുലഭമായി അച്ചടിക്കുവാൻ കഴിഞ്ഞു. ഭാരതത്തിന്റെ തപാൽ ചരിത്രത്തിലെ

അവിസ്മരണീയ സംഭവമാണ് കോമൺവെൽത്ത് രാജ്യങ്ങളിലാദ്യമായിട്ട് വിമാനത്തപ്പാൽ മുദ്ര നിർമ്മിച്ചത്. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ സാംസ്കാരിക–വിദ്യാഭ്യാസ–കാർഷിക–മതം തുടങ്ങി പഞ്ചവത്സരപദ്ധതികളുടെ നേട്ടങ്ങൾ പുരാതനശില്പവിദ്യയും, ചരിത്രവും, കരകൗശലം, ചരിത്രസംഭവങ്ങൾ, സ്വാതന്ത്ര്യസമരരംഗങ്ങൾ എന്നീ നാനാതുറകളെ ചിത്രീകരിക്കുന്ന മുദ്രകളിറക്കിയിട്ടുണ്ട്. ഇവയെല്ലാം ഭാരതത്തിന്റെ വികാസത്തിന്റെ പ്രതീകങ്ങളാണ്. മാത്രമല്ല ഇന്ന് ലോകത്ത് മനോഹരവും ഭാവനാസമ്പന്നവുമായ മു ളിറക്കുന്ന രാഷ്ട്രങ്ങളിൽ മുൻപന്തിയിലാണ് ഭാരതം.

ഇന്ന ലോകരാഷ്ട്രങ്ങളെല്ലാം വർഷവും ലക്ഷക്കണ ലുള്ള മുദ്രകളിറക്കുന്നത്കൊണ്ട് പരിപൂർണ്ണമായ ആഗോള ഖരണം അസാദ്ധ്യമായിട്ടുണ്ട്. എങ്കിലും കൂടുതൽ ആള ആകർഷിക്കപ്പെട്ടുവരുന്ന ഈ വിനോദം തീർച്ചയായും ക്കന്മാരുടെ വിനോദവും അതുപോലെ വിനോദങ്ങളു രാജാവുമാണെന്ന കാര്യത്തിൽ സംശയമില്ല.

# തീരം തേടുന്നവർ

## ദീപ ആർ. കെ.

റെയിൽപാളത്തിനിടയിൽ ഞെരിഞ്ഞമർന്ന കരിങ്കല്ലുകളിൽ കണ്ണുകൾ ഉടക്കിനിന്നപ്പോൾ അസ്വസ്ഥമായ മനസ്സ് നിയന്ത്രണത്തിനതീതമാവുകയായിരുന്നു.

അകലെ സായംസന്ധ്യയുടെ വരവ്. ഇത്തിരിനേരത്തെ ജീവിതത്തിനായി മാത്രം പിറവിയെടുക്കുന്ന സന്ധ്യ രാത്രിയുടെ ബലിഷ്ഠകരങ്ങളിൽ കീഴടങ്ങേണ്ടിവരുമ്പോൾ പ്രതീക്ഷകൾ കൊഴിയുന്നു.

മോഹങ്ങൾ വെറുതെയാണെന്നറിഞ്ഞിട്ടും അവയെ താലോലിച്ചിരുന്നു. ഇപ്പോൾ മോഹങ്ങൾ കരിഞ്ഞുവീണ, മരുഭൂമിയായ മനസ്സ്. അവശേഷിക്കുന്നതു് ആറിത്തണുക്കാത്ത ദുഃഖം.........

മററുള്ളവരുടെ മുൻപിൽ തെററുകാരിയാവാതിരിക്കാൻ— മനസ്സാക്ഷിക്കു മുൻപിൽ തൊലിയുരിക്കപ്പെട്ട്, നശിപ്പിച്ചതു് സ്വന്തം ജീവിതമായിരുന്നില്ലേ! വിദൂരതയിൽ അലിഞ്ഞില്ലാതാവുന്ന മേഘങ്ങൾ അവയ്ക്കും അവഗണിക്കപ്പെട്ട സ്നേഹത്തിൻെറ കഥ പറയാനുണ്ടാവുമോ?

സ്നേഹം– ഒരു വിദൂരസ്വപ്നമായിരുന്നു. നഷ്ടബോധം തന്നെ ഒരു നിഴൽപോലെ പിന്തുടർന്നു. ദുഃഖമെന്ന വികാരം മനസ്സിൻെറ ആഴങ്ങളിൽ കട്ടികൂടിവന്നു.

മനസ്സിൻെറ ചാപല്യം നിയന്ത്രിക്കാൻ വിഷമിച്ചു സ്നേഹിക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാക്കിയ നിമിഷങ്ങൾ........ അവയെ ബന്ധിച്ചുനിർത്താൻ ആശിച്ചു.

പിന്നെ തൻെറ രാവുകൾക്ക് ദൈർഘ്യംകൂടി, മനസ്സിൽ ചിന്തകളുടെ ഭാണ്ഡക്കെട്ടഴിഞ്ഞു. അവസാനം തീരുമാനത്തിലെത്തി. എഴുതി–

"ബന്ധത്തിൻെറ വിലങ്ങുകൾ ഛേദിക്കാൻ, സമൂഹത്തിൻെറ മതിൽക്കെട്ടുകൾ തകർക്കാൻ എനിക്ക് കരുത്തില്ല"

സ്നേഹം നിരസിക്കപ്പെട്ടപ്പോഴുണ്ടാകുന്ന വേദന....അതു് ആ വരികൾക്ക് ജീവൻനൽകി—

"പ്രതീക്ഷകൾ നിറഞ്ഞതായിരുന്നു എൻെറ സ്നേഹം. എൻെറ സ്വപ്നങ്ങൾ കരിവളപ്പൊട്ടുകളായിരുന്നെന്നു് ഞാനറിഞ്ഞു നന്മകൾ നേരുന്നു"

സാഫല്യമടയാത്ത അഭിലാഷങ്ങളുടെ മോഹഭംഗങ്ങളുടെ ദുഃഖം തളംകെട്ടിനില്ക്കുന്ന കണ്ണുകൾ തന്നെ തളർത്തി. എന്നിട്ടും ഒരു ശിലപോലെ നിഃസ്സംഗയാവാൻ ശ്രമിച്ചു.

ഇല്ല........ഹൃദയത്തിലെ മുറിവുകളിൽനിന്നു് ചോര കിനിയുമ്പോൾ എനിക്ക് ജീവിക്കവയ്യ. സ്വയം ബന്ധിച്ചിട്ട തടവുകാരി. മനസ്സ് പലപ്പോഴും പരിസരം മറക്കുമ്പോൾ നിയന്ത്രിക്കാൻ പരാജയപ്പെടുന്നു.

മനസ്സിൻെറ ആഴങ്ങളിൽ ശിഥിലമായ ഒരു ചിത്രം!

വണ്ടിയുടെ ഇരമ്പൽ കേട്ടപ്പോൾ ഇളകിയ ജനങ്ങൾ ലക്ഷ്യത്തെത്താനുള്ള വ്യഗ്രതയാൽ ബഹളംവെയ്ക്കുന്നവർ. അവരിലൊരാളായി അലിഞ്ഞില്ലാതാവുന്നതിനു മുമ്പ് ഞാനെൻെറ തീരത്തണയട്ടെ.

**